# സർക്കുലർ

***Circular Letter No. 01/2012***
***Prot. No.11701/2011***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

ഒരു പുതിയ വർഷപ്പിറവിയ്ക്ക് കൂടി നാം സാക്ഷികളായിരിക്കുന്നു. നമ്മൾ 2012 ലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ ജനനമാണ് ക്രിസ്തുവർഷത്തിന്റെ തുടക്കത്തിന് അടിസ്ഥാനം എന്ന് നമുക്കറിയാം. പുതിയ വർഷത്തെ വരവേൽക്കുക എന്ന് പറഞ്ഞാൽ നാം ക്രിസ്തുവിന്റെ പ്രബോധനങ്ങളിലേയ്ക്ക് ഒരിക്കൽകൂടി കടക്കുന്നു എന്നാണർത്ഥം. അവിടുത്തെ പ്രബോധനങ്ങളാണ് എന്നത്തേതും പോലെ ഈ പുതിയ വർഷത്തിലും നമ്മെ നയിക്കേണ്ടത്. പുതുവർഷം നിങ്ങൾക്കേവർക്കും ദൈവാനുഗ്രഹം നിറഞ്ഞതും സമൃദ്ധിയുടേതും ആകട്ടെ എന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കടന്നു പോയ വർഷത്തിൽ വന്നുപോയ പരാജയങ്ങളിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് പുതിയ വർഷത്തിൽ നമുക്ക് മുന്നേറാം.

കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷവും രൂപതാവിദ്യാഭ്യാസ നിധിയിലേയ്ക്കുള്ള നിങ്ങളുടെ സംഭാവനകൾ അഭ്യർത്ഥിക്കാനാണ് ഈ കത്ത്. കഴിഞ്ഞ ആറ് വർഷങ്ങളായി നമ്മുടെ ഇടവകകളിൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരും 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവരുമായ അറുന്നൂറോളം കുട്ടികൾക്ക് ഓരോ വർഷവും ആളൊന്നിന് 1000 രൂപാ വച്ച് ഈ പദ്ധതിയിലൂടെ സഹായം കൊടുത്തു വരുന്നു. അതുപോലെ തന്നെ ഏതാനും കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിയ്ക്കാനും ആറ് വിദ്യാർത്ഥികൾക്ക് താമരശ്ശേരി രൂപത നടത്തുന്ന സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ ഉപരിപഠന പരിശീലനത്തിനും ഈ പദ്ധതിയിലൂടെ സഹായം ചെയ്യുന്നു. നമ്മുടെ രൂപതയിലെ സന്യാസിനീസമൂഹങ്ങളും ഇപ്രകാരം ഇരുന്നൂറിലേറെ കുട്ടികളെ സഹായിക്കുന്നുണ്ട്.

ആനുകാലികലോകത്തിൽ പുരോഗതിയുടെ അടിസ്ഥാനമായി നിലകൊള്ളുന്നത് അറിവും പഠനവും മറ്റുമാണ്. കൃഷിയിൽ ഏർപ്പെടുന്നവർക്ക് പോലും വിജയിക്കാൻ പഠനം ആവശ്യമാണ്. ഒരു പരി

ധിവരെയെങ്കിലും അറിവിന്റേയും പഠനത്തിന്റേയും പരിശീലനത്തിന്റേയും അഭാവമാണ് ഇന്നത്തെ കാർഷികപ്രതിസന്ധിയുടെ കാരണം. സാമ്പത്തിക പരാധീനതമൂലം ഒരു കുട്ടിപോലും നമ്മുടെ രൂപതയിൽ പഠിയ്ക്കാതിരിക്കരുത് എന്നതാണ് ഈ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം.

എന്നാൽ പദ്ധതിയ്ക്ക് മറ്റൊരു പ്രധാന ലക്ഷ്യം കൂടിയുണ്ട്. ഈ പദ്ധതിയുടെ ഉപഭോക്താക്കളാകുന്ന കുട്ടികൾക്ക് പ്രത്യേകമായൊരു ശ്രദ്ധകൊടുത്ത് അവർക്ക് ജീവിതത്തിൽ ഉയർന്നു വരാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക എന്നതാണത്. ഇത് നിർവ്വഹിയ്ക്കേണ്ടത് പ്രധാനമായും ഇടവകകളിൽ സേവനം ചെയ്യുന്ന സമർപ്പിതരാണ്. കാരണം ഇടവകവികാരിയച്ചന്മാർക്ക് അതിനുള്ള സമയം കിട്ടിയെന്ന് വരുകയില്ല. ചെറിയ തലമുറയ്ക്ക് സന്മാർഗ്ഗബോധമില്ലെന്നും അവർക്ക് വിശ്വാസകാര്യങ്ങളിൽ താത്പര്യമില്ല എന്നും മറ്റുമുള്ള വിലാപം നാം നിരന്തരം കേൾക്കുന്നതാണ്. അതിനുള്ള പരിഹാരം വീട്ടിൽ നിന്നാണ് തുടങ്ങേണ്ടത് എന്നത് ശരി തന്നെയാണ്. എങ്കിലും ഇടവകയിൽ സേവനം ചെയ്യുന്ന സമർപ്പിതർക്കും ഇതിൽ വലിയൊരു ഭാഗം ചെയ്യാൻ കഴിയും. പദ്ധതിയിൽ അംഗങ്ങളായ കിട്ടികളുടെ വീടുകൾ നിശ്ചിത കാലയളവിൽ സന്ദർശിക്കുക, അവരുടെ മാതാപിതാക്കൾക്കും അവർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക, തുടങ്ങിയവയെല്ലാം ചെയ്യാൻ സമർപ്പിതർക്ക് കഴിയും. അതുപോലെ തന്നെ ഈ കുട്ടികൾക്ക് ട്യൂഷൻ കൊടുക്കാനും അവധിക്കാലത്തും മറ്റും അവർക്ക് പ്രത്യേക പരിശീലനപദ്ധതികൾ ഏർപ്പെടുത്താനും കഴിയും. ഇപ്രകാരമെല്ലാം ചെയ്യാൻ ഇടവകകളിൽ സേവനം ചെയ്യുന്ന സമർപ്പിതരെ പ്രത്യേകമായി ഞാൻ ക്ഷണിക്കുന്നു. അപ്രകാരം ചെയ്യുന്ന സമർപ്പിതർ അതിനായി പരിശീലനം സിദ്ധിച്ചവരാണെങ്കിൽ ഏറെ നന്ന്. കുട്ടികളെ ദൈവികചിന്തയിൽ വളർത്താനും ഭാവിയിൽ വൈദിക-സമർപ്പിത ജീവിതങ്ങളിലേയ്ക്ക് കൈപിടിച്ച് നടത്താനും മറ്റും ഈ പ്രക്രിയ അത്യന്താപേക്ഷിതമാണ്. ഇത് സഹായധനം ലഭിയ്ക്കാത്ത കുട്ടികളുടെ കാര്യത്തിലും പ്രസക്തമാണ്.

നിങ്ങളേപ്പോലെയുള്ള ഉദാരമതികളുടെ സംഭാവനകൾ കൊണ്ടാണ് മേൽപ്പറഞ്ഞ വിദ്യാഭ്യാസസഹായനിധി രൂപീകരിക്കാൻ കഴിഞ്ഞത്. ഇടവകകളും സന്യാസസമൂഹങ്ങളും സ്ഥാപനങ്ങളും വ്യക്തികളും എല്ലാം ഈ സംരംഭത്തിൽ സജീവഭാഗഭാക്കുകളാകുന്നു എന്നത് ഏറെ ചാരിതാർത്ഥ്യമുളവാക്കുന്ന സംഗതിയാണ്. പലപ്പോഴും ഇടവകകളിലെ കുട്ടികൾ അവരുടെ ആദ്യകുർബാനവേളയിലും മറ്റും

കാര്യമായ സംഭാവനകൾ തരാറുണ്ട്. കുട്ടികൾ തങ്ങൾക്ക് കിട്ടുന്ന സമ്മാനങ്ങളിൽ ഒരു ഭാഗം ഈ നല്ല കാര്യത്തിനായി നീക്കി വയ്ക്കുന്നുണ്ട്. ഇതിനായി ബഹുമാനപ്പെട്ട വൈദികരും മാതാപിതാക്കളും അവരെ പ്രോത്സാഹിപ്പിക്കണം. ഇടവകകളിൽ നടത്തുന്ന തിരുനാൾ അവസരങ്ങളിൽ അതിന് ചെലവാക്കുന്ന തുകയുടെ ഒരു ഭാഗം വിദ്യാഭ്യാസ നിധിയിലേയ്ക്ക് തരുന്ന ഇടവകകൾ ഉണ്ട്. ഓരോ ഇടവകയും അവരുടെ തിരുനാൾ ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെങ്കിലും ഇപ്രകാരം നീക്കി വയ്ക്കണം എന്നാണെന്റെ അഭ്യർത്ഥന. നിങ്ങൾക്കത് വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. നമ്മുടെ കണ്ണിനും കാതിനും മനസ്സിനുമെല്ലാം ഇമ്പം പകരുമെങ്കിലും ദൈവത്തിന് പ്രീതികരമായിട്ടുള്ളത് നമ്മുടെ ആഘോഷങ്ങളല്ല എന്ന കാര്യം നാം വിസ്മരിക്കരുത്. പദ്ധതിയിലേയ്ക്ക് നിങ്ങൾ ഇതുവരെ ചെയ്ത സംഭാവനകളെ നന്ദിയോടെ ഓർക്കുകയും അത് നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ഒരു ചാനലായി മാറട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രൂപതാവിദ്യാഭ്യാസ സഹായനിധിയിൽ നിന്ന് സഹായം ലഭിക്കാൻ അർഹതയുള്ള കുട്ടികളെ കണ്ടെത്തി പേര് തരാനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കൈക്കാരന്മാരും ഒന്നുചേർന്ന് പരിശ്രമിക്കണം. ഒരു ഇടവകയിൽ നിന്ന് അഞ്ചിൽ കൂടുതൽ പേർക്ക് കൊടുക്കുന്നതല്ല. അതുപോലെ തന്നെ പണത്തിന്റെ ലഭ്യത കുറവാണെങ്കിൽ പേരു തരുന്ന അഞ്ചു പേർക്കും ലഭിച്ചു എന്ന് വരുകയില്ല. കഴിഞ്ഞ വർഷം സഹായധനം ലഭിച്ചവരുടെ പേരും തരാവുന്നതാണ്. അവർ പഠനത്തിൽ മികവ് പുലർത്തുന്നവരായിരിക്കണം എന്നു മാത്രം. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവരുടെ പേരുകളാണ് തരേണ്ടത്. **പേരുകൾ 2012 മാർച്ച് 30** ന് മുമ്പായി ബഹുമാനപ്പെട്ട സെക്രട്ടറിയച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്. ചില ഇടവകകളിൽ നിന്നെങ്കിലും പണത്തിന് അത്ര പ്രയാസമില്ലാത്ത കുട്ടികളുടെ പേരുകൾ തരുകയും അവർ ആ തുകയെ വിലമതിയ്ക്കാതെ വരുകയും ചെയ്യുന്ന സാഹചര്യങ്ങളും ഉണ്ടാകുന്നുണ്ട്. അങ്ങനെ വരാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധ പുലർത്തണം എന്ന് അഭ്യർത്ഥിക്കുന്നു. കാരണം സഹായം ആവശ്യമുള്ളവർ ധാരാളം പുറത്ത് നിൽക്കുന്നുണ്ടാകും.

തുക അതാത് ഇടവകകളുടെ പേരിൽ ചെക്കായിട്ടായിരിക്കും അയയ്ക്കുന്നത്. അത് കിട്ടിയാലുടൻ പള്ളിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും കണക്കിൽ വരവ് വയ്ക്കുകയും ചെയ്യണം. അതിനുശേഷം പണം രൊക്കമായി കുട്ടികളുടെ മാതാപിതാക്കളെ ആവശ്യാനുസരണം ഏൽപ്പിക്കുകയും അത് കണക്കിൽ

ചേർക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ തന്നെ പണം കിട്ടിക്കഴിയുമ്പോൾ അതോടൊപ്പമുള്ള രസീത് യഥാവിധി പൂരിപ്പിച്ച് ബഹുമാനപ്പെട്ട സെക്രട്ടറിയച്ചന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്. ചെറിയൊരു തുകയ്ക്ക് എന്തിനാണ് ഇത്രയധികം ഔദ്യോഗികത എന്ന് നിങ്ങൾക്ക് തോന്നാം. നാം കൊടുക്കുന്ന പണം പൊതുസ്വത്താണ്. അത് സുതാര്യമായി കൈകാര്യം ചെയ്യപ്പെടേണ്ടത് പദ്ധതിയുടെ വിശ്വാസ്യതയ്ക്ക് ആവശ്യമാണ്.

നിർഭാഗ്യവശാൽ കഴിഞ്ഞ വർഷങ്ങളിൽ ചില ഇടവകകളിലെങ്കിലും കിട്ടിയ ചെക്ക് വളരെ അലക്ഷ്യമായി കൈകാര്യം ചെയ്യുകയും കണക്കിൽ ചേർക്കാതിരിക്കുകയും കുട്ടികൾക്ക് അത് കൊടുക്കാതിരിക്കുകയും ചെയ്തിട്ടുണ്ട് എന്നത് ഏറെ വേദനയുളവാക്കുന്ന കാര്യമാണ്. ദയവായി അങ്ങനെ സംഭവിക്കാൻ ഇടകൊടുക്കരുത് എന്ന് ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തട്ടെ. അല്പകാര്യങ്ങളിൽ വിശ്വസ്തനായവൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും എന്ന കർത്തൃവചനം നമുക്ക് മറക്കാതിരിക്കാം.

ഈ വർഷം ജനുവരി 29 ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചുതരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടേയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2011 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ജനുവരി മാസം 22–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 02/2012***
***Prot. No.11784/2012***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഫെബ്രുവരി മാസത്തിൽ നമ്മൾ നമ്മുടെ വൈദികവിദ്യാർത്ഥികളെ അനുസ്മരിക്കാറുണ്ടല്ലോ. വൈദികവിദ്യാർത്ഥികളെ അനുസ്മരിക്കുക വഴി നാം നമ്മുടെ വൈദികരെത്തന്നെയാണ് ഓർക്കുന്നത്. കത്തോലിക്കരുടെ വിശ്വാസജീവിതം ആദ്യന്തം വൈദികനുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന അവർ വഴിയാണ് നമ്മുടെ വിശ്വാസജീവിതം ഫലമണിയുന്നത്.

നിങ്ങൾക്കറിയാവുന്നതുപോലെ വൈദികജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവരുടെ എണ്ണം ഇന്ന് വളരെയധികം കുറഞ്ഞിരിക്കുന്നു. ആ ജീവിതത്തിലേയ്ക്ക് മക്കളെ പറഞ്ഞയയ്ക്കുന്നതിൽ പല മാതാപിതാക്കളും മടിക്കുകയും ചെയ്യുന്നു. കാരണങ്ങൾ പലതാകാം. ഇന്ന് പൊതുവേ മക്കളെ പഠിപ്പിച്ച് ഏതെങ്കിലും ഉദ്യോഗത്തിൽ ആക്കണം എന്നുള്ളതാണ് ഏറിയ പങ്കും മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണല്ലോ വലിയ തുകകൾ മുടക്കി അവരെ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പഠിപ്പിക്കണം എന്നവർ ആഗ്രഹിക്കുന്നത്. എന്നാൽ മിടുക്കരായ കുട്ടികളെ വൈദികപരിശീലനത്തിനായി മാതാപിതാക്കൾ പ്രോത്സാഹിപ്പിച്ച് വിടുന്നില്ലെങ്കിൽ ഇന്ന് യൂറോപ്പിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ ഇവിടേയും പുരോഹിത സാന്നിദ്ധ്യം വിരളമായ ഒന്നായിത്തീരും. അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

സ്കൂൾവർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസിൽ പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിലേയ്ക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി

പത്താം ക്ലാസ് പരീക്ഷ തീരാൻ കാത്തിരിയ്ക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം: Rev. Fr. Thomas Kachirayil, Mount Mary College, P.B. No. 1, Mananthavady 670 645, നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ : 9446892434. അപേക്ഷകൾ വെള്ളക്കടലാസ്സിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതിവിടെ കിട്ടിക്കഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചുകഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും നിങ്ങൾ പങ്കെടുക്കണം. ഏതെങ്കിലും സന്യാസ സമൂഹത്തിൽ ചേരാൻ ഉദ്ദേശിക്കുന്നവരും ഈ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം.

പ്ലസ് ടു ഉൾപ്പെടെ മൂന്നു വർഷം മൈനർ സെമിനാരി, അതിനുശേഷം മൂന്നു വർഷം മേജർ സെമിനാരിയിൽ തത്വശാസ്ത്രപഠനം, പിന്നെ രണ്ട് വർഷം പുറത്ത് പോയി പഠിച്ച് ബിരുദാനന്തരബിരുദം, അതിനുശേഷം നാല് വർഷം ദൈവശാസ്ത്രപഠനം എന്നിങ്ങനെയായിരുന്നു ഇതുവരെ നമ്മുടെ രൂപതയിലെ വൈദികപരിശീലന പദ്ധതി. എന്നാൽ അടുത്ത സ്കൂൾ വർഷം മുതൽ ഇതിൽ ചില മാറ്റങ്ങൾ വരുത്താൻ നമ്മൾ നിർബന്ധിതരായിരിക്കുകയാണ്. കാരണം 2015 ൽ ആരംഭിക്കുന്ന സ്കൂൾ വർഷം മുതൽ ബി.എ., ബി.എസ്സി. പോലെയുള്ള ബിരുദങ്ങൾ പാസ്സായവരെ മാത്രമേ തത്വശാസ്ത്ര പഠനത്തിനായി മേജർ സെമിനാരികളിൽ സ്വീകരിക്കുകയുള്ളൂ. അതിനാൽ നമ്മുടെ വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരി പഠനത്തിന് ശേഷം ഡിഗ്രി കൂടി പാസ്സായ ശേഷമേ ഇനി മുതൽ മേജർ സെമിനാരിയിലേയ്ക്ക് പോകുകയുള്ളു.

പുതിയ രീതി വരുന്നതോടെ മൂന്ന് വർഷത്തേയ്ക്ക് കൂടി കുട്ടികളെ താമസിപ്പിക്കാനുള്ള സ്ഥലവും അവർക്കുള്ള ചെലവിനുള്ള പണവും കണ്ടെത്തണം. എന്നാൽ അത്രയും പേരേകൂടി താമസിപ്പിക്കാനുള്ള സൗകര്യം നമ്മുടെ രൂപതാ മൈനർ സെമിനാരിയ്ക്കില്ല. ഇനിയൊരു പുതിയ നിർമ്മാണം അതിനു വേണ്ടി നടത്തുക എന്നത് പ്രായോഗികവും അല്ല. അതിനാൽ സൗകര്യങ്ങളുള്ള ചില ഇടവകകളിൽ അവരെ നിർത്തി ഡിഗ്രി പഠനത്തിന് അവസരം ഒരുക്കുക എന്നതാണ്

തീരുമാനം. അങ്ങനെ ചെയ്യുന്നതുകൊണ്ട് പല മെച്ചവുമുണ്ട്. വൈദിക വിദ്യാർത്ഥികൾക്ക് ഇടവകയുമായും അവിടുത്തെ ജീവിതവുമായും നേരിൽ കണ്ട് മനസ്സിലാക്കാനും മെച്ചപ്പെട്ട തീരുമാനം എടുക്കാനും കഴിയും. അതുപോലെ തന്നെ അവർക്ക് ഇടവകയിൽ സഹായിക്കുക വഴി അജപാലനപരിചയം ലഭ്യമാകുകയും ചെയ്യും.

ഡിഗ്രി പഠനത്തിന് ശേഷമേ കുട്ടികളെ മേജർ സെമിനാരിയിൽ സ്വീകരിക്കുകയുള്ളൂ എന്ന് പറയാൻ ചില കാരണങ്ങളുണ്ട്. ഇന്നത്തെ കുടുംബസാഹചര്യങ്ങൾ നമ്മുടെ കുട്ടികളുടെ മാനസികവും വൈകാരികവുമായ വളർച്ചയെ ഒട്ടും തന്നെ സഹായിക്കുന്നില്ല എന്നതൊരു വസ്തുതയാണ്. അതുകൊണ്ട് തത്വശാസ്ത്ര പഠനത്തിന് അവർ ചെല്ലുമ്പോൾ ആവശ്യമായ പക്വത പ്രാപിക്കുന്നില്ല എന്ന് പൊതുവേ അനുഭവം പഠിപ്പിക്കുന്നു. മൂന്ന് വർഷം മൈനർ സെമിനാരിയിൽ നിന്നതിന് ശേഷവും അതവർക്ക് കരഗതമാകുന്നില്ല. മേജർ സെമിനാരിയിൽ ചെന്നാൽ അതിന് സാദ്ധ്യതയും കുറവാണ്. തത്ഫലമായി വൈദികരായി പുറത്ത് വരുന്നവർ ഇടവകകളിലെ സാഹചര്യങ്ങളെ നേരിടാൻ പ്രാപ്തരാകുന്നില്ല. മാത്രമല്ല ഇന്നത്തെ സാഹചര്യങ്ങളിൽ വൈദിക ജീവിതം ഏറെ ഭാരമേറിയതായി അനുഭവപ്പെടുകയും ചെയ്യുന്നു. അതിനാൽ പക്വതയോടെ തീരുമാനങ്ങൾ എടുക്കാൻ അവർക്ക് സാഹചര്യം ഉണ്ടാക്കി കൊടുത്തേ മതിയാകൂ. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള ഇന്നത്തെ അണുകുടുംബങ്ങളിൽ മുമ്പ് വലിയ കുടുംബങ്ങളിൽ കുട്ടികൾക്ക് കിട്ടിയിരുന്നതുപോലെയുള്ള ജീവിതപരിശീലനവും മൂല്യബോധവും കിട്ടുന്നില്ല എന്നത് ഒരു വസ്തുതയാണ്. കുടുംബങ്ങളിൽ നിന്ന് കിട്ടാതെ അത് സെമിനാരിയിൽ പറഞ്ഞുകൊടുത്തതുകൊണ്ട് മാത്രം അവർ സ്വീകരിക്കുകയുമില്ല. ജീവിതയാഥാർത്ഥ്യങ്ങളെ നേരിൽ കണ്ട് അവ അനുഭവിക്കുമ്പോൾ മാത്രമാണ് അതവർ ഉൾക്കൊള്ളുന്നത്. അതിനവരെ പ്രാപ്തരാക്കാനുള്ള ഒരു അവസരമായിട്ടാണ് പുറത്തുള്ള താമസത്തെയും പഠനത്തെയും വിഭാവനം ചെയ്തിരിക്കുന്നത്.

ഇടവകകളിൽ നിന്നുകൊണ്ട് കുട്ടികൾ പ്രൈവറ്റായോ അല്ലെങ്കിൽ പ്രൈവറ്റ് കോളേജുകളിൽ ചേർന്നോ ഡിഗ്രി പഠനം പൂർത്തിയാക്കുക എന്നതാണ് ഇപ്പോഴത്തെ തീരുമാനം. കാരണം എല്ലാവർക്കും നമ്മുടെ കോളേജിൽ പ്രവേശനം കിട്ടാനുള്ള സാധ്യത ഇല്ല.

നമ്മുടെ രൂപതയ്ക്കായി ഈ വർഷം 36 മൈനർ സെമിനാരിക്കാരും 51 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 16

പേർ തങ്ങളുടെ ബിരുദാനന്തരബിരുദ പഠനവും നടത്തുന്നുണ്ട്. അവരിൽ 8 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്രപഠനത്തിനായി ഒരുങ്ങുന്നുണ്ട്. ഈ വർഷം മൈനർ സെമിനാരിയിൽ നിന്ന് ബിരുദ പഠനത്തിന് 6 പേരാണ് പോകാനുള്ളത്.

മുൻകാലങ്ങളിൽ സെമിനാരിയിലെ ചെലവുകൾ വഹിച്ചിരുന്നത് ചില വിദേശ ഏജൻസികളുടെ സഹായത്താലായിരുന്നു. എന്നാൽ ആഗോളസാമ്പത്തികമാന്ദ്യവും മറ്റും മൂലം ഈ ഏജൻസികൾക്ക് കിട്ടുന്ന സംഭാവനകൾ വളരെയേറെ കുറഞ്ഞു പോയി. അതിനാൽ അവർ തരുന്ന തുക കൊണ്ട് മാത്രം കുട്ടികളുടെ ചെലവുകൾ നടക്കുകയില്ല. പ്രാദേശികമായി നാം പണം കണ്ടെത്തിയേ മതിയാകൂ. മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് ഏകദേശം 30,000 രൂപായും മേജർ സെമിനാരിയിൽ ഏകദേശം 25,000 രൂപായും ചെലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം 23,55,000 രൂപായാണ്. ഏതാനും വ്യക്തികളും ഇടവകകളും ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട് നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

പല വേദികളിലും ഇക്കാര്യം നമ്മൾ ചർച്ച ചെയ്തു കഴിഞ്ഞു. വൈദികവിദ്യാർത്ഥികളുടെ പരിശീലനച്ചെലവ് ഇടവകകൾ പങ്കുവയ്ക്കുക എന്ന ആശയത്തിലാണ് ഒടുവിൽ നാം എത്തിച്ചേർന്നിരിക്കുന്നത്. ചില ഇടവകകൾ ഇപ്പോൾ തന്നെ ഒരു കുട്ടിയ്ക്ക് ആവശ്യമായ തുക സമാഹരിച്ച് ഓരോ വർഷവും തരുന്നുണ്ട്. അങ്ങനെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തുക കിട്ടത്തക്കവിധം എല്ലാ ഇടവകകളും സംഭാവന ചെയ്തെങ്കിലേ ചിലവുകൾ നടത്താൻ കഴിയുകയുള്ളൂ.

ഏതാനും വർഷമായി നാം ഒരു പൊതുസംഭാവന സമാഹരണം നടത്തുന്നുണ്ടല്ലോ. ഈ വർഷം അത് ഫെബ്രുവരി മാസം 26-ന് ആണ് നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യണം

എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ ചാലുകളാകും എന്നത് നിസ്സംശയമാണ്. നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും വലിയ അനുഗ്രഹങ്ങൾ അതുവഴി ലഭ്യമാകും. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2012 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ഫെബ്രുവരി മാസം 19–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം

**_Pastoral Letter No. 01/2012_**
**_Prot. No. 11870/2012_**

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും അടയാളമായി നെറ്റിയിൽ കരി പൂശിക്കൊണ്ടാണ് നാം നോമ്പാരംഭിച്ചത്. പശ്ചാത്താപത്തിന്റെ അടയാളമായി ചാക്കുടുത്ത് ചാരം പൂശുന്ന പഴയനിയമ പശ്ചാത്തലമാണ് ഇതിനുള്ളത്. നോമ്പിന്റെ അവസരത്തിൽ ആഡംഭരങ്ങളും അവയുടെ ഭാഗമായ സദ്യകളും ഉപേക്ഷിക്കുന്നതിന്റെ പ്രതീകമായി നോമ്പാരംഭത്തിന്റെ തലേ ദിവസം പേത്തൂർത്തായും നമ്മൾ ആചരിച്ചു. *(തീർക്കുക, അവസാനിപ്പിക്കുക, തിരികെപ്പോകുക, കടന്നുപോകുക തുടങ്ങിയ അർത്ഥം വരുന്ന ഫത്തൂർ എന്ന സുറിയാനി വാക്കിൽനിന്നാണ് പേത്തൂർത്താ ഈ പ്രയോഗം ഉത്ഭവിച്ചതെന്ന് പറയപ്പെടുന്നു)* പാശ്ചാത്യരാജ്യങ്ങളിലും അവയുടെ സ്വാധീനമുള്ള സ്ഥലങ്ങളിലും ഇതേ സ്ഥാനത്ത് കാർണിവൽ ആചരിയ്ക്കുന്നു. വീട്ടിൽ മിച്ചമുള്ള മത്സ്യമാംസാഹാരങ്ങൾ ഭക്ഷിച്ച് തീർത്ത് അവയോട് വിടചൊല്ലുക എന്ന അർത്ഥത്തിലാണ് കാർണിവൽ എന്ന് പറയുന്നത്. നിർഭാഗ്യവശാൽ അർത്ഥം മനസ്സിലാക്കാതെ ഇന്നതിനെ കച്ചവടസാദ്ധ്യതയുള്ള വലിയൊരു ആഘോഷമാക്കി പല സ്ഥലത്തും മാറ്റിയിട്ടുണ്ട്. ആദ്ധ്യാത്മിക രംഗം നാമറിയാതെ ഭൗതികവത്ക്കരിക്കപ്പെടുന്നതിന്റെ ഉദാഹരണം കൂടിയാണത്.

ഭക്ഷണത്തിൽ നിയന്ത്രണം പാലിക്കുന്നതും ഏറെപ്പേർക്കും പ്രിയപ്പെട്ട മത്സ്യവും മാംസവും ഉപേക്ഷിക്കുന്നതും പരിഹാരം ചെയ്യുന്നതോടൊപ്പം മനസ്സിനേയും ശരീരത്തേയും മെരുക്കിയെടുക്കാൻ കൂടി

ഉദ്ദേശിച്ചിട്ടുള്ളതാണ്. നമുക്കിഷ്ടപ്പെട്ട പലതും വേണ്ടെന്ന് വയ്ക്കുന്നതോടൊപ്പം ദൈവത്തോട് കൂടുതൽ അടുക്കുന്നതിന്റെ സൂചകമായി പ്രാർത്ഥനയിലും പരിഹാരപ്രവർത്തികളിലും നാം നോമ്പുകാലത്ത് കൂടുതൽ സമയം ചെലവഴിക്കുകയും ചെയ്യുന്നു. തീർത്ഥാടനങ്ങളും ദാനധർമ്മങ്ങളും എല്ലാം ഇപ്രകാരം ദൈവത്തോട് അടുക്കാനുള്ള ഉപാധികൾ തന്നെ. കുറച്ച് കാലത്തേയ്ക്ക് ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം പാലിക്കുക എന്നത് മാത്രമല്ല ഉപവാസത്തിന്റേയും മാംസവർജ്ജനത്തിന്റേയും ഉദ്ദേശ്യം. മറ്റുള്ളവരുമായി നമ്മുക്കുള്ളത് പങ്കുവയ്ക്കാൻ നമുക്ക് കഴിയുമെന്നും അങ്ങനെ കഴിയണമെങ്കിൽ നാം കുറച്ചെങ്കിലും സഹിക്കണം എന്നും കൂടി ഈ പ്രവൃത്തികൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. എത്ര പണവും സമ്പത്തും കിട്ടിയാലും മറ്റുള്ളവരുമായി പങ്കു വയ്ക്കുവാൻ തികഞ്ഞെന്ന് വരില്ല. എന്നാൽ നമ്മൾ അല്പമൊന്ന് സഹിക്കാൻ തയ്യാറായാൽ അതിന് യാതൊരു വിഷമവും ഉണ്ടാവുകയില്ലതാനും. ശരീരത്തിന് ആവശ്യമില്ലാത്തത് എന്ന് മാത്രമല്ല ഹാനികരവും കൂടിയായ മദ്യം വേണ്ട എന്ന് വച്ചാൽ എത്രയോ പേരെ സഹായിക്കാൻ പലർക്കും കഴിയും. അതിന് വേണ്ടത് ഈശോയുടേതുപോലെയുള്ള ഒരു മനസ്സാണ്. ആ മനസ്സ് സ്വായത്തമാക്കുമ്പോഴാണ് നമ്മൾ അവിടുത്തെ പീഢാനുഭവത്തിൽ പങ്കു ചേർന്നു എന്ന് പറയാൻ കഴിയുക. അതിനുള്ള ഒരു ശ്രമമാണ് കുരിശിന്റെ വഴി. ഏറെ ദൂരം നടന്നും വലിയ മരക്കുരിശ് ചുമന്നും തീർത്ഥാടനങ്ങൾക്ക് പോകാൻ നമുക്ക് അത്ര വിഷമം ഉണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ആ നടപ്പിനേയും കുരിശിനേയും നമ്മുടെ അനുദിനജീവിതത്തിലെ പ്രതിസന്ധികളും പരസ്പരബന്ധങ്ങളിലുള്ള വിള്ളലുകളും മറ്റും ആയി കാണുമ്പോൾ നമ്മൾ വീണുപോകുന്ന കാഴ്ചയാണ് കാണുന്നത്.

നമ്മുടെ ആരാധനാക്രമവർഷം തിരിച്ചിരിക്കുന്നത് കർത്താവിന്റെ ജീവിതത്തിലെ വിവിധഘട്ടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് എന്ന് നിങ്ങൾക്കറിയാമല്ലോ. മംഗളവാർത്താകാലത്ത് ആരംഭിച്ച് പള്ളിക്കൂദാശാകാലത്താണ് അത് അവസാനിക്കുന്നത്. കർത്താവിനോടൊപ്പം അവിടുത്തെ ജീവിതത്തിലൂടെ കടന്ന് അവസാനം രണ്ടാമത്തെ വരവിൽ അവിടുത്തോടൊത്ത് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സന്തോഷത്തോടെ നാം എത്തിച്ചേരുന്നതിന്റെ ഓർമ്മയാണ് ആരാധനാക്രമവർഷത്തിലൂടെ നാം ആചരിക്കുന്നത്. അവിടെ എത്തിച്ചേരണമെങ്കിൽ നാം അവിടുത്തോടൊത്ത് അവിടുത്തെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുക തന്നെ വേണം. എങ്കിലേ നമുക്ക് ഉയിർപ്പിൽ അഥവാ നിത്യജീവനിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. അതാണ്

ക്രൈസ്തവ ജീവിതം. എന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യാത്തവന് നിത്യജീവനില്ല (യോഹ. 6:53) എന്ന് ഈശോ പറഞ്ഞപ്പോൾ ഈ വചനം കഠിനമാണ് (യോഹ. 6:60) എന്ന് പറഞ്ഞ് കുറേ ശിഷ്യന്മാർ ഈശോയെ വിട്ടു പോയതിന്റെ കാരണം മറ്റൊന്നല്ല. ഈശോയുടെ ശരീരവും രക്തവും ഉൾക്കൊള്ളുന്നവർ ഈശോയേപ്പോലെ ആയിത്തീരാതെ പറ്റില്ല. തന്നെ പ്രഹരിച്ചവരോടും കുരിശിൽ തറച്ചവരോടും തന്നെ അവഹേളിച്ചവരോടും എല്ലാം ഉപാധി കളില്ലാതെ ക്ഷമിച്ച ഈശോയുടെ മനസ്സ് ഉൾക്കൊള്ളാൻ അത്ര എളു പ്പമല്ലല്ലോ. പക്ഷേ ജീവിതത്തിൽ സന്തോഷവും സമാധാനവും കണ്ടെ ത്താൻ നാം കൊടുക്കേണ്ട വിലയാണ് ഇത്. നശ്വരങ്ങളായ ഭൗതിക വസ്തുക്കൾ കുറേ കാലത്തേയ്ക്ക് നമുക്ക് സന്തോഷവും സമാധാനവും തന്നെന്ന് വരും. എന്നാൽ അത് ശാശ്വതമായിരിക്കുകയില്ല.

കർത്താവിന്റെ ജീവിതഘട്ടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് അവിടുത്തെ പീഢാനുഭവവും കുരിശുമരണവും ഉത്ഥാനവും. ഇവ യെല്ലാം കൂടിച്ചേർന്ന് കർത്താവിന്റെ പെസഹാരഹസ്യങ്ങൾ എന്നറിയ പ്പെടുന്നു. ഈ പെസഹാരഹസ്യങ്ങളുടെ ഓർമ്മയാചരണമാണ് നോമ്പു കാലത്തും അതിന്റെ അവസാനം വരുന്ന വലിയ ആഴ്ചയിലും നമ്മൾ നടത്തുന്നത്. മനുഷ്യജീവിതം ഈ ലോകം കൊണ്ട് അവസാനിക്കു ന്നില്ല എന്നും അതിനപ്പുറം മറ്റൊരു ജീവിതമുണ്ട് എന്നും ഈ സംഭവ ങ്ങൾ നമുക്ക് ഉറപ്പ് തരുന്നു. അതുപോലെ തന്നെ കഷ്ടതകളും മരണവും ഒന്നും ജീവിതത്തിന്റെ അന്ത്യമല്ല എന്നും മഹത്വപൂർണ്ണമായ ഒരു ജീവിതം നമ്മെ കാത്തിരിപ്പുണ്ട് എന്നും ഈ ആചരണങ്ങൾ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. ആ പ്രത്യാശയാണ് ഏതു പ്രതിസന്ധി കൾക്ക് നടുവിലൂടെയും സമചിത്തരായി നടന്നുപോകാൻ നമുക്ക് ശക്തി നൽകുന്നത്. ഈ പ്രത്യാശയാണ് നോമ്പിന്റേയും ഉയിർപ്പിന്റേയും സന്ദേശം. അതിൽ നിന്നുളവാകുന്ന സന്തോഷവും സമാധാനവുമാണ് ഉയിർപ്പിന്റെ സന്തോഷവും സമാധാനവും. അത് സ്വന്തമാക്കാൻ ഒരു ങ്ങുന്ന കാലഘട്ടമാണ് നോമ്പുകാലം.

ശരീരത്തിന്റെ ഉയിർപ്പ് മരണശേഷം മാത്രമാണെങ്കിലും ഉയിർപ്പിന്റെ ജീവിതത്തിൽ ലഭ്യമാകുന്ന ദൈവത്തോടൊത്തുള്ള ജീവി തത്തിലെ സന്തോഷവും സംതൃപ്തിയും സുരക്ഷിതത്വവും എല്ലാം നമുക്ക് ഈ ലോകത്തിൽ തന്നെ അനുഭവിക്കാൻ കഴിയും. അതിന് നാം കർത്താവിനേപ്പോലെ കഷ്ടപ്പാടിലൂടെയും കുരിശുമരണത്തിലൂ ടെയും കടന്നുപോകണം. മറ്റ് വാക്കുകളിൽ ഈ ലോകത്തിലെ കഷ്ട പ്പാടുകൾ സന്തോഷം അനുഭവിക്കാൻ നമുക്ക് വിലങ്ങു തടികൾ അല്ല.

അങ്ങനെ ആകുകയും അരുത്. ശാരീരികമായി മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന എത്രയോ പേർ വളരെ സന്തോഷത്തോടെ ജീവിക്കുന്നു! അതിനവരെ പ്രേരിപ്പിക്കുന്നത് ഉത്ഥാനത്തിലുള്ള പ്രത്യാശയാണ്.

നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കഷ്ടപ്പാടുകൾ ഉണ്ടായിക്കൊണ്ടേയിരിക്കും. അവയ്ക്കെതിരേ പിറുപിറുത്തതുകൊണ്ടോ അവയ്ക്ക് കാരണമാകുന്നവരെ ശപിച്ചതുകൊണ്ടോ ഒന്നും പ്രയോജനമില്ല. അവയെ എല്ലാം രക്ഷാകരമായി മാറ്റിയെടുക്കുക എന്നതാണ് പ്രധാനം. ഇവയോടുള്ള നമ്മുടെ മനോഭാവമാണ് അവയെ അപ്രകാരമാക്കുന്നത്. നമ്മെ ഉപദ്രവിക്കുന്ന വ്യക്തികളോടും നമുക്ക് അനിഷ്ടം ഉണ്ടാക്കുന്ന കാര്യങ്ങളോടും എപ്രകാരം പ്രതികരിക്കണം എന്ന് തീരുമാനിക്കുന്നത് നമ്മൾ ഓരോരുത്തരുമാണ്. ആ തീരുമാനങ്ങളാണ് അവയെ പ്രയാസമുള്ളവയോ എളുപ്പമുള്ളവയോ ആക്കുന്നത്. അതുകൊണ്ടാണല്ലോ ഒരേ കാര്യം തന്നെ പലർക്കും പലതരത്തിൽ അനുഭവപ്പെടുന്നത്. ഒരാൾക്ക് വിഷമമുണ്ടാക്കിയ ഒരു പ്രസ്താവന മറ്റൊരാൾക്ക് അങ്ങനെ ആകണമെന്നില്ല. തനിയ്ക്ക് വിഷമമുണ്ടാകേണ്ട കാര്യമില്ല എന്ന് അയാൾ തന്നെ തീരുമാനിക്കുന്നു.

ഇത്തരുണത്തിൽ ഇന്ത്യയുടെ മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ ശ്രീ. നവീൻ ചൗളയോട് വാഴ്ത്തപ്പെട്ട മദർ തെരേസാ പറഞ്ഞ ഒരു കാര്യം നമുക്ക് പ്രചോദനം നൽകുന്നതാണ്. കഴിഞ്ഞ ഫെബ്രുവരി ആദ്യവാരം ബാംഗ്ലൂരിൽ വച്ച് നടന്ന അഖിലേന്ത്യാ കത്തോലിക്കാമെത്രാൻ സമിതിയുടെ സമ്മേളനത്തിൽ അദ്ദേഹം തന്നെ പറഞ്ഞതാണ് ഇക്കാര്യം. മദറിനെ ഏറെ അടുത്ത് അറിയുകയും അവരുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും മദറിന്റെ ജീവചരിത്രം എഴുതുകയും മറ്റും ചെയ്ത മാന്യവ്യക്തിയാണ് അക്രൈസ്തവനായ ശ്രീ. ചൗള. മദർ ചെയ്യുന്ന സേവനങ്ങൾ തനിക്ക് ചെയ്യാൻ കഴിയില്ല എന്ന് പറഞ്ഞ അദ്ദേഹത്തോട് മദർ പ്രത്യുത്തരിച്ചത് ഇപ്രകാരമാണ്. Stop being afraid of getting humiliated and you will be able to understand why I am able to do the services that I am doing. (അവഹേളിക്കപ്പെടും അഥവാ ചെറുതാക്കപ്പെടും എന്ന ഭയത്തെ ഇല്ലായ്മ ചെയ്യുക. അപ്പോൾ ഞാൻ ചെയ്യുന്ന കാര്യങ്ങൾ ചെയ്യാൻ എനിയ്ക്കെങ്ങനെ കഴിയുന്നു എന്ന് താങ്കൾക്ക് മനസ്സിലാകും). അദ്ദേഹം മദറിന്റെ ഉപദേശം സ്വീകരിച്ചു എന്നതിന് അപ്പോൾ തന്നെ അദ്ദേഹം തെളിവ് തരുകയും ചെയ്തു. അത്രയും ഉയർന്ന ഉദ്യോഗത്തിൽ നിന്ന് വിരമിച്ചയാളാണെങ്കിലും അദ്ദേഹത്തിന് കൊടുത്ത ഷാൾ ബാഗ്ലൂരിൽ തന്നെയുള്ള മിഷണറീസ് ഓഫ് ചാരിറ്റി മഠത്തിന് സംഭാവനയായി കൊണ്ടുപോയി കൊടുക്കും എന്നും

മറ്റാർക്കെങ്കിലും അപ്രകാരം ഷാൾ സംഭാവന ചെയ്യാൻ താത്പര്യമുണ്ടെങ്കിൽ അതും താൻ തന്നെ വാങ്ങി കൊണ്ടുപോയി കൊടുക്കാം എന്നും അദ്ദേഹം പറഞ്ഞു. ഉടൻ തന്നെ സ്റ്റേജിൽ ഉണ്ടായിരുന്ന മറ്റൊരു വിശിഷ്ടാതിഥിയും തനിക്ക് കിട്ടിയ ഷാൾ അദ്ദേഹത്തെ ഏൽപ്പിച്ചു. തന്റെ സ്ഥാനത്തിന് കുറച്ചിലാണ് അവിടെയുള്ളവരുടെ സംഭാവനകൾ വാങ്ങി കൊണ്ടുപോയി മദർ തെരേസയുടെ മഠത്തിൽ ജീവിക്കുന്ന അവശർക്കും ആലംബഹീനർക്കും കൊടുക്കുക എന്ന് ശ്രീ. ചൗള ചിന്തിച്ചില്ല. അതുകൊണ്ട് തന്നെ മദർ തെരേസായെപ്പോലെ ആയിത്തീരാൻ അദ്ദേഹത്തിന് പ്രയാസം ഉണ്ടായതുമില്ല. അവഹേളനത്തിന്റെ ഏറ്റവും വലിയ പ്രതീകമായിരുന്ന കുരിശിനെ രക്ഷയുടെ അടയാളമായി ഈശോ മാറ്റിയതുപോലെ തന്നെ.

നോമ്പും ഉപവാസവും പ്രായശ്ചിത്തപ്രവൃത്തികളും പ്രാർത്ഥനകളും തീർത്ഥാടനങ്ങളും എല്ലാം നമ്മെ ഒരു മന:പരിവർത്തനത്തിലേയ്ക്കാണ് നയിക്കേണ്ടത്. മാറ്റം നമ്മിൽ ഓരോരുത്തരിലുമാണ് ഉണ്ടാകേണ്ടത്. നമ്മൾ മാറുമ്പോൾ നമ്മുടെ ചുറ്റുപാടുകൾ തനിയേ മാറിക്കൊള്ളും. അഴിമതിയും അക്രമവും അസമാധനവും പരസ്പരസ്പർദ്ധയും സ്വാർത്ഥതയും അതിലേറെ നിർമ്മതത്വവും ദൈവവിശ്വാസമില്ലായ്മയും എല്ലാം കൊടികുത്തി വാഴുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മളിൽ പലരും ഈ അവസ്ഥയ്ക്ക് ഒരു പരിധി വരെയെങ്കിലും കാരണക്കാരാണ് എന്നതും വസ്തുതയാണ്. ഈ ലോകത്തിന് ഗുണപരമായ ഒരു മാറ്റം ഉണ്ടാക്കാൻ ക്രൈസ്തവർക്ക് കടമയുണ്ട്. മറ്റ് വാക്കുകളിൽ പറഞ്ഞാൽ ലോകത്തെ, മനുഷ്യകുലത്തെ മുഴുവൻ രക്ഷിക്കാൻ വന്ന ഈശോമിശിഹായുടെ രക്ഷാകരദൗത്യം ഇന്ന് നടക്കുന്നതും നടക്കേണ്ടതും നമ്മളിലൂടെയാണ്. നമ്മൾ ഈ ലോകത്തിന് അനുരൂപപ്പെടേണ്ടവരല്ല. നമ്മുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടേണ്ടത് ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുമല്ല. വൈദികരുടേയും സമർപ്പിതരുടേയും അത്മായരുടേയും ചുരുക്കത്തിൽ ദൈവജനം മുഴുവന്റേയും കൂട്ടായ പരിശ്രമം ഇവിടെ ആവശ്യമാണ്.

ശ്ലീഹന്മാരുടെ വചനപ്രഘോഷണം ശ്രവിച്ചവരെപ്പറ്റി നാം നടപടി പുസ്തകത്തിൽ ഇപ്രകാരം വായിക്കുന്നു. *ഇത് കേട്ടപ്പോൾ അവർ ഹൃദയം നുറുങ്ങി പത്രോസിനോടും മറ്റ് അപ്പസ്തോലന്മാരോടും ചോദിച്ചു: സഹോദരന്മാരേ, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? പത്രോസ് പറഞ്ഞു: നിങ്ങൾ പശ്ചാത്തപിക്കുവിൻ.* (നടപടി 2: 37). ഈ പശ്ചാത്താപം തന്നെയാണ് നമുക്കും ആവശ്യം. ഹൃദയം നുറുങ്ങിയ അവ

സ്ഥയിൽ മാത്രമേ അതുണ്ടാകുകയുള്ളു. നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ അവസ്ഥയിൽ നമ്മുടെ ഹൃദയം നുറുങ്ങണം. ആ അവസ്ഥയിൽ നമുക്കുള്ള പങ്കിനെ ഓർത്ത് നമുക്ക് പശ്ചാത്താപം ഉണ്ടാകണം. അപ്പോൾ നമ്മളിലും നമുക്ക് ചുറ്റുമുള്ളവരിലും മാറ്റങ്ങൾ ഉണ്ടാക്കാൻ പ്രേരണയുണ്ടാകും. ഈ നോമ്പുകാലം കേവലം മതാത്മകതയിൽ അവസാനിയ്ക്കാതെ യഥാർത്ഥമായ ആദ്ധ്യാത്മികതയിൽ നമ്മെ എത്തിക്കട്ടെ. അങ്ങനെ കർത്താവ് പൂർത്തീകരിച്ച രക്ഷാകരദൗത്യം നമ്മളിലൂടെ ഇന്നുള്ളവർക്കും അനുഭവവേദ്യമാകട്ടെ. അത് നാം നിർവ്വഹിക്കുമ്പോൾ നമ്മുടെ നോമ്പുകാലം സാർത്ഥകമാകും. അങ്ങനെ കിട്ടുന്ന സന്തോഷമാണ് ഈ ലോകത്തിൽ ഉയിർപ്പിന്റെ സന്തോഷം. അതിനുള്ള ശക്തി ഈ നോമ്പുകാലത്തിലൂടെ നമുക്ക് സംഭരിക്കാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഫെബ്രുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2012 മാർച്ച് മാസം 11-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 03/2012***
***Prot. No.11991/2012***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

നമ്മുടെ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് ഈ വരുന്ന മേയ് 2 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ നമ്മുടെ രൂപതയിൽ അജപാലനസന്ദർശനം നടത്തുകയാണ്. സഭയുടെ തലവനും പിതാവുമായ അദ്ദേഹത്തിനു വേണ്ടി നാം എന്നും പ്രാർത്ഥിക്കാറുണ്ടെങ്കിലും ഏറെപ്പേരും അദ്ദേഹത്തെ നേരിൽ കണ്ടിട്ടുണ്ടാകുകയില്ല. അതിനുള്ള അവസരമാണ് അദ്ദേഹം നമുക്ക് തരുന്നത്. അഭിവന്ദ്യ ആലഞ്ചേരിപ്പിതാവ് ഈ മേൽപ്പട്ടശുശ്രൂഷ ഏറ്റെടുത്തശേഷം ആദ്യമായാണ് നമ്മുടെ രൂപത സന്ദർശിക്കുന്നത്. ഇത്തരുണത്തിൽ നമ്മുടെ സന്തോഷം വളരെ വലുതാണ്. അദ്ദേഹത്തെ സ്നേഹാദരവുകളോടെ സ്വീകരിയ്ക്കാൻ നമുക്ക് ഒരുങ്ങാം.

കത്തോലിക്കാസഭയിൽ വ്യത്യസ്ത റീത്തുകൾ ഉള്ള കാര്യം നമുക്കറിവുള്ളതാണല്ലോ. പാശ്ചാത്യവും പൗരസ്ത്യവുമായ റീത്തുകളുണ്ട്. ഭാരതത്തിൽ തന്നെയുള്ള ലത്തീൻ റീത്ത് പാശ്ചാത്യറീത്തും സീറോ മലബാർ-മലങ്കര റീത്തുകൾ പൗരസ്ത്യറീത്തുകളുമാണ്. പൗരസ്ത്യ റീത്തുകളിൽ പെടുന്ന സഭകളിൽ പാത്രിയാർക്കീസുമാർ, മേജർ ആർച്ച്ബിഷപ്പുമാർ എന്നിങ്ങനെ അറിയപ്പെടുന്ന തലവന്മാരും അതാത് സഭകളിലെ എല്ലാ മെത്രാന്മാരും ഉൾപ്പെടുന്ന സിനഡും ഉണ്ടായിരിക്കും. എന്നാൽ ലത്തീൻ സഭയാകട്ടെ പരിശുദ്ധപിതാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. പരിശുദ്ധപിതാവുമായി നമ്മെ ബന്ധപ്പെടുത്തുന്ന കണ്ണിയാണ് നമ്മുടെ സഭാതലവൻ.

സ്വയാധികാരസഭകൾ എന്നാണ് ഔദ്യോഗികമായി കത്തോലിക്കാ കൂട്ടായ്മയിലെ വിവിധസഭകൾ അഥവാ റീത്തുകൾ അറിയപ്പെടുന്നത്. കാരണം ഈ സഭകൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി നിയമങ്ങൾ ഉണ്ടാക്കാനും അവ നടപ്പാക്കാനും രൂപതകൾ സ്ഥാപിക്കാനും അവയ്ക്കായി മെത്രാന്മാരെ നിയമിക്കാനും മറ്റുമുള്ള അധികാരം ഉണ്ട്. എല്ലാറ്റിനും പരിശുദ്ധപിതാവിന്റെ സമ്മതം ഉണ്ടായിരിക്കണം എന്ന് മാത്രം. പൗരസ്ത്യറീത്തുകളിൽപെടുന്ന സഭകൾക്ക് മാത്രമാണ്

ഈ അധികാരാവകാശങ്ങൾ ഉള്ളത്. ലത്തീൻ സഭ പരിശുദ്ധപിതാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാകയാൽ അവർക്ക് വേണ്ടി ഈ കാര്യങ്ങൾ അദ്ദേഹത്തിന്റെ ഓഫീസാണ് ചെയ്യുന്നത്.

ചരിത്രപരമായി 16-ാം നൂറ്റാണ്ടിന്റെ അവസാനം വരെ നാം കൽദായ പാത്രിയാർക്കീസിന്റെ കീഴിലായിരുന്നെങ്കിലും നമുക്ക് സ്വന്ത മായി മേജർ ആർച്ച്ബിഷപ്പുമാരോ പാത്രിയാർക്കീസുമാരോ ഉണ്ടായി രുന്നില്ല. 1992 ൽ ആണ് ആദ്യമായി നമുക്ക് മേജർ ആർച്ചുബിഷപ്പിനെ ലഭിച്ചത്. അദ്ദേഹത്തിന്റെ ആസ്ഥാനം എറണാകുളം-അങ്കമാലി അതി രൂപതയിൽ പെട്ട കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആണ്. മേജർ ആർച്ച് ബിഷപ്പ് ഒരേസമയം എറണാകുളം, അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താകൂടിയാണ്. മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയ ത്തിന്റെ നടത്തിപ്പിനായി എല്ലാ വർഷവും ദുക്രാനത്തിരുനാളിൽ സഭാ ദിനം എന്നപേരിൽ സ്തോത്രക്കാഴ്ച എടുത്ത് കൊടുക്കാറുണ്ടല്ലോ.

മേജർ ആർച്ച്ബിഷപ്പ് നിശ്ചിതകാലയളവുകളിൽ ഓരോ രൂപതയും സന്ദർശിച്ചിരിക്കണമെന്നുണ്ട്. അതിൻ പ്രകാരമാണ് അദ്ദേഹം നമ്മുടെ രൂപതയിൽ വരുന്നത്. ഈ അവസരത്തിൽ അദ്ദേഹത്തിന് ആയുരാരോഗ്യങ്ങൾ നേരുകയും അദ്ദേഹത്തിന്റെ മേൽപ്പട്ടശുശ്രൂഷ ഏറ്റവും ഫലപ്രദമായി നിർവ്വഹിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം അദ്ദേഹത്തിന് ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

മേയ് 2 ന് ഉച്ചകഴിഞ്ഞ് മണിമൂളി-നിലമ്പൂർ റീജിയണിൽ ആരം ഭിക്കുന്ന സന്ദർശനം മേയ് 7-ന് വൈകുന്നേരം കൽപ്പറ്റയിൽ കൊടു ക്കുന്ന പൗരസ്വീകരണത്തോടെ സമാപിക്കും. എല്ലാവരുടെയും സൗകര്യം പ്രമാണിച്ച് നമ്മുടെ രൂപതയുടെ വിവിധ ഫൊറോനാകേന്ദ്ര ങ്ങളിൽ വച്ച് അദ്ദേഹം വിശുദ്ധബലിയർപ്പിക്കുകയും നമ്മോട് സംസാ രിക്കുകയും ചെയ്യും. മണിമൂളി (മെയ് 2), ബത്തേരി (മെയ് 4), ചുങ്ക ക്കുന്ന് (മെയ് 5), കത്തീഡ്രൽ (മെയ് 6), എന്നിവിടങ്ങളിലും രൂപതാ ദിനത്തോടനുബന്ധിച്ച് ദ്വാരക പാസ്റ്ററൽ സെന്ററിലും (മെയ് 3) വി.കുർബാനയോടുകൂടിയും, സീയോൻ ധ്യാനകേന്ദ്രം (മെയ് 5), ഗൂഡല്ലൂർ (മെയ് 6), കൽപ്പറ്റ (മെയ് 7) എന്നിവിടങ്ങളിൽ വി. കുർബാന ഇല്ലാതെയുള്ള പൊതുപരിപാടികളും, വൈദികർ (മെയ് 3), സെമിനാ രിക്കാർ (മെയ് 7), പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ (മെയ് 3), സന്യസ്ത സഭകളുടെ മേജർ സുപ്പീരിയർമാർ, ലോക്കൽ സുപ്പീരി യർമാർ എന്നിവരുമായുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കൂടിക്കാഴ്ചകളും (മെയ് 3), വിവിധ സന്യാസ സഭകളുടെ ജനറലേറ്റുകൾ, പ്രൊവിൻഷ്യൽ ഹൗസുകൾ തുടങ്ങിയവയുടെ സന്ദർശനങ്ങളും അട

ങ്ങിയ പ്രോഗ്രാമാണ് മേജർ ആർച്ച് ബിഷപ്പിന് നമ്മുടെ രൂപതയിലുള്ളത്. ഓരോ സ്ഥലത്തേയും ചടങ്ങുകൾക്ക് രൂപരേഖയുണ്ടാക്കി നടപ്പാക്കുന്നത് അതാത് സ്ഥലത്തെ ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാരുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുള്ള കമ്മിറ്റികളാണ്. ചടങ്ങുകളുടെ ചെലവ് അതാത് സ്ഥലങ്ങളിലെ ഇടവകകൾ സംയുക്തമായി വഹിക്കുന്നതാണ് ഉത്തമം. ചെലവുകൾ ഏറ്റവും കുറഞ്ഞിരിക്കാൻ ശ്രദ്ധിക്കണം എന്നും ഓർമ്മപ്പെടുത്തട്ടെ.

തന്റെ ഫോട്ടോകൾ ആലേഖനം ചെയ്ത ഫ്ളെക്സുകളും ബാനറുകളും പോസ്റ്ററുകളും ഒന്നും പൊതുവഴിയിൽ കെട്ടുകയും പതിക്കുകയും ചെയ്യേണ്ടതില്ല എന്ന് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഇക്കാര്യത്തിൽ അദ്ദേഹം വളരെ ബോധവാനാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ ആഗ്രഹത്തേയും ആദർശത്തേയും നമ്മൾ മാനിക്കണം. ഓരോ വ്യക്തിയും ഉയർത്തിപ്പിടിക്കുന്ന ചില മൂല്യങ്ങളുണ്ട്. അവയെ നമ്മളും മാനിക്കുമ്പോഴാണ് അവരെ നമ്മൾ ബഹുമാനിക്കുന്നു എന്ന് പറയാൻ കഴിയുന്നത്. താൻ ഇങ്ങനെയൊക്കെ പറഞ്ഞിട്ട് നമ്മൾ അതിനെതിരെ പ്രവർത്തിച്ചാൽ അദ്ദേഹത്തെ പൊതുജനത്തിന്റെ മുമ്പിൽ നമ്മൾ വില കുറച്ചുകാണിക്കുന്നതിന് തുല്യമായിരിക്കും അത്.

മെയ് 3 ന് നമ്മുടെ രൂപതാദിനമായി ആചരിക്കുകയാണ്. ഇക്കൊല്ലത്തെ രൂപതാദിനത്തിന്റെ വലിയ പ്രത്യേകത നമ്മുടെ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ മാർ ആലഞ്ചേരിപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാവൈദികരോടും ചേർന്നുള്ള വി.കുർബാനയും പിതാവിന്റെ സാന്നിധ്യത്തിൽ വച്ച് നടത്തുന്ന പൊതു സമ്മേളനവുമാണ്. പരിപാടികൾ രാവിലെ 10.30 ന് ആരംഭിച്ച് 1.30 ന് അവസാനിക്കുന്നതാണ്. രൂപതയിൽ സേവനം ചെയ്യുന്ന എല്ലാവൈദികരും മുഴുവൻ തിരുവസ്ത്രങ്ങളോടും കൂടി അന്നേദിവസം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിനോടൊത്തുള്ള വി. ബലിയിൽ സംബന്ധിക്കേണ്ടതാണ്.

രൂപതാദിനത്തിൽ തന്നെ സമർപ്പിതരുടെ പ്രതിനിധികൾ, രൂപതാ വൈദികസമ്മേളനം, രൂപതാ പാസ്റ്ററൽ കൗൺസിൽ, എന്നിവരേയും അഭിവന്ദ്യ പിതാവ് അഭിസംബോധന ചെയ്യുന്നതാണ്.

രൂപതാദിനത്തിൽ മുൻ വർഷങ്ങളിലേതുപോലെ താഴെ പറയുന്നവർ സംബന്ധിക്കേണ്ടതാണ്. 1) രൂപതയിൽ സേവനം ചെയ്യുന്ന വൈദീകർ. 2) സന്യസ്തസഭകളുടെ മേജർ സുപ്പീരിയർമാരും ലോക്കൽ സുപ്പീരിയർമാരും, 3) രൂപതാപാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, 4)

നടത്തുകൈക്കാരന്മാർ, 5) ദേവാലയശുശ്രൂഷികൾ, 6) ഇടവക സെക്ര ട്ടറിമാർ, 7) സൺഡേസ്കൂൾ പ്രധാന അധ്യാപകർ, 8) ഭക്തസംഘടന കളുടെയും മതബോധനത്തിന്റെയും രൂപതാഭാരവാഹികൾ, 9) LP, UP, HS,HSS കോളേജ് പ്രധാന അധ്യാപകർ.

മണിമൂളി-നിലമ്പൂർ മേഖലയിൽപ്പെട്ട മേൽ പറഞ്ഞവരെ അഭി വന്ദ്യ മേജർ ആർച്ച് ബിഷപ്പ് മെയ് 2-ന് അവിടെ വച്ച് അഭിസംബോ ധന ചെയ്യുന്നതിനാൽ അവർ രൂപതാദിനത്തിൽ സംബന്ധിക്കണം എന്ന നിബന്ധന വയ്ക്കുന്നില്ല. താല്പര്യമുള്ളവർക്ക് സംബന്ധിക്കാവുന്ന താണ്. എന്നാൽ ഈ റീജിയനിലെ ബഹുമാനപ്പെട്ട വൈദികർ നിർബ ന്ധമായും സംബന്ധിച്ചിരിക്കണം.

ബഹുമാനപ്പെട്ട വികാരിയച്ചന്മാർ താത്പര്യമെടുത്ത് അവരെ എല്ലാവരേയും കൂട്ടികൊണ്ട് വരുവാൻ ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥി ക്കുന്നു. അതുപോലെ തന്നെ രൂപതയുടെ വിവിധ കേന്ദ്രങ്ങളിൽവച്ച് നടക്കുന്ന പരിപാടികളിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുന്നു. സാധിക്കുന്നി ടത്തോളം ആളുകൾ പരിപാടികളിൽ പങ്കെടുക്കണം.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 മാർച്ച് മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ഏപ്രിൽ മാസം 8-ാം തീയതി ഞായ റാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 04/2012***
***Prot. No.12382/2012***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

മദ്ധ്യവേനൽ അവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പഠനസ്ഥലങ്ങളിലേയ്ക്ക് തിരിച്ചെത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. കഴിഞ്ഞ വർഷത്തെ വിജയപരാജയങ്ങൾ വിലയിരുത്തി കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും പുതിയ തീരുമാനങ്ങളോടും കൂടി മുന്നേറുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. വിജയം നിങ്ങളുടെ കഴിവിനെ മാത്രം ആശ്രയിച്ചിരിക്കുന്ന കാര്യമല്ല. അത് ദൈവത്തിന്റെ ദാനം കൂടിയാണ്. പരീക്ഷാസമയത്ത് രോഗങ്ങളോ മറ്റ് പ്രശ്നങ്ങളോ ഒക്കെ ഉണ്ടാകാമായിരുന്നു. അങ്ങനെയൊന്നും സംഭവിക്കാതിരുന്നത് ദൈവാനുഗ്രഹം തന്നെയാണ്. അതിനാൽ ദൈവത്തിന് നാം നന്ദി പറയണം. തോറ്റവർക്ക് ദൈവാനുഗ്രഹം ഉണ്ടായിരുന്നില്ല എന്നല്ല അതിനർത്ഥം. പക്ഷേ എവിടെയെങ്കിലുമൊക്കെ കുറവുകൾ വന്നിട്ടുണ്ടാകാം. അവയെ കണ്ടെത്തി ഭാവിയിൽ വിജയിക്കാൻ പരിശ്രമിക്കണം. നമ്മൾ എത്ര പരിശ്രമിച്ചാലും ചിലപ്പോൾ നമ്മുടേതല്ലാത്ത കുറ്റം കൊണ്ട് പരാജയപ്പെട്ടെന്ന് വരാം. എന്നാൽ ദൈവത്തിൽ പരിപൂർണ്ണ ആശ്രയം വച്ച് മുന്നേറുന്നവർക്ക് പരാജയങ്ങളും വിജയങ്ങളാക്കി മാറ്റാൻ കഴിയും. ആ ശുഭാപ്തിവിശ്വാസം നിങ്ങളെ നിരന്തരം നയിക്കട്ടെ. തോറ്റവർ ദു:ഖിക്കേണ്ടതില്ല.

സ്കൂളുകളിലെ വിജയത്തെപ്പറ്റി പറയുമ്പോൾ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. പത്താം ക്ലാസും പന്ത്രണ്ടാം ക്ലാസും കഴിഞ്ഞിറങ്ങുന്നവരിൽ പോലും പലർക്കും ശരിയായി മലയാളം അക്ഷരങ്ങൾ എഴുതാൻ കഴിയുന്നില്ല എന്നതാണത്. ഭാഷ ശരിയ്ക്ക് പഠിയ്ക്കാതെ അറിവ് നേടാൻ കഴിയുകയില്ല എന്ന് നിങ്ങൾക്കറിയാം. അക്ഷരങ്ങൾ അറിയാതെ എങ്ങനെ ഒരു പത്രം പോലും വായിക്കാൻ കഴിയും? അറിവുള്ളവരാണ് ലോകം കീഴടക്കുന്നത്. അറിവ് നേടണമെങ്കിൽ വായി

ക്കണ്ടേ? ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ ഇങ്ങനെയൊരു കുറവുണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്. അതിനുള്ള പരിഹാരം നിങ്ങൾ തന്നെ കണ്ടെത്തണം. കമ്പ്യൂട്ടറും ഇന്റർനെറ്റും എല്ലാം വന്നതോടെ മറ്റുള്ളവർ എഴുതിയിട്ടുള്ളത് അതേപടി ഇന്റർനെറ്റിൽ നിന്ന് പകർത്തി യെടുത്ത് പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവണത ഏറി വരുകയാണ്. പ്രോജക്ടുകൾ എല്ലാം കൃത്യമായി പരിശോധിക്കാൻ സമയം കിട്ടാത്ത അദ്ധ്യാപകൻ അതിനെല്ലാം നല്ല മാർക്ക് കൊടുക്കുകയും ചെയ്യും. അങ്ങനെ കിട്ടുന്ന മാർക്ക് അത് തയ്യാറാക്കിയ വ്യക്തിയുടെ അറിവിന്റെ ലക്ഷണമല്ലല്ലോ. മറ്റു ചിലർക്കാകട്ടെ വീട്ടിൽ നിന്ന് മാതാപിതാക്കളും സഹോദരങ്ങളുമാണ് ചെയ്തു കൊടുക്കുന്നത്. രണ്ടും തെറ്റായ പ്രവ ണത തന്നെ.

പത്താം ക്ലാസും പന്ത്രണ്ടാം ക്ലാസും ജയിച്ചവരിലും തോറ്റവ രിലും കുറേപ്പേർക്ക് പഠനം തുടരാൻ കഴിഞ്ഞെന്ന് വരുകയില്ല. എന്നാൽ അവർ നിരാശരാകാതെ ആരിൽ നിന്നെങ്കിലും നല്ല ഉപദേശം തേടി അതിനനുസരിച്ച് പ്രവർത്തിക്കണം. എല്ലാവരും മെഡിസിനും എഞ്ചി നീയറിംഗിനും നേഴ്സിംഗിനും പോകേണ്ടതില്ല. ഈ പഠനവിഭാഗങ്ങ ളിൽ ചേരുന്നവർക്ക് എന്തോ ഒരു പ്രത്യേക മാഹാത്മ്യവും ബഹുമാ നവും സമൂഹം കല്പ്പിച്ച് നൽകിയിട്ടുള്ളതുപോലെ തോന്നുന്നു. അത് ശരിയല്ല. ഏതൊരു ജോലിയേയും പോലെ ഒരു ജോലി മാത്രമാണ് അവ പഠിച്ചിറങ്ങുന്നവർക്കും കിട്ടുന്നത്. ഡോക്ടറുടെ ജോലിയും പാടത്ത് പണിയെടുക്കുന്ന കർഷകന്റെ ജോലിയും സമൂഹത്തെ സംബ ന്ധിച്ച് ഒരുപോലെ പ്രാധാന്യമുള്ളതാണ്. സമൂഹത്തിന് ഭക്ഷണം ഉത്പാ ദിപ്പിക്കുന്ന പ്രക്രിയയിലാണ് കർഷകൻ ഏർപ്പെട്ടിരിക്കുന്നത്. ആ ജോലി ചെയ്യാൻ ആളില്ലാതെ വന്നാൽ നമ്മൾ പട്ടിണി കിടക്കേണ്ടി വരുമല്ലോ. ഭക്ഷണം കഴിച്ച് വളരുന്ന ശരീരത്തിലുണ്ടാകുന്ന രോഗങ്ങളെ ചികി ത്സിക്കുക മാത്രമാണ് ഡോക്ടർ ചെയ്യുന്നത്. ഒരു പക്ഷേ കിട്ടുന്ന പണ ത്തിന്റെ അളവായിരിക്കാം പലരേയും മെഡിസിൻ പോലെയുള്ള മേഖ ലകളിലേയ്ക്ക് ആകർഷിക്കുന്നത്. എന്നാൽ നാമൊന്നോർക്കണം, പണം നമുക്ക് ശാശ്വതമായ സന്തോഷവും സമാധാനവും തരുകയില്ല. ജീവിതത്തിൽ സന്തോഷവും സമാധാനവും ഇല്ലാതെ വരുമ്പോൾ പണം ഉപയോഗശൂന്യമായിത്തീരും.

നമ്മുടെയെല്ലാവരുടെയും കഴിവുകൾ ഒരുപോലെയല്ല. അത് ദൈവം മന:പൂർവ്വം അങ്ങനെ വച്ചിരിക്കുന്നതാണ് എന്നു വേണം കരുതാൻ. കാരണം സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ പല

തരത്തിലുള്ള കഴിവുകൾ ആവശ്യമാണ്. എന്തെല്ലാം ജോലികളാണ് നിലവിലുള്ളത് എന്ന് ചിന്തിച്ചുനോക്കുക. അവയെല്ലാം ചെയ്യുക തന്നെ വേണം. ഇന്ന് കേരളത്തിന്റെ ഏത് മുക്കിലും മൂലയിലും അന്യസം സ്ഥാന തൊഴിലാളികളെ കാണാം. അതിനർത്ഥം ഇവിടെ അവർക്ക് ജോലി ഉണ്ടെന്ന് തന്നെയാണല്ലോ. മറ്റ് വാക്കുകളിൽ പറഞ്ഞാൽ ഇവിടെ ആവശ്യത്തിന് ജോലിക്കാരെ കിട്ടുന്നില്ല. ഇത് രണ്ടും കൂട്ടി വായിച്ചാൽ നമുക്ക് മനസ്സിലാകും കേരളത്തിൽ ജോലിയില്ലാഞ്ഞിട്ടല്ല, അവ ചെയ്യാൻ കേരളീയർക്ക് മടിയായിട്ടാണ് എന്ന്. പന്ത്രണ്ടാം ക്ലാസ് വരെ ടൈയ്യും ഷൂസും മറ്റും ധരിച്ച് നടന്നവർക്ക് അവ അഴിച്ചു വച്ചിട്ട് ചെയ്യുന്ന ഒരു ജോലി ചെയ്യാൻ മടി തോന്നുന്നത് സ്വാഭാവികം മാത്രം. ടൈയ്യും ഷൂസും ധനത്തിന്റേയും മാന്യതയുടേയും അടയാളമാണെന്ന തെറ്റായ ധാരണയാണ് ഇപ്രകാരം ചിന്തിയ്ക്കാൻ നമ്മെ പ്രേരിപ്പിക്കു ന്നത്. പടിഞ്ഞാറൻ നാടുകളിലെ വേഷമാണ് ടൈയ്യും ഷൂസും. എല്ലാ സമയവും അവരത് ഉപയോഗിക്കുന്നുമില്ല. പ്രധാനപ്പെട്ട പ്രത്യേക അവ സരങ്ങളിൽ മാത്രം. അപ്പോൾ കർഷകനും ഡോക്ടറും എല്ലാം അത് ധരിക്കുകയും ചെയ്യും. അല്ലാത്തപ്പോൾ ആരും ധരിക്കുകയുമില്ല. നിർഭാ ഗ്യവശാൽ നിങ്ങൾ സ്കൂളിൽ പോലും അവ ധരിക്കേണ്ടിവരുന്നു. അതി ശൈത്യമുള്ള പടിഞ്ഞാറൻ നാടുകളിൽ തണുപ്പിനെ പ്രതിരോധിക്കാ നുള്ള ഉപകരണങ്ങളായ ടൈയ്യും ഷൂസും ഉഷ്ണമേഖലാരാജ്യമായ നമ്മുടെ നാട്ടിൽ ധരിക്കുമ്പോഴുണ്ടാകുന്ന അസ്വസ്ഥത വളരെ വലുതു മാണ്. അത് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കില്ല എന്ന വസ്തുത ഞാൻ മറക്കുന്നില്ല.

സ്വന്തം കഴിവുകൾ മനസ്സിലാക്കി അതിനനുസരിച്ചുള്ള ഉപരി പഠനവും തൊഴിൽമാർഗ്ഗങ്ങളുമാണ് തേടേണ്ടത് എന്നത് ഞാൻ പറ യാതെ തന്നെ നിങ്ങൾക്കറിയാമല്ലോ. തൊഴിൽ ചെയ്യുന്ന അന്തരീക്ഷ ത്തേക്കാൾ അവരവരുടെ കഴിവുകൾക്കാണ് നാം മുൻഗണന കൊടു ക്കേണ്ടത്. എല്ലാവരും ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചെങ്കിൽ മാത്രമേ ജോലി കിട്ടുകയുള്ളു എന്ന ചിന്തയും വെടിയണം. ഇംഗ്ലീഷ് മീഡിയ ത്തിൽ പഠിച്ചതുകൊണ്ട് കർഷകനാകാൻ പാടില്ല എന്ന ചിന്തയും ഉണ്ടാ കേണ്ടതില്ല. ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചതുകൊണ്ട് എല്ലാവർക്കും ജോലി കിട്ടുകയുമില്ല.

ഇവിടുത്തെ പൊതുജീവിതത്തിലേയ്ക്കും രാഷ്ട്രീയ ജീവിതത്തി ലേയ്ക്കും എല്ലാം നല്ല മിടുക്കരായവർ കടന്നുവരണം. അല്ലെങ്കിൽ

അറിവും കഴിവും ഇല്ലാത്തവർ രാജ്യം ഭരിക്കുന്ന സ്ഥിതി സംജാത മാകും. അങ്ങനെയുള്ളവരുടെ ഭരണത്തിന്റെ ദുരന്തഫലം നാം ഇപ്പോൾ തന്നെ അനുഭവിക്കുന്നുണ്ട്. അറിവും കഴിവും നല്ല വിദ്യാഭ്യാസവും ഉള്ളവർ രാഷ്ട്രീയത്തിലേയ്ക്കും പൊതുജീവിതത്തിലേയ്ക്കും കടന്നു വന്നില്ലെങ്കിൽ സമൂഹജീവിതം തന്നെ അസാധ്യമാകുംവിധം കാര്യങ്ങൾ നീങ്ങിയെന്ന് വരാം. നാം അഴിമതിയെപ്പറ്റിയും മറ്റും എപ്പോഴും സംസാ രിക്കാറുണ്ടല്ലോ. അഴിമതിക്കാരല്ലാത്ത രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഉണ്ടാവുകയല്ലേ അതിന് പരിഹാര മാർഗ്ഗം? നിങ്ങൾക്കങ്ങനെ ആയി ക്കൂടേ?

രാഷ്ട്രീയമെന്നാൽ ഇന്നു നാം നമ്മുടെ നാട്ടിൽ കാണുന്ന അക്ര മരാഷ്ട്രീയമാണ് എന്ന ചിന്തയിലാണ് പലരും അതിനെ വെറുക്കുന്നത്. എന്തിന്റെ പേരിലായാലും പരസ്പരം കൊല്ലുന്നത് സംസ്കാരശൂന്യത യുടെ അടയാളമാണ്. ഇടഞ്ഞോടുന്ന ആന പോകുന്ന വഴിയിൽ കാണു ന്നതെല്ലാം നശിപ്പിക്കുന്ന വാർത്തകൾ നാം പലപ്പോഴും കേൾക്കാറു ണ്ട്. മെരുക്കിയെടുത്തതെങ്കിലും ആന കാട്ടുമൃഗമാണ്. കാട്ടുമൃഗത്തിന്റെ സ്വഭാവം അത് ഇടയ്ക്ക് പ്രകടിപ്പിച്ചെന്ന് വരാം. മനുഷ്യനിലും ഇതു പോലെയൊരു മൃഗീയവാസനയുണ്ട്. ഈ മൃഗീയ വാസനകളെ അമർച്ച ചെയ്യാൻ വ്യക്തികളെ പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ലക്ഷ്യം. യഥാർത്ഥവിദ്യാഭ്യാസം നേടിയവർ അത്തരം അധമ വാസനകളെ അതിജീവിക്കാൻ പ്രാപ്തരായിരിക്കും. അല്ലാത്തവരാണ് പാർട്ടിക്കാർ പറയുന്നതിനനുസരിച്ച് കൊല്ലാനും അക്രമങ്ങൾ നട ത്താനും വസ്തുക്കൾ നശിപ്പിക്കാനും മറ്റും പോകുന്നത്. അത് രാഷ്ട്രീ യമല്ല, പ്രത്യുത, ഗുണ്ടായിസമാണ്. എതിരാളികളേയും വിമർശിക്കു ന്നവരേയും കായികമായി നേരിടുന്നവർ ബുദ്ധിപരമായി പാപ്പരത്വം അനുഭവിക്കുന്നവരാണ്. മാത്രമല്ല, രാഷ്ട്രീയം എന്തെന്ന് തീർത്തും അറി ഞ്ഞുകൂടാത്തവരുമാണ്. അത്തരം അക്രമരാഷ്ട്രീയത്തിൽ നിന്ന് നിങ്ങൾ വിട്ടുനിൽക്കുകതന്നെ വേണം.

രാഷ്ട്രീയം അഥവാ പൊളിറ്റിക്സ് എന്നു പറഞ്ഞാൽ നമ്മുടെ രാജ്യത്തിന്റെ ഭരണഘടന അനുശാസിക്കുന്ന രീതിയിലും മാർഗ്ഗങ്ങളി ലൂടെയും നാടിന് നന്മയുണ്ടാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന പ്രക്രിയ എന്നാണർത്ഥം. അത്തരം ഒരു പ്രക്രിയയിലാണ് നിങ്ങൾ പഠനകാലത്ത് പരിശീലനം നേടേണ്ടത്. പ്രതിപക്ഷ ബഹുമാനത്തോടെ നാടിന്റെ നിയ മങ്ങളനുസരിച്ച് എപ്രകാരം പാർലമെന്റിലും നിയമസഭയിലും മറ്റും

ചർച്ചകൾ നടത്തണം എന്നും മറ്റുമുള്ള പരിശീലനവും ഇതിന്റെ ഭാഗമാണ്. നമ്മുടെ ഭരണവ്യവസ്ഥിതിയുടെ പ്രധാനഘടകങ്ങളായ ലെജിസ്ലേച്ചർ (പാർലമെന്റ്-നിയമസഭ), എക്സിക്യൂട്ടീവ് (മന്ത്രിസഭ), ജുഡീഷ്യറി (കോടതികൾ) ഇവയാണ് നമ്മുടെ ഭരണവ്യവസ്ഥിതിയുടെ അടിത്തറയെന്നും അവയെ മാനിക്കുക എന്നത് രാഷ്ട്രീയത്തിന്റെ ബാലപാഠത്തിൽ പെടുന്നു എന്നും നമ്മൾ മനസ്സിലാക്കണം. നിർഭാഗ്യവശാൽ അങ്ങനെയൊന്നുമല്ല നമ്മുടെ നാട്ടിൽ കാര്യങ്ങൾ നടക്കുന്നത്. വിദ്യാർത്ഥിരാഷ്ട്രീയമെന്നാൽ വലിയ രാഷ്ട്രീയ കക്ഷികളിലേയ്ക്ക് ഭാവിയിൽ ചേക്കേറാനും അധികാരത്തിൽ എത്താനും പണം സമ്പാദിക്കാനുമുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് ഇന്ന് പലരും മനസ്സിലാക്കുന്നത്.

ഇന്ന് നാം നഷ്ടപ്പെടുത്തുന്ന സമയം നമുക്ക് എന്നേയ്ക്കുമായി നഷ്ടപ്പെടും എന്നതാണ് ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം. സമയവും കാലവും ആർക്കും വേണ്ടി കാത്തു നിൽക്കുകയില്ല. പഠനം ഏറ്റവും നന്നായി നടക്കുന്നത് ചെറുപ്പകാലത്ത് തന്നെയാണ്. പ്രായമായ ശേഷം പഠിക്കാമെന്നു വയ്ക്കുന്നത് ഏറ്റവും വലിയ മഠയത്തരമാകും. അതുപോലെ തന്നെ പഠിച്ചതുകൊണ്ട് പ്രയോജനമൊന്നുമില്ല എന്ന് ചിന്തിക്കുന്നതും ശരിയല്ല.

അറിവ്, സമയം, വേഗത എന്നീ മൂന്ന് കാര്യങ്ങളാണ് ഇനി ലോകത്തെ നിയന്ത്രിക്കാൻ പോകുന്നത്. ഏതു കാര്യത്തെപ്പറ്റിയും സാമാന്യജ്ഞാനമെങ്കിലും നമുക്കുണ്ടാകണം. നമ്മുടെ സ്വന്തം പഠനവിഷയത്തിൽ നല്ല പാണ്ഡിത്യം ഉണ്ടായിരിക്കുകയും വേണം. കേവലമൊരു ഡിഗ്രിക്കടലാസ്സ് കയ്യിൽ കിട്ടിയതുകൊണ്ട് ആരും ജോലി തരണമെന്നില്ല. പണം കൊടുത്താൽ ഡോക്ടറേറ്റ് പോലും കൊടുക്കുന്ന സംഘങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. സമയമാണ് ഇന്നത്തെ ലോകത്തെ നിയന്ത്രിക്കുന്ന മറ്റൊരു പ്രധാന ഘടകം. സമയം പരിമിതമാണ്. കിട്ടുന്ന സമയത്ത് പരമാവധി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പറ്റണം. അതിന് നമ്മൾ പ്രാപ്തി നേടണം. മടിപിടിച്ചിരിക്കുന്നവർക്ക് വിജയം ഒരു കിട്ടാക്കനിയായിരിക്കും എന്നർത്ഥം. വേഗതയാണ് മൂന്നാമത്തെ ഘടകം. ലോകത്തിൽ നടക്കുന്ന മാറ്റങ്ങൾക്കനുസരിച്ച് വേഗത്തിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവും നമ്മൾ ആർജ്ജിക്കണം. ഇന്നെടുക്കേണ്ട തീരുമാനം നാളത്തേയ്ക്കെന്നല്ല ഒരു മണിക്കൂർ പോലും മാറ്റി

വയ്ക്കുന്ന സാഹചര്യം ഉണ്ടാകരുത്. ഏറ്റവും വേഗത്തിൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നവരാണ് ഇനിയുള്ള ലോകത്തിൽ വിജയം നേടാൻ പോകുന്നത്. ഒരുകാലത്ത് വലിയ സാങ്കേതികപുരോഗതിയുടെ അടയാളമായി കരുതിയിരുന്ന ടെലക്സ്, ടെലഗ്രാം തുടങ്ങിയവ ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു. അതുപോലെ തന്നെ ഫാക്സും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇന്നെല്ലാം തന്നെ കമ്പ്യൂട്ടർ അധിഷ്ഠിതമാണ്. ഇന്റർനെറ്റിലൂടെ വാർത്തകളും ചിത്രങ്ങളും സിനിമകളും എല്ലാം അതിവേഗം ലോകത്തിന്റെ ഏത് മൂലയിലും എത്തുന്നു. മടിപിടിച്ച് നാളെയാകട്ടെ എന്ന് ഒരു കാര്യവും മാറ്റി വയ്ക്കാൻ പാടില്ല. മറ്റുള്ളവർ നമ്മളേക്കാൾ വേഗത്തിൽ കാര്യങ്ങൾ കരസ്ഥമാക്കിക്കഴിഞ്ഞിരിക്കും.

എല്ലാം നല്ല രീതിയിലും വേഗത്തിലും കാര്യക്ഷമമായും ചെയ്യാനുള്ള ആഗ്രഹമുണ്ടാകുക എന്നതാണ് പ്രഥമവും പ്രധാനവുമായ കാര്യം. അതിനുവേണ്ടി പരിശ്രമിക്കാനുള്ള മനസ്സാണ് രണ്ടാമത്തെ കാര്യം. അതോടൊപ്പം ദൈവാനുഗ്രഹവും യാചിക്കണം. ഇവയെല്ലാം കൂടിച്ചേരുമ്പോൾ വിജയം സുനിശ്ചയമാണ്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 മേയ് മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ജൂൺ മാസം 10-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

***Circular Letter No. 05/2012***
***Prot. No. 12708/2012***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ നമ്മുടെ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വിശ്വാസവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ് എന്ന വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. ഈ ആചരണത്തിന്റെ പ്രധാന്യം വ്യക്തമാക്കുന്നതിന് *വിശ്വാസത്തിന്റെ വാതിൽ* (Porta Fidei) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലേഖനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് നമ്മൾ രൂപതാ തലത്തിലും ഇടവകതലത്തിലും മറ്റും ചെയ്യേണ്ട പ്രായോഗിക കാര്യങ്ങൾ റോമിലെ വിശ്വാസ കാര്യങ്ങൾക്ക് വേണ്ടിയുള്ള കാര്യാലയം തയ്യാറാക്കി തന്നിട്ടുണ്ട്. ഇവയോട് ചേർത്ത് മറ്റു ചില കാര്യങ്ങൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയും നിർദ്ദേശിച്ചിട്ടുണ്ട്. അവയെല്ലാം ഒരുമിച്ച് ഓഗസ്റ്റ് മാസത്തിലെ മാനന്തവാടി രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സഭയുടെ നവീകരണത്തിൽ നിർണ്ണായകപങ്ക് വഹിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചു കൂട്ടിയതിന്റെ അൻപതാം വർഷവും, *കത്തോലിയ്ക്കാസഭയുടെ മതബോധനഗ്രന്ഥം* പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികവും, അടുത്ത ഒക്ടോബറിൽ റോമിൽ വച്ച് നടക്കുന്ന പതിമൂന്നാമത് മെത്രാൻ സിനഡും *(ഈ സിനഡ് നമ്മുടെ സീറോമലബാർ സഭയുടെ സിനഡ് പോലെയുള്ള ഒന്നല്ല; ആഗോള സഭയിലെ മെത്രാന്മാരുടെ പ്രതിനിധികൾ മാർപ്പാപ്പയോടൊത്ത് ചില പ്രത്യേക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സമ്മേളിക്കുന്നതാണത്)* പ്രമാണിച്ചാണ് പരിശുദ്ധപിതാവ് വിശ്വാസവർഷം പ്രഖ്യാപിച്ചിട്ടുള്ളത്. കാരണം ഇവ മൂന്നും നമ്മുടെ ക്രൈസ്തവ വിശ്വാസത്തെ സംബന്ധിക്കുന്ന വളരെ പ്രധാനപ്പെട്ട സംഭവങ്ങളാണ്. ആഗോളസഭയുടെ ഭാഗമെന്ന നിലയിൽ നമ്മുടെ രൂപതയും ഈ വർഷാചരണത്തിൽ സജീവമായി പങ്കു ചേരണം. ഇത്തരുണത്തിൽ ഇതുമായി ബന്ധപ്പെട്ട് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

നമ്മളെല്ലാം ക്രൈസ്തവവിശ്വാസം സ്വീകരിച്ച് അത് ജീവിക്കുന്നവരാണെങ്കിലും ബോധപൂർവ്വം തുടർച്ചയായി അതിനെ പരിപോഷിപ്പിച്ചുകൊണ്ടിരുന്നില്ലെങ്കിൽ അതൊരുപക്ഷേ ജീവനില്ലാത്തതുപോലെയാകാം. നാം ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ നമുക്ക് വേണ്ടി നമ്മുടെ തലതൊട്ടപ്പനും തലതൊട്ടമ്മയും കത്തോലിയ്ക്കാ വിശ്വാസം ഏറ്റു പറഞ്ഞു. നമുക്ക് അറിവ് വയ്ക്കുമ്പോൾ അത് ബോധപൂർവ്വം ജീവിക്കേണ്ടത് നമ്മുടെ തന്നെ കടമയാണ്. നമുക്ക് ദൈവം നൽകിയ വലിയ ദാനങ്ങളിലൊന്നാണ് ക്രിസ്തുവിലുള്ള വിശ്വാസം. ദൈവദാനമായ വിശ്വാസത്തിന് നന്ദി പറയാനും അത് പരിപോഷിപ്പിക്കാനും പരസ്യമായി പ്രഖ്യാപിക്കാനുമുള്ള അവസരമായി ഈ വിശ്വാസവർഷത്തെ നാം കാണണം. സത്യവിശ്വാസത്തിന്റെ വാതിൽ ക്രിസ്തുവിന്റെ സഭയാണ് *(വിശ്വാസത്തിന്റെ വാതിൽ 1.)* അപ്പസ്തോലന്മാരായ പൗലോസും ബാർണബാസും അന്ത്യോക്യായിൽ പ്രസംഗിക്കുമ്പോൾ അവർ മുഖാന്തിരം ദൈവം വിശ്വാസത്തിന്റെ വാതിൽ വിജാതീയർക്ക് എപ്രകാരമാണ് തുറന്ന് കൊടുത്തതെന്ന് വിശദീകരിക്കുന്നുണ്ട്. (അപ്പ. 14:26). നമ്മെ ഓരോരുത്തരേയും തിരുസഭയാകുന്ന വാതിലിലൂടെ ദൈവവുമായുള്ള സംസർഗ്ഗത്തിലേയ്ക്ക് നയിക്കാൻ വിശ്വാസവർഷം ഉപയുക്തമാകണം. ഇത് ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു പ്രക്രിയയാണ്. മാമ്മോദീസായിലൂടെ (റോമാ. 6:4) ആരംഭിച്ച് മരണത്തിലൂടെ നിത്യജീവിതത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള യാത്ര അവസാനിക്കും. *(വിശ്വാസത്തിന്റെ വാതിൽ 1)*

ഈശോയെ ശ്രവിക്കാൻ സമരിയാക്കാരി സ്ത്രീയേപ്പോലെ കിണറിന്റെ അടുത്തേയ്ക്ക് പോകാനുള്ള ആഹ്വാനമാണ് (യോഹ.4:1-25) വിശ്വാസവർഷം നമുക്ക് നൽകുന്നത്. വിശ്വാസമാകുന്ന ഉപ്പിന്റെ ഉറ ഇല്ലാതാക്കാനും പ്രകാശം മറച്ചു വയ്ക്കാനും (മത്താ. 5:13-16) പാടില്ല. വിശ്വാസം പ്രഘോഷിക്കാനുള്ളതാണ്. സഭയിലൂടെ വിശ്വസ്തതയോടെ നമുക്ക് കൈമാറിക്കിട്ടിയ ദൈവവചനവും തന്റെ ശരീരരക്തങ്ങളാകുന്ന ഭക്ഷണപാനീയങ്ങളും (യോഹ. 5:51) വിലമതിക്കാനും ആസ്വദിക്കാനും വിശ്വാസവർഷത്തിൽ കൂടുതലായി നമുക്ക് സാധിക്കണം. *(വിശ്വാസത്തിന്റെ വാതിൽ 3)*. ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്ത് ചെയ്യണം (യോഹ. 6:28) എന്ന് ശിഷ്യന്മാർ ഈശോയോട് ചോദിച്ചപ്പോൾ അവിടുന്ന് നൽകിയ മറുപടി ഇപ്രകാരമാണ്: *ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി. അവിടുന്ന് അയച്ചവനിൽ*

*വിശ്വസിക്കുക* (യോഹ. 6:29). ക്രിസ്തുവിൽ വിശ്വസിക്കുക എന്നത് രക്ഷയിൽ എത്തിച്ചേരാനുള്ള സുനിശ്ചിതമായ മാർഗ്ഗമാണ്. നമ്മുടെ ജീവിതയാത്രയിൽ ഈ വസ്തുത നമ്മൾ മറന്നുപോയെങ്കിൽ വിശ്വാസ വർഷത്തിൽ വീണ്ടും അത് ബോധമണ്ഡലത്തിലേയ്ക്ക് തിരികെ കൊണ്ടുവരണം. അതുപോലെ തന്നെ വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസവർഷാചരണത്തിലൂടെ നാം അടുത്തറിയണം.

മാത്രമല്ല, നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം എന്താണെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. അതിനുള്ള സവിശേഷ സന്ദർഭം കൂടി യാണ് വിശ്വാസവർഷാചരണം. മനുഷ്യൻ ദൈവസൃഷ്ടിയാണെന്നും ആ സൃഷ്ടി പാപം ചെയ്ത് സൃഷ്ടാവിൽ നിന്ന് അകന്നപ്പോൾ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ച് പീഢകൾ സഹിച്ച് കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത് നമ്മുടെ പാപ ങ്ങൾക്ക് വേണ്ടി പരിഹാരം ചെയ്യുകയും അങ്ങനെ പാപപ്പരിഹാരത്തി നുള്ള മാർഗ്ഗം നമുക്ക് കാണിച്ചു തരുകയും ചെയ്തു എന്നുമാണ് നമ്മൾ വിശ്വസിക്കുന്നത്. അവിടുത്തെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവർക്ക് അവി ടുന്ന് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു. ആ മാർഗ്ഗം നമുക്ക് നിരന്തരം പകർന്ന് കിട്ടുന്നത് സഭയിലൂടെയാണ്. ഈ സഭയാകട്ടെ അവിടുത്തെ പിൻചെല്ലുന്നവരുടെ കൂട്ടായ്മയാണ്. ആ കൂട്ടായ്മയുടെ ശിരസ്സ് ക്രിസ്തു തന്നെയാണ്. സഭയിലൂടെയുള്ള ജീവിതമാണ് നിത്യജീവനുള്ള സുനിശ്ചിതമാർഗ്ഗം. ഇതിന്റെയെല്ലാം താത്വികവും പ്രായോഗികവുമായ വിശദീകരണങ്ങളുമാണ് വത്തിക്കാൻ സൂനഹദോസിന്റെ രേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും തരുന്നത്. ഈ വിഷയം തന്നെയാണ് അടുത്തുവരുന്ന റോമൻ സിനഡും ചർച്ച ചെയ്യുന്നത്.

ബൈബിൾ മാത്രമാണ് വിശ്വാസത്തിന്റെ അടിസ്ഥാനമെന്നും, നമ്മുടെ വ്യക്തിപരമായ അനുഭവമാണ് വിശ്വാസത്തിന്റെ അടിസ്ഥാന മെന്നും മറ്റുമുള്ള വാദഗതികൾ ഉന്നയിച്ച് പലരും നമ്മെ വഴിതെറ്റിക്കാൻ വരുന്ന ഈ കാലഘട്ടത്തിൽ മേൽപ്പറഞ്ഞ അറിവ് അത്യന്താപേക്ഷിത മാണ്. വിശുദ്ധഗ്രന്ഥം തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചും നമ്മളെ വഴി തെറ്റിച്ചെന്ന് വരാം. ഇതിനെതിരെയെല്ലാം നാം ജാഗരൂകരാകണം. നമ്മുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എഴുതപ്പെട്ട ദൈവവചനത്തിന്മേലും എഴുതപ്പെടാത്ത ദൈവവചനമായ പാരമ്പര്യ ത്തിന്മേലുമാണ്. നമ്മുടെ കർത്താവ് ചെയ്ത മറ്റ് പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോക

ത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്ക് തോന്നുന്നത് എന്നാണല്ലോ യോഹന്നാൻ ശ്ലീഹാ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നത് (യോഹ. 21:25). അതെല്ലാം കാണുകയും സ്വന്തം കണ്ണുകൾകൊണ്ട് അവിടുത്തെ ദർശിക്കുകയും ചെയ്ത ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും എല്ലാം നിർദ്ദേശങ്ങൾക്കനുസാരമാണ് സഭയിലെ ജീവിതവും ആചാരണങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടിട്ടുള്ളത്. അതിനെയാണ് പാരമ്പര്യം എന്ന് നാം വിളിക്കുന്നത്. എന്തിനേറെ, വിശുദ്ധഗ്രന്ഥത്തിൽ ഏതെല്ലാം പുസ്തകങ്ങളാണ് ദൈവനിവേശിതം എന്ന് പ്രഖ്യാപിക്കുന്നതും സഭയിലാണല്ലോ.

ദാനമായി ലഭിച്ച ഈ വിശ്വാസം ആദ്യമായി പ്രഘോഷിക്കേണ്ടത് നമ്മുടെ കുടുംബങ്ങളിൽ തന്നെയാണ്. ക്രിസ്തുവിലുള്ള വിശ്വാസം വിശ്വസ്തതയോടെ ജീവിച്ചുകൊണ്ടാണ് അത് സാധിതമാകേണ്ടത്. ക്രിസ്തുവിലുള്ള വിശ്വാസത്തിന് ചേരാത്ത കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ അതെല്ലാം നീക്കിക്കളയണം. അതുപോലെ തന്നെ നമ്മുടെ വിശ്വാസം നമ്മുടെ അയൽക്കാർക്കും നമ്മെ സമീപിക്കുന്ന എല്ലാവർക്കും ദൃശ്യമാകുകയും അവർക്ക് പ്രചോദനമേകുകയും ചെയ്യണം. ക്രൈസ്തവജീവിതം കേവലം ഏതാനും ആചാരങ്ങളും അനുഷ്ഠാനങ്ങളും അല്ല, പ്രത്യുത, അതൊരു ജീവിതശൈലിയും മനോഭാവവുമാണ്. നമ്മുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും പ്രതികരണത്തിലും എല്ലാം അത് പ്രതിഫലിക്കണം. അതായത് ഒരു തുണിയിൽ എപ്രകാരം അതിന്റെ നിറം സന്നിവേശിച്ചിരിക്കുന്നുവോ അതുപോലെ ആയിരിക്കണം നമ്മുടെ വിശ്വാസവും ജീവിതവും. മറ്റു വാക്കുകളിൽ പറഞ്ഞാൽ  നിറത്തെ തുണിയിൽ നിന്നും മാറ്റി നിർത്താൻ സാധിക്കാത്തതുപോലെ ഗാഢമായി ബന്ധപ്പെട്ടതായിരിക്കണം നമ്മുടെ വിശ്വാസവും ജീവിതവും.

നാം സ്വീകരിച്ച വിശ്വാസം നമ്മുടെ പിന്നാലെ വരുന്ന തലമുറയിലേയ്ക്ക് പകർന്നു നൽകുക എന്നത് അതിപ്രധാനമായ ഒരു സംഗതിയാണ്. നമ്മുടെ കുട്ടികൾ ക്രിസ്തുവിശ്വാസത്തിൽ വളർന്നുവരാനുള്ള എല്ലാ സാഹചര്യവും നമ്മൾ ഒരുക്കി കൊടുക്കണം. അതിനുവേണ്ടി ചെലവഴിക്കുന്ന സമയവും ഊർജ്ജവും പണവും ഒന്നും പാഴായിപ്പോകുകയില്ല. ക്രിസ്തുവിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ട് വളരാൻ നമ്മൾ കുട്ടികളെ പ്രാപ്തരാക്കണം. സെപ്റ്റംബർ 9 ന് മതബോധനഞായർ ആണെന്ന് നിങ്ങൾ ഓർമ്മിക്കുമല്ലോ. അന്നേ ദിവസം കുട്ടികൾക്കായി

ഇടവകകളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

വിശ്വാസകാര്യങ്ങളെ പറ്റിയോ സഭയെപ്പറ്റിയോ കേവലം കുറെ അറിവ് പകർന്ന് കൊടുക്കുന്നതല്ല മതബോധനം എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പള്ളിയിൽ പോകാതെയും വിശുദ്ധകുർബാനയിലും മറ്റ് കൂദാശകളിലും പങ്കെടുക്കാതെയും വർഷാവസാനം പഠിച്ച് പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന കുട്ടി വിശ്വാസത്തെപ്പറ്റിയും സഭയെപ്പറ്റിയും അറിവ് നേടുന്നുണ്ടാകാം. പക്ഷേ ആ കുട്ടി വിശ്വാസത്തിൽ പരിശീലിപ്പിക്കപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മതബോധനപരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്ന കുട്ടിയ്ക്കും വിശ്വാസത്തിൽ ബോധ്യം ഉണ്ടാകണമെന്നില്ല. ഏതൊരു ജീവിതവും ഫലപ്രദമാകണമെങ്കിൽ പരിശീലനം ആവശ്യമാണല്ലോ. അത് കുട്ടിക്കാലത്ത് തന്നെ ആരംഭിക്കുകയും വേണം. അതിൽ ഏറ്റവും ശ്രദ്ധ വയ്ക്കേണ്ടത് മാതാപിതാക്കളാണ്.

മതബോധനദിനം പോലെ തന്നെ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ ദിവസവും (Childrens' Day) അവരെ പരിശീലിപ്പിക്കുന്ന അധ്യാപകരുടെ ദിവസവും (Teachers' Day) നമ്മൾ ആചരിക്കുന്നുണ്ട്. തങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും തങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കുന്നവരോടുള്ള ബഹുമാനത്തിൽ വളരുവാനും എല്ലാം ഇത് കുട്ടികൾക്ക് കാരണമാകും. മാതാപിതാക്കൾ ഉത്സാഹത്തോടു കൂടി തന്നെ കുട്ടികളെ വിശ്വാസ പരിശീലന ക്ലാസുകളിലേയ്ക്ക് പറഞ്ഞയയ്ക്കണം. കുട്ടികളുടെ ഭൗതികമായ വിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധ വയ്ക്കുന്ന മാതാപിതാക്കൾ തെറ്റായ മൂല്യങ്ങളായിരിക്കും കുട്ടികളിലേയ്ക്ക് പകർന്ന് കൊടുക്കുന്നത്. അതിന്റെ തിക്തഫലം അവരുടെ വയസ്സുകാലത്ത് മക്കളിൽ നിന്ന് ഉണ്ടാകും എന്നതിന് അനുഭവങ്ങൾ സാക്ഷികളാണ്.

ഇത്തരുണത്തിൽ വിശ്വാസപരിശീലന രംഗത്ത് സേവനം ചെയ്യുന്ന എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് അവർ പരിശീലിപ്പിക്കുന്ന കുട്ടികളിലൂടെ ദൈവം അവർക്ക് പ്രതിഫലം കൊടുക്കട്ടേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചതിന്റെ അമ്പതാം വാർഷികത്തിലാണ് വിശ്വാസവർഷം ആരംഭിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ പാവനനിക്ഷേപം ഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്ത രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണ

രേഖകൾ ഒന്നുകൂടി ആഴത്തിൽ പഠിക്കാനുള്ള അവസരം കൂടിയാണ് വിശ്വാസവർഷം. നമ്മുടെ വിശ്വാസത്തിന്റെ ചരിത്രം വീണ്ടും കണ്ടെത്തുക എന്നത് നിർണ്ണായകപ്രാധാന്യമുള്ള ഒരു കാര്യമായി ഈ വർഷത്തിൽ നമ്മൾ കാണണം എന്ന് *വിശ്വാസത്തിന്റെ വാതിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. (വിശ്വാസത്തിന്റെ വാതിൽ 13).* അതുപോലെ തന്നെ പരസ്നേഹത്തിന്റെ സാക്ഷ്യം കൂടുതൽ തീവ്രമാക്കാനുള്ള നല്ല അവസരം കൂടിയാണ് വിശ്വാസവർഷം എന്ന് പരിശുദ്ധപിതാവ് ഉദ്ബോധിപ്പിക്കുന്നു *(വിശ്വാസത്തിന്റെ വാതിൽ 14).* പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ശരിയായ വിശ്വാസമല്ല എന്ന് വി. യാക്കോബ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

സത്യവിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള സമഗ്രമായ അറിവ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്ക് നൽകുന്നുണ്ട്. വിശ്വാസം പഠിപ്പിക്കാൻ സുനിശ്ചിതമായ ഒരുപാധിയാണ് അതെന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിട്ടുണ്ട് (*Fidei Depositum 115.117*). സത്യവിശ്വാസം സംരക്ഷിക്കുന്നതിന് ഈ മതബോധനഗ്രന്ഥത്തിന്റെ വ്യാപനം വിശ്വാസവർഷത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. അതുപോലെ തന്നെ യുവാക്കളെ ലക്ഷ്യം വച്ച് തയ്യാറാക്കിയിട്ടുള്ള യുവജന മതബോധനഗ്രന്ഥവും പ്രചരിപ്പിക്കപ്പെടണം. ഇടവകകളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും ഇക്കാര്യത്തിൽ മുൻകൈയെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. സാധിക്കുന്നവർ ഓരോ പുസ്തകം സ്പോൺസർ ചെയ്താൽ തന്നെ നമ്മുടെ ഓരോ ഇടവകയിലുമുള്ള കുട്ടികൾക്കെല്ലാവർക്കും ആ പുസ്തകം വാങ്ങി കൊടുക്കാൻ കഴിയും.

പരിശുദ്ധപിതാവിന്റെ ആഹ്വാനമനുസരിച്ചും കേരളമെത്രാൻ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചും നമ്മുടെ രൂപതയിൽ വിശ്വാസവർഷം ഫലവത്തായി ആചരിക്കാൻ രൂപതാമതബോധന വിഭാഗത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. രൂപതാ മതബോധന ഡയറക്ടറുടെ നേതൃത്വത്തിൽ ഇതിനുവേണ്ട നിർദ്ദേശങ്ങൾ നൽകപ്പെടുന്നതാണ്. വിശ്വാസവർഷത്തെ സൂചിപ്പിക്കുന്ന ഒരു പതാക എല്ലാ ഇടവകദേവാലയങ്ങളിലും സമർപ്പിതഭവനങ്ങളിലും തൂക്കുന്നത് ഉത്തമമാണ്. പതാക രൂപതാ മതബോധനകേന്ദ്രം തയ്യാറാക്കുന്നുണ്ട്. ഒക്ടോബർ 14-ന് ഞായറാഴ്ച എല്ലാ ഇടവക ദേവാലയങ്ങളിലും വിശുദ്ധകുർബാന മദ്ധ്യേ വിശ്വാസവർഷത്തെപ്പറ്റി ബഹുമാനപ്പെട്ട വൈദികർ പ്രസംഗിക്കുകയും പ്രതീകാത്മകമായി വർഷാചരണത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്യണം. വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലിക്കൊണ്ടാണ് ഇത്

നിർവ്വഹിക്കേണ്ടത്. കാർമ്മികൻ ചൊല്ലിക്കൊടുക്കുകയും കുർബാനയിൽ പങ്കെടുക്കുന്നവർ അത് ഏറ്റു ചൊല്ലുകയും ചെയ്യുന്ന രീതിയിലാണ് ഇത് നിർവ്വഹിക്കേണ്ടത്. അതേ ദിവസം തന്നെ എല്ലാ സമർപ്പിത ഭവനങ്ങളിലും കുടുംബങ്ങളിലും യഥാക്രമം സുപ്പീരിയർമാരുടേയും കുടുംബനാഥൻ അഥവാ കുടുംബനാഥയുടെയും നേതൃത്വത്തിൽ ഇപ്രകാരം ചെയ്യണം. ഇതുപോലെ തന്നെ വർഷാചരണം സമാപിക്കുന്ന 2013 നവംബർ 24 ഞായറാഴ്ചയും ചെയ്യേണ്ടതാണ്.

നമുക്ക് ദാനമായി ലഭിച്ച വിശ്വാസത്തിന് നന്ദി പറയാനും അതിൽ അടിയുറച്ച് നിൽക്കാനും അതിന് സജീവ സാക്ഷ്യം നൽകാനും വിശ്വാസവർഷാചരണം നമുക്ക് ഇടവരുത്തട്ടെ. വിശ്വാസത്തിന്റെ തുറക്കപ്പെട്ട വാതിലിലൂടെ അതിന്റെ ആഴങ്ങളിലേയ്ക്ക് പ്രവേശിക്കാൻ സർവ്വശക്തനായ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഓഗസ്റ്റ് മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സെപ്റ്റംബർ മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 06/2012***
***Prot. No. 12851/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ ആഗോളസഭയിൽ വിശ്വാസവർഷം ആചരിക്കുകയാണല്ലോ. നമ്മുടെ രൂപതയിൽ ഈ ആചരണം എങ്ങനെയാണ് തുടങ്ങേണ്ടതെന്നും എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നും ഞാൻ മുമ്പൊരു കത്തിൽ എഴുതിയിരുന്നു. അതനുസരിച്ച് നിങ്ങൾ ചെയ്യുന്നുണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ശരിയായ കത്തോലിക്കാ വിശ്വാസത്തിൽ നിന്ന് നമ്മെ വഴിതെറ്റിക്കുന്ന ചില പ്രവണതകളെപ്പറ്റിയാണ് ഈ സർക്കുലറിൽ പ്രതിപാദിക്കുന്നത്. കരിസ്മാറ്റിക്ക് നവീകരണപ്രസ്ഥാനവുമായി ബന്ധപ്പെട്ടവയാണ് അവ. കരിസ്മാറ്റിക് പ്രസ്ഥാനത്തെ എതിർക്കാനോ ഇല്ലാതാക്കാനോ അല്ല പ്രത്യുത, അതിലെ ചില തെറ്റായ പ്രവണതകളെ തിരുത്തി പൂർവ്വാധികം ശോഭയോടെ വളരുന്നത് സാധ്യമാക്കാനാണ് ഇതെഴുതുന്നത് എന്ന് ആദ്യമേ തന്നെ സൂചിപ്പിക്കട്ടെ. എന്റെ ഈ സർക്കുലർ വായിക്കുമ്പോൾ തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് അത്തരം ഒരു മുന്നറിയിപ്പു നൽകുന്നത്.

**ഭാഗം 1**

ഭാരതത്തിലെ, വിശിഷ്യാ കേരളത്തിലെ കത്തോലിയ്ക്കരുടെ, വിശ്വാസജീവിതത്തിൽ പുതിയൊരു വസന്തം സൃഷ്ടിക്കാൻ സാധിച്ച ഒരു പ്രസ്ഥാനമാണ് കത്തോലിയ്ക്കാ കരിസ്മാറ്റിക്ക് പ്രസ്ഥാനം. ഇന്ന് നമ്മുടെ പല ഇടവകകളും സമൂഹങ്ങളും സജീവമായി വിശ്വാസജീവിതം നയിക്കുന്നുണ്ടെങ്കിൽ അതിന് കരിസ്മാറ്റിക്ക് പ്രസ്ഥാനം വളരെയധികം കാരണമായിട്ടുണ്ട്. സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പറ്റി പുതിയൊരവബോധം നമ്മുടെയെല്ലാം മനസിൽ ഉണ്ടാവുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് സ്വയം തുറന്ന് കൊടുക്കാൻ അത് നമ്മിൽ പലരേയും പ്രേരിപ്പിക്കുകയും വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും മാറ്റങ്ങൾ വരുത്താൻ സഹായിക്കുകയും ചെയ്തു. കരിസ്മാറ്റിക്ക് നവീകരണപ്രസ്ഥാനത്തിലൂടെ സഭയിൽ ഉണ്ടായ മാറ്റങ്ങൾക്ക് നമുക്ക് ദൈവത്തിന് നന്ദി പറയാം.

കേരള കത്തോലിക്കാസഭയിൽ ഇന്ന് കരിസ്മാറ്റിക്ക് ധ്യാനങ്ങൾ നടത്തുന്ന അനേകം ധ്യാനകേന്ദ്രങ്ങളുണ്ട്. അതുപോലെ ധാരാളം ധ്യാന ഗ്രൂപ്പുകളും ഉണ്ട്. രൂപതാവൈദികരും സന്യസ്തവൈദികരും സ്ത്രീ-പുരുഷ സമർപ്പിത സമൂഹങ്ങളിൽപ്പെട്ട മറ്റനേകം അംഗങ്ങളും അത്മായ പ്രേഷിതരും ഒരുമിച്ച് ഇവിടെയെല്ലാം ശുശ്രൂഷ ചെയ്യുന്നു എന്നത് വളരെ ശുഭോദർക്കമാണ്. ഇതിലൂടെയെല്ലാം അനേകം പേർ ജീവിതനവീകര ണത്തിലേയ്ക്ക് വന്നിട്ടുമുണ്ട്. അന്യമതസ്തർക്ക് പോലും കരിസ്മാ റ്റിക്ക് നവീകരണം ഗുണകരമായി തീർന്നിട്ടുണ്ട് എന്നതും ഒരു വസ്തു തയാണ്.

കരിസ്മാറ്റിക്ക് പ്രസ്ഥാനം ആദ്യമായി തുടങ്ങിയത് കത്തോലി യ്ക്കാസഭയിലല്ല, പ്രത്യുത, അകത്തോലിയ്ക്കാ സഭകളിലും സമൂഹ ങ്ങളിലുമാണ്. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഔദ്യോ ഗികമായി തുടങ്ങിവച്ച എക്യുമെനിക്കൽ അഥവാ സഭൈക്യ പ്രസ്ഥാ നത്തിന്റെ പശ്ചാത്തലത്തിൽ അകത്തോലിക്കാസഭകളിൽ കാണുന്ന നല്ല ഘടകങ്ങളെ കത്തോലിക്കാസഭയും സ്വീകരിക്കുകയായിരുന്നു എന്നതായിരുന്നു സത്യം. സൂനഹദോസിനെ തുടർന്ന് പല അകത്തോ ലിക്കാ സഭാവിഭാഗങ്ങളുമായി കത്തോലിക്കാ സഭ ഡയലോഗിൽ ഏർപ്പെ ടുകയും വിശ്വാസസംബന്ധമായ പല കാര്യങ്ങളിലും ഐക്യത്തിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. അതിലൂടെ വിരുദ്ധ ചേരികളിൽ നില കൊണ്ട സഭാസമൂഹങ്ങളെ ഒരു പരിധിവരെയെങ്കിലും ക്രിസ്ത്യാനി കൾ എന്ന ഒരു കുടക്കീഴിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ കത്തോലിക്കാസഭയുമായി പൂർണ്ണ ഐക്യത്തിൽ എത്തിച്ചേരാത്തതു കൊണ്ട് വി. കുർബാനയിൽ അവരുമായി ഒരുമിക്കാൻ നമുക്ക് സാധി ക്കുകയില്ല. ഈ അവസ്ഥയിൽ കരിസ്മാറ്റിക്ക് പ്രസ്ഥാനം എല്ലാവർക്കും ഒരുമിക്കാനുള്ള നല്ലൊരു വേദിയുണ്ടാക്കി കൊടുത്തു എന്നത് ഏറെ ശ്ലാഘനീയമായ വസ്തുതയാണ്.

എന്നാൽ ഇപ്രകാരമുള്ള ഒരുമിക്കൽ ചില തെറ്റിദ്ധാരണകൾക്കും ഇടയായി. എല്ലാ സഭകളും കർത്താവിൽ വിശ്വസിക്കുന്നു. അതുകൊണ്ട് എവിടെയായിരുന്നാലും മതി എന്നൊരു ചിന്ത പലരിലും കടന്നുകൂടി. അതുമൂലം പലരും കത്തോലിക്കാസഭയുടെ അനന്യത മറക്കുകയോ മനസിലാക്കാതെ പോകുകയോ ചെയ്യുകയും സഭ വിട്ടുപോകാൻ പോലും ഇടവരുകയും ചെയ്തു. ചിലർ അകത്തോലിക്കാ സമൂഹങ്ങ ളിൽ ചേർന്നു; മറ്റു ചിലർ സ്വന്തം സഭകൾ സ്ഥാപിച്ച് വഴിപിരിഞ്ഞു. ഈ പ്രതിഭാസം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ദൈവവചന വ്യാഖ്യാനത്തെ സംബന്ധിച്ചും കത്തോലിക്കാ സഭയുടെ ചില ആചാ

രാനുഷ്ഠാനങ്ങളെ സംബന്ധിച്ചും അകത്തോലിയ്ക്കാ സമൂഹങ്ങൾ വച്ചുപുലർത്തുന്ന അഭിപ്രായ വ്യത്യാസങ്ങൾ മനസിലാക്കാതെ അവരുടെ നിലപാടുകൾ സ്വീകരിച്ചതുകൊണ്ടാണ് ഏറിയ സഭകളിലും ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. ബൈബിൾ സംബന്ധിയായ അകത്തോലിക്കാ വിഭാഗങ്ങളുടെ നിലപാടല്ലേ ശരി എന്ന് ബൈബിൾ വിജ്ഞാനത്തിൽ പിന്നിലായ പല കത്തോലിക്കരും ചിന്തിച്ചു പോകുന്നു. ഒരു പരിധിവരെ സഭാനേതൃത്വവും വൈദീകരും സമർപ്പിതരും എല്ലാം ഇക്കാര്യത്തിൽ അവരവരുടേതായ രീതിയിൽ പരാജയപ്പെട്ടിട്ടുണ്ട് എന്നത് വസ്തുതയാണ്.

സാധാരണക്കാരുടെയിടയിൽപ്പോലും ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്തി എന്നത് കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെ വലിയൊരു മേന്മയാണ്. പരമ്പരാഗതമായി കത്തോലിക്കരുടെയിടയിൽ വിശുദ്ധഗ്രന്ഥവായന തീർത്തും വിരളമായിരുന്നു. കേരളകത്തോലിക്കരും അതിന് അപവാദമായിരുന്നില്ല. ഔദ്യോഗികമായി അത് പ്രോത്സാഹിപ്പിച്ചിരുന്നുമില്ല. എന്നാൽ അകത്തോലിക്കാസഭകളിൽ അതിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു താനും. കാരണം വളരെ നേരത്തെ തന്നെ അവർക്ക് പ്രാദേശികഭാഷകളിൽ ബൈബിൾ ലഭ്യമായിരുന്നു. മാത്രമല്ല അവരുടെ ആരാധനകൾ ദൈവവചനവായനയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ളവയുമായിരുന്നു. ഇക്കാരണത്താൽ പലപ്പോഴും ബൈബിൾ സംബന്ധമായ അകത്തോലിക്കരുടെ ചോദ്യങ്ങൾക്ക് മുമ്പിൽ കത്തോലിക്കർ പതറിപ്പോകുന്ന സ്ഥിതിസംജാതമായി. ഈ സ്ഥിതിവിശേഷം ചഞ്ചലമനസ്കരായ പല കത്തോലിക്കരേയും അകത്തോലിക്കാസഭകളിൽ ചേരാൻ പ്രേരിപ്പിച്ചു.

ബഹുമാനപ്പെട്ട ഇടവക വികാരിമാരും ഇടവകയിൽ പ്രവർത്തിക്കുന്ന സമർപ്പിതരും അതുപോലെ വിശ്വാസപരിശീലകരും ഇതേപ്പറ്റി അവബോധമുള്ളവരാകാനും തങ്ങൾക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളെ, പ്രത്യേകിച്ച് വചനാഭിമുഖ്യം കൂടുതലുള്ളവരെ, പ്രോത്സാഹിപ്പിക്കാനും ശരിയായ പാതയിലൂടെ നയിക്കാനും പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെതന്നെ കത്തോലിക്കാ വിശ്വാസത്തിന്റെ അനന്യത ബോധ്യപ്പെടുത്താനും വചനം ശരിയായി വ്യാഖ്യാനിക്കാനും അവർ പ്രാപ്തരാകണം. വിശിഷ്യ സമർപ്പിതർ - പുരുഷന്മാരും സ്ത്രീകളും - പ്രത്യേകമായി ഇക്കാര്യത്തിൽ താത്പര്യമെടുക്കുകയും തങ്ങളുടെ അർത്ഥികളേയും അർത്ഥിനികളേയും അതിനായി ഒരുക്കുകയും ഇടവകസമൂഹങ്ങളിൽ ശുശ്രൂഷ ചെയ്യാൻ നിയോഗിക്കുകയും ചെയ്യണം. തങ്ങളുടെ ആതുരശുശ്രൂഷാസ്ഥാപനങ്ങളിലും വിദ്യാഭ്യാസ

സ്ഥാപനങ്ങളിലും മറ്റും ഉണ്ടാകുന്ന ഒഴിവുകളെ മാത്രം ലക്ഷ്യം വച്ചു കൊണ്ടുള്ള ഒരു പരിശീലനപദ്ധതി തുടർന്നാൽ വളരെ ഗുരുതരമായ ഒരു പ്രതിസന്ധി അനതിവിദൂരഭാവിയിൽ ഉണ്ടാകാം.

പ്രൊട്ടസ്റ്റന്റ് സഭകളുടെ തുടക്കത്തിന് കാരണക്കാരനും ജർമ്മൻകാരനുമായ മാർട്ടിൻ ലൂഥർ, വി.ഗ്രന്ഥം ലത്തീനിൽ നിന്ന് ജർമ്മൻ ഭാഷയിലേയ്ക്ക് തർജ്ജിമ ചെയ്തതോടെയാണ് സാധാരണ വിശ്വാസികൾക്ക് വിശുദ്ധഗ്രന്ഥം പ്രാപ്യമായി തുടങ്ങിയത്. പ്രൊട്ടസ്റ്റന്റ് സഭകൾ പ്രചരിച്ച സ്ഥലങ്ങളിലെല്ലാം അതാത് പ്രാദേശിക ഭാഷകളിൽ ബൈബിൾ ലഭ്യമായി. എങ്കിലും കത്തോലിക്കർക്ക് സ്വന്തമായി പ്രാദേശികഭാഷകളിൽ ബൈബിൾ ലഭ്യമാകാൻ പിന്നേയും നൂറ്റാണ്ടുകൾ വേണ്ടിവന്നു. നമ്മുടെ നാട്ടിലും സ്ഥിതി വ്യത്യസ്ഥമായിരുന്നില്ല.

1977 ലാണ് ആദ്യമായി മലയാളഭാഷയിൽ കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ ഔദ്യോഗികമായ ഒരു വിശുദ്ധഗ്രന്ഥ തർജ്ജിമ ഉണ്ടായത്. സമ്പൂർണ്ണ ബൈബിൾ തർജ്ജിമ ഉണ്ടാകാൻ 1981 വരെ കാത്തിരിക്കേണ്ടി വന്നു. അതിനു മുമ്പ് പല വ്യക്തികളും ഈ രംഗത്ത് സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും അവയൊന്നും കത്തോലിക്കാ വിശ്വാസികളുടെയിടയിൽ കാര്യമായി പ്രചരിച്ചില്ല. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെയാണ് കേരളസഭയിൽ കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടായതും. കരിസ്മാറ്റിക് ധ്യാനങ്ങളിലും പ്രാർത്ഥനാസമ്മേളനങ്ങളിലും വചനവായനയ്ക്കും അതിന്റെ അടിസ്ഥാനത്തിലുള്ള സ്വയം പ്രേരിതപ്രാർത്ഥനയ്ക്കും പ്രാധാന്യം കൊടുക്കുന്നുണ്ട്. അതുപോലെ തന്നെ ഉച്ചത്തിൽ സ്തുതിച്ചുകൊണ്ട് പ്രാർത്ഥിക്കുന്ന രീതിയും മറ്റും നിലവിൽ വന്നു. കരിസ്മാറ്റിക് ധ്യാനങ്ങളിൽ പങ്കെടുത്ത് ആഴത്തിലുള്ള ദൈവാനുഭവം ഉണ്ടായ ധാരാളം പേർ വിശുദ്ധഗ്രന്ഥവായനയും വചനധ്യാനവും തങ്ങളുടെ അനുദിന ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി. കുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയോടു കൂടി വിശുദ്ധഗ്രന്ഥ വായനയും കൂട്ടിച്ചേർക്കപ്പെട്ടു. അതിന്റെയെല്ലാം ഫലം അത്ഭുതാവഹമായിരുന്നു. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും എല്ലാം കാതലായ മാറ്റങ്ങൾ വരാൻ തുടങ്ങി. അങ്ങനെ ജീവിതനവീകരണം വന്നവർ ഇടവകയിലും സജീവമായി പ്രവർത്തിക്കാൻ തുടങ്ങി.

എന്നാൽ ബൈബിൾ വായനയോടൊപ്പം മറ്റൊന്നു കൂടി സംഭവിച്ചു: ബൈബിൾ മാത്രമാണ് വിശ്വാസത്തിന് അടിസ്ഥാനമെന്നുള്ള പ്രൊട്ടസ്റ്റന്റ് പ്രബോധനം കത്തോലിക്കാവിശ്വാസവും കത്തോലിക്കാസഭയിലെ പല ആചാരാനുഷ്ഠാനങ്ങളും ദൈവവചനത്തിനെതിരാണ്

എന്ന ചിന്തയിൽ എത്തിച്ചേരാൻ പലരേയും പ്രേരിപ്പിച്ചു. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ കടന്നു വരവോടെ ഇത്തരം ചിന്ത കത്തോലിക്കരുടെ ഇടയിലും കടന്നു കയറിയിട്ടുണ്ട് എന്ന് കാണുന്നു. വിശുദ്ധരുടെ തിരുസ്വരൂപങ്ങളോട് ചിലർ കാണിക്കുന്ന അസഹിഷ്ണതയും മറ്റും ഇതിനൊരു ഉദാഹരണമാണ്. ബൈബിളിൽ ഇല്ല എന്നതിന്റെ പേരിൽ സഭയിലെ ആചാരാനുഷ്ഠാനങ്ങളെ മാത്രമല്ല, പൗരോഹിത്യമുൾപ്പെടെയുള്ള വിശുദ്ധകൂദാശകളേപ്പോലും ചിലർ തിരസ്കരിക്കുന്നു. മറ്റ് ചിലരാകട്ടെ സഭയിലെ അധികാരശ്രേണിയെ (ഹയരാർക്കിയെ) നിരാകരിക്കുന്നു. ഇവയിൽ മിക്കതിനും വിശുദ്ധഗ്രന്ഥത്തിൽ തന്നെ അടിസ്ഥാനം കണ്ടെത്താൻ പറ്റും. മറ്റുള്ളവയ്ക്ക് വിശുദ്ധ പാരമ്പര്യങ്ങളിലും അടിസ്ഥാനമുണ്ട് എന്നതാണ് സത്യം. നിർഭാഗ്യവശാൽ കത്തോലിക്കാ വചനവ്യാഖ്യാനവും വിശുദ്ധപാരമ്പര്യങ്ങളെപ്പറ്റിയുള്ള പ്രബോധനവും ഇപ്രകാരം ചെയ്തവർക്ക് തക്കസമയത്ത് കിട്ടിയില്ല എന്നതിനാൽ അവർ ഇക്കാര്യങ്ങളെ തെറ്റിദ്ധരിച്ചു.

വിശുദ്ധഗ്രന്ഥത്തിൽ ഇല്ലാത്ത ഒരു കാര്യവും ഞാൻ സ്വീകരിക്കുകയില്ല എന്ന നിലപാട് ശരിയല്ല. കാരണം വിശുദ്ധഗ്രന്ഥം സഭയിലൂടെയാണ് നമുക്ക് കിട്ടിയത്. സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ധാരാളം സുവിശേഷങ്ങളും ലേഖനങ്ങളും പലരും എഴുതിയിരുന്നു. അവയിൽ നിന്ന് ഇന്ന് നാം ബൈബിളിൽ കാണുന്ന ഗ്രന്ഥങ്ങൾ മാത്രമാണ് ദൈവനിവേശിതം എന്ന് സഭയിലെ സൂനഹദോസുകളാണ് അന്തിമമായി തീരുമാനിച്ചത്. അതുപോലെ തന്നെ ബൈബിൾ എഴുതപ്പെട്ട രൂപത്തിൽ നമ്മുടെ കൈകളിൽ എത്തുന്നതിന് മുമ്പായി അത് വാചികമായി അന്നത്തെ സമൂഹങ്ങളിൽ നിലവിലുണ്ടായിരുന്നു. കർത്താവിനെ നേരിട്ട് കണ്ട ശിഷ്യരുടെ സംഖ്യ ഇല്ലാതാകുന്ന അവസ്ഥയിലാണ് അവിടുന്ന് പ്രബോധിപ്പിച്ചതും ചെയ്തതുമായ കാര്യങ്ങൾ വരും തലമുറകൾക്കായി എഴുതിവയ്ക്കണം എന്ന ആശയം ഉണ്ടായത്. മാത്രമല്ല, സഭ ലോകത്തിൽ പല ഭാഗങ്ങളിലും പ്രചരിച്ചതോടെ അവർക്കെല്ലാം വായിക്കത്തക്ക രീതിയിൽ കർത്താവിന്റെ വചനങ്ങൾ കൊടുക്കേണ്ടതായും വന്നു. അങ്ങനെയാണ് ദൈവവചനം എഴുത്തു രൂപത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. എന്നാൽ കർത്താവ് പറഞ്ഞതും ചെയ്തതുമായ എല്ലാ കാര്യങ്ങളും എഴുതപ്പെട്ടിട്ടില്ല എന്ന് വി. യോഹന്നാന്റെ വാക്കുകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം എഴുതുന്നു: *യേശു ചെയ്ത മറ്റ് പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിന് തന്നെ സധിക്കാതെ വരുമെന്നാണ് എനിക്ക് തോന്നുന്നത്* (യോഹ.21-25). വിശുദ്ധ പൗലോസിന്റെ വാക്കു

കളിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ എല്ലാം വിശുദ്ധഗ്രന്ഥത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വ്യക്തമാണ്. കൊളോസിയർക്കുള്ള ലേഖനത്തിൽ അദ്ദേഹം ഇപ്രകാരം എഴുതുന്നു: ഈ കത്ത് നിങ്ങളുടെ ഇടയിൽ വായിച്ച് കഴിഞ്ഞതിന്ശേഷം ലവൊദീക്യയിലുള്ള സഭയിലും വായിക്കണം. അതുപോലെതന്നെ ലവൊദീക്യക്കാർക്കുള്ള കത്ത് നിങ്ങളും വായിക്കണം (കൊളോ 4.16). ലവൊദീക്യക്കാർക്കുള്ള കത്ത് ഇന്ന് നമ്മുടെ കൈവശമുള്ള ബൈബിൾ ഇല്ല എന്നതുകൊണ്ട് ആ കത്തിന്റെ അടിസ്ഥാനത്തിൽ ലവൊദീക്യായിലെ സഭയിൽ ആരംഭിച്ച കാര്യങ്ങൾ നമുക്ക് നിഷേധിക്കാൻ കഴിയുകയില്ലല്ലോ. അവരുടെ പാരമ്പര്യങ്ങൾ മറ്റു സഭകളും സ്വീകരിച്ചിട്ടുണ്ടാകണം എന്ന് നമുക്ക് അനുമാനിക്കാം.

ഇന്ന് നാം കാണുന്ന എഴുതപ്പെട്ട ദൈവവചനം അപ്രകാരം നമുക്ക് കിട്ടുന്നതിന് മുമ്പും സഭയുണ്ടായിരുന്നു. അന്നത്തെ സഭാജീവിതത്തിന്റെ തുടർച്ചയാണ് ഇന്നുള്ളത്. അതിലൂടെയാണ് പല പാരമ്പര്യങ്ങളും സഭയിൽ ഉണ്ടായിട്ടുള്ളത്. അവയിൽ അപചയങ്ങൾ ഇല്ല എന്ന് അവകാശപ്പെടുന്നില്ല. എന്നാൽ എല്ലാം വിശുദ്ധഗ്രന്ഥത്തിനെതിരാണ് എന്ന നിലപാട് ശരിയായിരിക്കുകയില്ല. അതുകൊണ്ടാണ് സഭാപാരമ്പര്യങ്ങളെ എഴുതപ്പെടാത്ത ദൈവവചനമായി കത്തോലിക്കർ കരുതിപ്പോരുന്നത്. കാരണം ആ പാരമ്പര്യങ്ങൾ കർത്താവിന്റെ പ്രബോധനങ്ങളെ അടിസ്ഥാനപ്പെടുത്തി തുടങ്ങിയവയാണ്. അതുപോലെ തന്നെ പരമ്പരാഗതമായി ശ്ലീഹന്മാരും അവരുടെ പിൻഗാമികളും സഭാപിതാക്കന്മാരുമെല്ലാം ദൈവവചനത്തെ നമുക്ക് വ്യാഖ്യാനിച്ച് തന്നതിന്റെ പശ്ചാത്തലത്തിൽ തുടങ്ങിയിട്ടുള്ളവയുമാണ് അവയിൽ ഒട്ടുമിക്കതും. ആ പാരമ്പര്യങ്ങളെ നിഷേധിക്കുന്നവർ ദൈവവചനത്തിന്റെ വലിയൊരു ഭാഗത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത് എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. പാരമ്പര്യം എന്നു പറയുമ്പോൾ സഭയിലെ ആചാരാനുഷ്ഠാനങ്ങൾ എന്ന നിലയിലല്ല അതിനെ മനസ്സിലാക്കേണ്ടത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. എല്ലാ ആചാരാനുഷ്ഠാനങ്ങളും വിശുദ്ധപാരമ്പര്യങ്ങളിൽ പെടുന്നില്ല എന്നത് വസ്തുതയാണ്. പ്രാദേശികമായ പല ആചാരാനുഷ്ഠാനങ്ങളും കത്തോലിക്കർ സ്വീകരിച്ചിട്ടുണ്ട്. വിവാഹത്തിന് താലികെട്ടുന്നത് തന്നെ ഉദാഹരണം. അങ്ങനെയൊരു ആചാരം വിശുദ്ധഗ്രന്ഥാധിഷ്ഠിതമാണ് എന്ന് ആരും അവകാശപ്പെടുന്നില്ല. വിശുദ്ധഗ്രന്ഥത്തിൽ ഇല്ല എന്ന് പറഞ്ഞ് അതിനെ നിരാകരിക്കുന്നതും അർത്ഥശൂന്യമാണ്. ഇപ്പറഞ്ഞവയെല്ലാം സാംസ്കാരികാനുരൂപണത്തിന്റെ പേരിൽ സ്വീകരിച്ചിട്ടുള്ളവയാണ്. അവ വിശുദ്ധഗ്രന്ഥത്തിന് എതിരുമല്ല.

അതുപോലെ തന്നെ മതസഹിഷ്ണതയുടെ ഭാഗമായും നമ്മൾ പല കാര്യങ്ങളും ചെയ്യാറുണ്ട്. നാം ചന്തയിൽ നിന്ന് വാങ്ങുന്ന മാംസം ഏറിയ പങ്കും ഇസ്ലാംമതപ്രകാരം പ്രാർത്ഥിച്ച് അറുത്ത് കൊന്ന മൃഗ ങ്ങളുടേതാണ് എന്ന വസ്തുത പലർക്കും അജ്ഞാതമല്ല. എത്രയോ കാലമായി നമ്മൾ അത് വാങ്ങിക്കഴിക്കുന്നു. ആരും അതിൽ തെറ്റ് കാണുന്നില്ല. വിമാനത്തിലും മറ്റും യാത്ര ചെയ്യുമ്പോൾ കിട്ടുന്ന ഭക്ഷണം ഇസ്ലാം മതപ്രകാരവും യഹൂദമതപ്രകാരവും മറ്റും പാകം ചെയ്തതാണെന്ന് അതിൽ എഴുതിയിട്ടുണ്ടാകും. അത് ഭക്ഷിക്കുന്ന തിലും ആരും തെറ്റ് കാണുന്നില്ല. ഇപ്പോഴും നമ്മുടെ വീടുകളിൽ വിവാ ഹസദ്യയ്ക്ക് മാംസഭക്ഷണത്തിനായി കൊല്ലുന്ന മൃഗങ്ങളെ ഇസ്ലാം മതവിധി പ്രകാരം കൊന്ന് തരാനായി മുസ്ലീം പുരോഹിതരെ ക്ഷണി ക്കുന്ന പതിവുണ്ട്. കാരണം സദ്യയ്ക്ക് ക്ഷണിക്കപ്പെട്ടിരിക്കുന്നവരിൽ ആ മതത്തിൽ പെട്ടവരും ഉണ്ടാകും. അവരെ നമ്മൾ ബഹുമാനിക്കുന്ന തിന്റെ ഭാഗമാണത്. ഇവിടെയെല്ലാം നമ്മൾ പൗലോസ് ശ്ലീഹായുടെ വാക്കുകൾ അനുസ്മരിക്കണം (1 കൊറി. 8:1-13). അതോടൊപ്പം നട പടി 15:20 ഉം നമ്മൾ ചേർത്ത് വായിക്കണം.

കോറിന്തോസിലെ സഭയിൽ യഹൂദരിൽ നിന്നും വിജാതീയരിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവരുണ്ടായിരുന്നു. യഹൂദരുടെ വിശ്വാ സമനുസരിച്ച് ജീവൻ രക്തത്തിലാണ്. ജീവന്റെ ഉടമ ദൈവമാണ് എന്ന വർ വിശ്വസിച്ചിരുന്നതുകൊണ്ട് രക്തത്തോടെയുള്ള മാംസം ഭക്ഷിക്കു ന്നത് അവർക്ക് നിഷിദ്ധമായിരുന്നു. ക്രൈസ്തവവിശ്വാസം സ്വീകരിച്ച പ്പോഴും അവർ ഇതേ വിശ്വാസം വച്ചുപുലർത്തി. എന്നാൽ വിജാതീ യർക്ക് ഇത്തരം വിശ്വാസമൊന്നുമില്ലായിരുന്നു. അതുകൊണ്ട് അവർ ക്രൈസ്തവവിശ്വാസം സ്വീകരിച്ചശേഷവും അത്തരം മാംസം ഭക്ഷിച്ചു. അത് വിഗ്രഹങ്ങൾക്ക് അർപ്പിച്ചതാണെങ്കിലും അവർക്ക് പ്രയാസമുണ്ടാ യിരുന്നില്ല. കാരണം പൗലോസ് ശ്ലീഹാ തന്നെ പറയുന്നതുപോലെ ലോകത്തിൽ വിഗ്രഹം എന്നൊന്നില്ലെന്നും ഏകദൈവമല്ലാതെ മറ്റൊരു ദൈവമില്ലെന്നും അവർക്കറിയാമായിരുന്നു (1 കൊറി. 8-4). എന്നാൽ അവരുടെ ആ നിലപാട് അത്ര വലിയ തത്വജ്ഞാനികളൊന്നുമല്ലാതി രുന്ന യഹൂദക്രിസ്ത്യാനികൾക്ക് വലിയ ഉതപ്പായിരുന്നു. ഇതേപ്പറ്റിയാണ് പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നത്, വിജാതീയ ക്രിസ്ത്യാനികളുടെ അറിവ് ശരിയാണെങ്കിലും ഇക്കാര്യത്തിൽ അവരെ നയിക്കേണ്ടത് അറിവല്ല പ്രത്യുത പരസ്നേഹമാണ് എന്നാണ്. അദ്ദേഹം എഴുതുന്നു: *അതിനാൽ ഭക്ഷണം എന്റെ സഹോദരന് ദുഷ്പ്രരണയ്ക്ക് കാരണമാ*

*കുന്നെങ്കിൽ അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടി ഞാൻ ഒരിക്കലും മാംസം ഭക്ഷിക്കുകയില്ല* (1 കൊറി. 8-13).

പലരും ചോദിക്കാറുണ്ട് ഹൈന്ദവസഹോദരർ ക്ഷേത്രങ്ങളിൽ നിന്ന് കൊണ്ടുവന്ന് കൊടുക്കുന്ന പായസവും മറ്റും കഴിക്കാമോ എന്ന്. വിശുദ്ധ പൗലോസിന്റെ നിലപാടനുസരിച്ച് അതിൽ തെറ്റൊന്നുമില്ല. എന്നാൽ അങ്ങനെ ചെയ്യുന്നത് സഹക്രൈസ്തവർക്ക് ഉതപ്പുണ്ടാക്കുമെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുക. അതോടൊപ്പം ഉതപ്പ് തോന്നുന്നവരെ കാര്യങ്ങൾ സാവധാനം പറഞ്ഞു മനസ്സിലാക്കാനും ശ്രമിക്കണം.

അതുപോലെ തന്നെ പഴയ നിയമത്തിലെ എല്ലാ നിയമങ്ങളും ഇന്നും നമ്മൾ അനുസരിക്കേണ്ടവയല്ല. പല നിയമങ്ങളേയും അതാത് കാലഘട്ടത്തിൽ ജീവിച്ചിരുന്ന ജനതകളുടെ ആവശ്യത്തിന് ദൈവം കൊടുത്തതാണ്. ശാസ്ത്രീയമായ അറിവ് വളരെ കുറഞ്ഞ അന്നത്തെ ജനതയെ ഏകദൈവവിശ്വാസത്തിലും ധാർമ്മികതയിലും നില നിർത്താൻ കൊടുത്തിട്ടുള്ള ധാരാളം നിയമങ്ങൾ പഴയനിയമത്തിൽ കാണാം. അവയെല്ലാം ഇന്നും ബാധകമാണ് എന്ന് കരുതേണ്ടതില്ല. എന്നു തന്നെയുമല്ല യഹൂദജനതയ്ക്ക് ദൈവം കൊടുത്ത ഒരുപാട് നിയമങ്ങളെ യേശു തന്നെ ഇല്ലാതാക്കി എന്നും നമുക്കറിയാം.

പരിശുദ്ധാത്മാവ് എല്ലാവർക്കും അഭിഷേകം കൊടുക്കുന്നുണ്ടെന്നും അതുകൊണ്ട് ആർക്കും ദൈവവചനം വ്യാഖ്യാനിക്കാം എന്നും ഉള്ള നിലപാടാണ് പൊതുവേ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾക്കുള്ളത്. തദ്ഫലമായി നിരവധി വ്യാഖ്യാനങ്ങൾ ഉണ്ടാകുകയും പലരുടേയും നേതൃത്വത്തിൽ പുതിയ പുതിയ സഭാവിഭാഗങ്ങൾ ഉണ്ടാകുകയും ചെയ്തു. കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിന്റെ ഫലമായി കത്തോലിക്കാസഭയിലും ഇങ്ങനെയൊരു പ്രതിഭാസം ഉണ്ടായിട്ടുണ്ട്. ഇതിനു മുമ്പ് പല സന്ദർഭങ്ങളിലും ഞാൻ എഴുതിയിട്ടുള്ളതുപോലെ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനം, എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്, അപ്പർ റൂം, ആത്മാഭിഷേകസഭ തുടങ്ങിയവ ഇങ്ങനെ ഉണ്ടായിട്ടുള്ളവയാണ്. അവരിൽ ചിലരെങ്കിലും ചില പന്തക്കുസ്താവിഭാഗങ്ങളുടെ ഭാഗമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഈ പ്രസ്ഥാനങ്ങളിൽ സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിന്റെ നേതാക്കന്മാരുമായി ഡയലോഗ് നടത്താൻ കേരള കത്തോലിക്കാ സഭാധികാരികൾ ശ്രമിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായി വിജയിച്ചിട്ടില്ല. അവരുടെ പ്രബോധനങ്ങളെ കത്തോലിക്കാ സഭ അംഗീകരിച്ചിട്ടുമില്ല. മറ്റു ചില വിഭാഗക്കാർ അങ്ങനെയൊരു ഡയലോഗിനു പോലും തയ്യാറല്ല. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനത്തിലും കത്തോലിക്കാ സഭാ പ്രബോധനത്തിലും ഒരുപോലെ ഒരാൾക്ക് വിശ്വസിക്കാൻ

കഴിയുകയില്ല. കാരണം അവ രണ്ടും വ്യത്യസ്തധ്രുവങ്ങളിൽ ഉള്ളവ യാണ്. ഇവ രണ്ടിലും ഒരേസമയം വിശ്വസിക്കുന്നു എന്ന് അവകാശ പ്പെടുന്നവർ ഒരു ആത്മശോധനയ്ക്ക് തയ്യാറാകണം.

കത്തോലിക്കാസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള വ്യാഖ്യാനം സ്വീകരിക്കാത്തതിന്റെ പരിണിത ഫലമാണ് മേൽപ്പറഞ്ഞ പ്രതിഭാസങ്ങൾ. കത്തോലിക്കാ വിശ്വാസജീവിതം കേവലം എഴുത പ്പെട്ട വചനത്തിൽ മാത്രം അധിഷ്ഠിതമല്ലെന്നും എഴുതപ്പെട്ടത് തന്നെ സ്വകാര്യവ്യക്തികളുടെ വ്യാഖ്യാനത്തിന് വിധേയമല്ല എന്നുമുള്ള വിശുദ്ധ പത്രോസ് ശ്ലീഹായുടെ പ്രബോധനം അംഗീകരിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. അദ്ദേഹം പറയുന്നു: *ആദ്യം നിങ്ങൾ ഇതു മനസ്സി ലാക്കുവിൻ; വിശുദ്ധലിഖിതത്തിലെ വചനങ്ങൾ ഒന്നും തന്നെ ആരു ടേയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല.* (2 പത്രോസ് 1-21).

കർത്താവിന്റെ പ്രബോധനങ്ങളും അവിടുന്ന് ചെയ്ത കാര്യ ങ്ങളും എഴുതപ്പെടാൻ തുടങ്ങിയതോടെ പലരും എഴുതാൻ തുടങ്ങി എന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. പലരും തങ്ങളുടെ ആശയങ്ങൾ പ്രച രിപ്പിക്കാനാണ് അങ്ങനെ എഴുതിയത്. പാഷണ്ഡതകൾ പഠിപ്പിച്ച പലരും ഇങ്ങനെ ചെയ്തിട്ടുണ്ട്. അപ്പോഴാണ് ഏതെല്ലാമാണ് ദൈവനിവേശിത മായി എഴുതപ്പെട്ട പുസ്തകങ്ങൾ എന്ന് സഭ ഔദ്യോഗികമായി തീർപ്പ് കൽപ്പിക്കേണ്ടി വന്നത്. കത്തോലിക്കാസഭയുടെ സൂനഹദോസുകളാണ് അപ്രകാരം ചെയ്തത് എന്നത് നാം ഓർത്തിരിക്കേണ്ടതാണ്. അതാ യത് വിശുദ്ധഗ്രന്ഥത്തിന്റെ ആധികാരികത സഭയുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. അതുപോലെതന്നെ അതിന്റെ ആധികാരികവ്യാഖ്യാ നവും സഭാധികാരത്തിന് വിധേയമാണ്. മാത്രമല്ല വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിന് ആഴത്തിലുള്ള പഠനവും ആവശ്യമാണ്. ബൈബിൾ എഴുതപ്പെട്ട ഭാഷകളും കാലദേശങ്ങളും സംസ്കാരങ്ങളും എല്ലാം മന സ്സിലായാലേ ശരിയായി വചനം വ്യാഖ്യാനിക്കാൻ കഴിയുകയുള്ളൂ. നമ്മുടെ കൈകളിൽ ഉള്ളത് തർജ്ജിമകളാണല്ലോ. ഭാഷാന്തരം നട ത്തുമ്പോൾ മൂലഭാഷയിലുള്ള ആശയങ്ങൾ അതേപടി അവതരിപ്പിക്കാൻ എളുപ്പമല്ല എന്ന വസ്തുത നമ്മൾ തിരിച്ചറിയണം. അതിനാൽ നമ്മൾ മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലുള്ള ബൈബിൾ മാത്രം അടി സ്ഥാനപ്പെടുത്തി വിശുദ്ധഗ്രന്ഥം വ്യാഖ്യാനിച്ചാൽ തെറ്റു പറ്റാനുള്ള സാദ്ധ്യത ഏറെയാണ്. സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ അവരുടെ ചില പ്രബോധനങ്ങളുടെ അടിസ്ഥാനമായി ഉദ്ധരിക്കുന്ന വി.പത്രോസിന്റെ ഒന്നാം ലേഖനം 19-20 വാക്യങ്ങൾ ഇപ്രകാരമുള്ള ഒന്നാണ്. *ആത്മാവോട് കൂടി ചെന്ന് അവൻ ബന്ധനസ്ഥരായ ആത്മാ*

*ക്കളോട് സുവിശേഷം പ്രസംഗിച്ചു. അവരാകട്ടെ നോഹിന്റെ കാലത്ത് പെട്ടകം പണിയപ്പെട്ടപ്പോൾ ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു.* അതുപോലെയുള്ള ഒരു വാക്യമാണ് 1 പത്രോസ് 4-6 ൽ നാം വായിക്കുന്നത്. *എന്തെന്നാൽ മനുഷ്യശരീരത്തിൽ മനുഷ്യനെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിന് വേണ്ടിയാണ് മരിച്ചവരോട് പോലും സുവിശേഷം പ്രസംഗിക്കപ്പെട്ടത്.* ശ്ലീഹായുടെ ഈ വാക്കുകളെ അടിസ്ഥാനപ്പെടുത്തി അവർ വാദിക്കുന്നു, സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ പറ്റാത്ത ആത്മാക്കൾ ഈ ഭൂമിയിൽ അലഞ്ഞു തിരിയുന്നെന്നും അവരെ വിളിച്ചുവരുത്തി സുവിശേഷം പ്രസംഗിച്ച് മാനസാന്തരപ്പെടുത്തി സ്വർഗ്ഗത്തിലേയ്ക്ക് അയയ്ക്കാമെന്നും! അതുപോലെ തന്നെ രക്ഷപെടാതെ ഇങ്ങനെ അലഞ്ഞു തിരിയുന്ന പൂർവ്വികരുടെ ആത്മാക്കളാണ് കുടുംബങ്ങളിലെ രോഗകാരണം എന്ന തെറ്റായ പ്രബോധനവും ഇക്കൂട്ടർ കൊടുക്കുന്നുണ്ട്. മരിച്ചു പോയവരുടെ ആത്മാക്കൾ പിശാചുക്കളായോ അല്ലാതെയോ ഭൂമിയിൽ അലഞ്ഞു തിരിയും എന്നത് കത്തോലിക്കാ പ്രബോധനത്തിന് വിരുദ്ധമാണ് എന്ന് നമ്മൾ തിരിച്ചറിയണം. എഫേസോസുകാർക്കുള്ള ലേഖനത്തിൽ വി. പൗലോസും ഇതിന് സമാനമായ പരാമർശം നടത്തുന്നുണ്ട്. അത് ഇപ്രകാരമാണ് : *അതിനാൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: അവൻ ഉന്നതങ്ങളിലേയ്ക്ക് ആരോഹണം ചെയ്തപ്പോൾ അസംഖ്യം തടവുകാരെ കൂടെ കൊണ്ടുപോയി അവൻ ആരോഹണം ചെയ്തു എന്നതിന്റെ അർത്ഥമെന്താണ്? അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്ക് ഇറങ്ങി എന്നുതന്നെയല്ലേ?* (എഫേ 4:8-9). *ചെറിയവരും വലിയവരും നിന്റെ സ്തുത്യർഹമായ ഉത്ഥാനം വഴി നീ മഹത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവർ എല്ലാവരും നിദ്രചെയ്യുന്നു.* എന്ന് നമ്മുടെ കുർബാനയിൽ ഒരു വാചകമുണ്ട്. മരിച്ചവർക്ക് നിദ്രചെയ്യാൻ കഴിയുമോ എന്ന് ആരെങ്കിലും ചോദിച്ചാൽ നമുക്ക് എന്ത് ഉത്തരമാണ് കൊടുക്കാനുണ്ടാകുക?

ബന്ധനസ്ഥരായ ആത്മാക്കൾ മരിച്ചവരുടെ ആത്മാക്കളല്ല; അവരോട് പ്രഘോഷിക്കപ്പെടുന്നത് അവരുടെ മോചനമാകുന്ന സുവിശേഷവുമല്ല, പ്രത്യുത തിന്മയുടെ മേൽ യേശുവരിച്ച പരിപൂർണ്ണ വിജയമാണ്. പ്രതീകങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്ന സത്യങ്ങൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ ഗ്രന്ഥകർത്താവ് ഉദ്ദേശിച്ച അർത്ഥമായിരിക്കയില്ല നമുക്ക് ലഭിക്കുന്നത്. *കണ്ണിൽ ചോരയില്ലാത്തവൻ* എന്ന ഭാഷാപ്രയോഗത്തെ വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതിന് തുല്യമായിരിക്കും അത്. വിശുദ്ധഗ്രന്ഥം രേഖപ്പെടുത്തിയവർ അന്നത്തെ ജനതക

ളുടെ ഇടയിൽ നിലവിൽ ഇരുന്ന പല വിശ്വാസങ്ങളെയും കഥകളെയും മനസ്സിൽ കണ്ടുകൊണ്ടാണ് പലതും എഴുതിയിട്ടുള്ളത്. വി.പത്രോസിന്റെ ലേഖനത്തിൽ നിന്നും മുകളിൽ ഉദ്ധരിച്ച വാക്യങ്ങൾ *ഏനോക്കിന്റെ രഹസ്യങ്ങൾ* എന്ന ഗ്രന്ഥത്തിലെ ചില കഥകളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചിട്ടുള്ളതാണ് എന്നത് വ്യക്തമാണ്. അത് ആദിമസഭയിലെ, വിശിഷ്യ, യഹൂദ ക്രിസ്ത്യാനികളുടെ സഭയിലെ അംഗങ്ങൾക്ക് അറിയാമായിരുന്നുതാനും. മറിച്ചായിരുന്നെങ്കിൽ അന്നത്തെ കൃതികളിൽ അവ കടന്നുകൂടുമായിരുന്നു. അതുകൊണ്ട് തന്നെ ഈ ലേഖനത്തെ വിശദീകരിക്കുന്ന സഭാപിതാക്കന്മാരുടെ കൃതികളിൽ ഒന്നും സ്പിരിറ്റ് ഇൻ ജീസസ് പ്രസ്ഥാനക്കാർ പറയുന്ന രീതിയിലിലുള്ള വ്യാഖ്യാനങ്ങൾ കാണാനുമില്ല.

നമ്മുടെ ചുറ്റുപാടുമുള്ള ജനതയിൽ നിന്ന് ഇത്തരത്തിലുള്ള പല അന്ധവിശ്വാസങ്ങളും നമ്മൾ സ്വീകരിച്ച് വച്ചുപുലർത്തുന്നുണ്ട്. അതുകൊണ്ടാണല്ലോ സിമിത്തേരിയിലൂടെ പോകാൻ പലർക്കും ഭയം. അതുപോലെ തന്നെ പലതരത്തിലുള്ള യക്ഷിക്കഥകളും ഇതിനെ ചുറ്റിപ്പറ്റി നമ്മുടെ നാട്ടിലുണ്ട്. സ്പിരിറ്റ് ഇൻ ജീസസ് പോലെയുള്ള പ്രസ്ഥാനങ്ങൾ നടത്തുന്ന ധ്യാനങ്ങളിലും പ്രാർത്ഥനാസമ്മേളനങ്ങളിലും പങ്കെടുത്ത് പ്രാർത്ഥിക്കുമ്പോൾ കിട്ടുന്ന രോഗശാന്തികൾ അവരുടെ വിശ്വാസം ശരിയാണ് എന്നതിന് തെളിവല്ല എന്നതും നമ്മൾ ഓർക്കണം. കേവലം ചില അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നമ്മൾ വിശ്വാസത്തെ വിലയിരുത്തുന്നത് ശരിയായിരിക്കുകയില്ല. ഈ ലോകത്തിൽ രോഗശാന്തി കിട്ടിയതുകൊണ്ട് അതിലൂടെ നിത്യരക്ഷകിട്ടുമെന്ന് അതിന് അർത്ഥമില്ലല്ലോ.

എന്നാൽ പൈശാചികശക്തി ഈ ലോകത്തിലുണ്ടെന്നും അത് മനുഷ്യനെ തെറ്റിലേയ്ക്ക് നയിക്കുമെന്നും മനുഷ്യനിൽ ആവസിക്കുമെന്നും സഭ പഠിപ്പിക്കുന്നുണ്ട്. ദുർമ്മന്ത്രവാദത്തിലൂടെയും ഓജോ ബോർഡിലൂടെയും കറുത്ത കുർബാനയിലൂടെയും എല്ലാം ഈ ശക്തിയെ വിളിക്കുന്നവർ അധാർമ്മികതയിലേയ്ക്കും തിന്മയിലേയ്ക്കും നയിക്കപ്പെടും എന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ നമ്മൾ ചെന്നുപെടാതിരിക്കാൻ സൂക്ഷിക്കണം. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ ഏറെ ശ്രദ്ധിക്കേണ്ട ഒരു മേഖലയാണ് ഇത്. ഇവിടെ വൈദികർക്കും സമർപ്പിതർക്കും അധ്യാപകർക്കും എല്ലാം പരിമിതികളുണ്ട്. ഏതെങ്കിലും ഒരു കുട്ടി അങ്ങനെയുള്ളവയിൽ ചെന്നുപെട്ടു എന്നറിയുമ്പോൾ അവർ മാതാപിതാക്കളെ അറി

യിച്ചാൽ *എന്റെ കുട്ടി അങ്ങനെയൊന്നും പോകുകയില്ല* എന്ന ഉത്തര മായിരിക്കും സാധാരണ ലഭിക്കുക. കൂടുതൽ പറഞ്ഞാൽ *കുട്ടിയെ മാന സികമായി പീഢിപ്പിക്കുന്നു* എന്ന ആരോപണവും നേരിടേണ്ടിവരാം. അതുകൊണ്ട് ഇവർ കുട്ടികളെ ഉപദേശിക്കാൻ മടിക്കുന്ന ഒരു സാഹച ര്യമുണ്ട്. ഇത്തരം കാര്യങ്ങളിൽ കുട്ടികളുടെ വാക്കുകളെ അമിതമായി വിശ്വസിക്കുന്നതും ആപത്താണ് എന്ന് മാതാപിതാക്കൾ മനസ്സിലാ ക്കണം.

നമ്മൾ സ്വീകരിക്കേണ്ടത് കത്തോലിക്കാ സഭ ഔദ്യോഗികമായി തരുന്ന വ്യാഖ്യാനങ്ങളാണ്. കാരണം അവ സഭാപിതാക്കന്മാരുടെ വ്യാഖ്യാനത്തിനനുസൃതമായും ഭാഷാപണ്ഡിതന്മാരുടേയും മറ്റും സഹാ യത്തോടെയും തരുന്നതാണ്. കത്തോലിക്കാ സഭയുടെ പ്രബോധന ങ്ങൾ ഔദ്യോഗികമായി അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥമാണ് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന *കത്തോലിക്കാ സഭ യുടെ മതബോധനഗ്രന്ഥം (Catechism of the Catholic Church*-CCC). ഈ പുസ്തകത്തിന്റെ ഒരു പ്രതി എല്ലാ ഭവനങ്ങളിലും ഉണ്ടായിരിക്കു ന്നതും എല്ലാവരും അത് വായിക്കുന്നതും ഏറെ അഭികാമ്യമാണ്. കുട്ടി കൾക്കും യുവാക്കൾക്കുമായി യൂ ക്യാറ്റ് അഥവാ Youth Catechism എന്ന പേരിൽ ചോദ്യോത്തര രൂപത്തിൽ മറ്റൊരു പുസ്തകവും പ്രസിദ്ധീക രിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സംശയങ്ങൾക്ക് പെട്ടെന്ന് അതിൽ നിന്ന് ഉത്തരം കണ്ടെത്താം. ഈ വിശ്വാസവർഷത്തിൽ ഈ രണ്ടു പുസ്തക ങ്ങളും എല്ലാ വീടുകളിലും ഉണ്ടെന്ന് ഉറപ്പു വരുത്തുകയും എല്ലാവരും അത് വായിച്ച് മനസ്സിലാക്കുകയും വേണം. നമ്മുടെ വിശ്വാസത്തെ സംക്ഷിപ്തരൂപത്തിൽ അവതരിപ്പിക്കുന്ന വിശ്വാസപ്രമാണത്തിന്റെ ശരി യായ വിശദീകരണം അതിൽ കണ്ടെത്താം. *വഴിതെറ്റുന്ന വിശ്വാസം* എന്ന പേരിൽ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് പ്രസി ദ്ധീകരിച്ചിരിക്കുന്ന പുസ്തകം അകത്തോലിക്കാ സഭകളെപറ്റിയും അവ രുടെ വിശ്വാസനിലപാടുകളേപ്പറ്റിയും വളരെ സംക്ഷിപ്തമായി പ്രതി പാദിക്കുന്ന ഒരു ഗ്രന്ഥമാണ്. മരണാനന്തര ജീവിതത്തെപറ്റി പ്രതിപാ ദിക്കുന്ന ഒരു ഗ്രന്ഥമാണ് തലശ്ശേരി അതിരൂപതയിലെ ഒരു വൈദികനും പ്രസിദ്ധബൈബിൾ പണ്ഡിതനുമായ ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ രചിച്ച *ആത്മാക്കളുടെ ലോകം ബൈബിളിന്റെ വെളിച്ചത്തിൽ* എന്ന പുസ്തകം. ഇവയും വാങ്ങി വായിക്കുന്നത് ഏറെ പ്രയോജനക രമാണ്.

ഭാഗം - 2

ഒരിക്കൽ കരിസ്മാറ്റിക്ക് ധ്യാനം കൂടി നവീകരണത്തിലേയ്ക്ക് വന്നവർ അവർക്ക് ലഭിച്ച അനുഭവം തുടർന്ന് കൊണ്ടുപോകാനും മറ്റു ള്ളവരേയും അതിലേയ്ക്ക് കൊണ്ടുവരാനും താൽപര്യപ്പെട്ടതിന്റെ ഫല മായി അനേകം കരിസ്മാറ്റിക്ക് ധ്യാനകേന്ദ്രങ്ങളും ധ്യാനഗ്രൂപ്പുകളും കേരളത്തിന്റെ വിവിധഭാഗങ്ങളിൽ ഉയർന്നു വന്നു എന്ന് സൂചിപ്പിച്ചല്ലോ. അവയിലൂടെയെല്ലാം അനേകർ പുതിയൊരു ദൈവാനുഭവത്തിലേയ്ക്ക് നയിക്കപ്പെട്ടു. ധാരാളം പേർ മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്ന് വിടുതൽ പ്രാപിച്ചു. പലരുടേയും കുടുംബജീവിതം മെച്ചപ്പെട്ടു. തിന്മയുടെ ബന്ധനത്തിലായിരുന്നവർ അതിൽ നിന്ന് മോചനം പ്രാപിച്ചതോടെ അനേകം രോഗശാന്തികളും ലഭ്യമാകാൻ തുടങ്ങി. അങ്ങനെ രോഗശാന്തിയ്ക്കായി വളരെപ്പേർ ധ്യാന കേന്ദ്രങ്ങളിലേയ്ക്ക് കടന്നു വന്നു. അതോടെ മുഴുവൻ സമയ പ്രവർത്ത കരും ഭാഗികമായി പ്രവർത്തിക്കുന്നവരുമായി വളരെ പേർ പ്രേഷിത രായി ഈ ധ്യാനകേന്ദ്രങ്ങളോടനുബന്ധിച്ച് ശുശ്രൂഷ ആരംഭിച്ചു. അതു പോലെ തന്നെ ധ്യാനങ്ങളോടനുബന്ധിച്ച് ഗാനശുശ്രൂഷയ്ക്കും കൗൺസിലിംഗിനും മറ്റുമായി മറ്റനേകം പേരും ചേർന്നു. വലിയൊരു ആദ്ധ്യാത്മിക മുന്നേറ്റത്തിന്റെ തുടക്കമായിരുന്നു അത്.

എന്നാൽ ഇവിടെയും ചില പാളിച്ചകൾ ഉണ്ടായി. ചിലർ ഇടവക യുടെ പുറത്ത് കരിസ്മാറ്റിക്ക് നവീകരണപ്രസ്ഥാനങ്ങളിൽ സ്ഥിരം പങ്കെടുക്കുകയും സ്വന്തം ഇടവകയിലെ പ്രവർത്തനങ്ങളോട് പുറം തിരിഞ്ഞ് നിൽക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം സംജാതമായി. ചിലരെങ്കിലും സ്വന്തം കുടുംബങ്ങളിലെ പ്രശ്നങ്ങളിൽ നിന്നും പ്രാരാ ബ്ദങ്ങളിൽ നിന്നും രക്ഷപെടാനുള്ള മാർഗ്ഗമായും ധ്യാനപ്രസ്ഥാനങ്ങ ളേയും പ്രാർത്ഥനാഗ്രൂപ്പുകളേയും എല്ലാം കാണാൻ തുടങ്ങി. നിർഭാഗ്യ വശാൽ ചുരുക്കം ചിലരെങ്കിലും ഒരു ധനാഗമമാർഗ്ഗമായും കരിസ്മാ റ്റിക്ക് ധ്യാനശുശ്രൂഷയിലേയ്ക്ക് കടന്നു വരുന്നുണ്ട്. കരിസ്മാറ്റിക്ക് നവീ കരണത്തിലേയ്ക്ക് വരാത്തവരെ എന്തോ കുറവുള്ളവരായി കാണുന്ന വരും ഉണ്ട്. ഇത്തരം പ്രവണതകൾ തിരുത്തപ്പെടേണ്ടതാണ്.

ശരിയായ അരൂപിയില്ലാതെ കരിസ്മാറ്റിക്ക് നവീകരണപ്രസ്ഥാ നത്തിലേയ്ക്ക് കടന്നു വന്നവരുടെ സാന്നിദ്ധ്യം പലപ്പോഴും പ്രാർത്ഥ നാഗ്രൂപ്പുകൾ തമ്മിലും ധ്യാനഗുരുക്കന്മാർ തമ്മിലും അഭിപ്രായവ്യത്യാ സങ്ങൾക്കും വഴക്കുകൾക്കും കാരണമാകുകയും വഴക്കിട്ട് വഴിപിരി ഞ്ഞവർ പുതിയ ഗ്രൂപ്പുകളും ധ്യാനകേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെയ്യുന്ന സ്ഥിതിയിൽ കാര്യങ്ങൾ എത്തുകയും ചെയ്തിട്ടുണ്ട്.

അങ്ങനെ സാധിക്കാത്തവർ സ്വന്തമായി ധ്യാനടീമുകൾ സംഘടിപ്പിച്ച് ഏതാണ്ടൊരു മത്സരബുദ്ധിയോടെ വലിയ തുകകൾ മുടക്കി പരസ്യം കൊടുത്ത് ധ്യാനങ്ങൾ ഏറ്റെടുക്കുന്നതായി കാണുന്നു. അനിയന്ത്രിതമായി വളർന്നു വന്ന ധ്യാനകേന്ദ്രങ്ങളും ധ്യാനടീമുകളും പ്രാർത്ഥനാഗ്രൂപ്പുകളും എല്ലാം കരിസ്മാറ്റിക്ക് നവീകരണപ്രസ്ഥാനത്തിന്റെ ദോഷവശങ്ങളാണ് അവ ഇല്ലാതാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

ശരിയായ അറിവും പരിശീലനവും ഇല്ലാത്തവർ നയിക്കുന്ന ധ്യാനകേന്ദ്രങ്ങളും പ്രാർത്ഥനാഗ്രൂപ്പുകളും കൗൺസിലിംഗ് ശുശ്രൂഷയും പലരേയും ശരിയായ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് പോകാനും കാരണമായി. പാപസങ്കീർത്തനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും പരസ്നേഹപ്രവർത്തനങ്ങളിലൂടെയും ത്യാഗപ്രവൃത്തികളിലൂടെയും മറ്റും ആത്മവിശുദ്ധീകരണം പ്രാപിക്കാൻ ഈ ശുശ്രൂഷകളിലേയ്ക്ക് കടന്നുവരുന്നവർ നിരന്തരം യത്നിച്ചെങ്കിൽ മാത്രമേ ഇത്തരം അപഭ്രംശങ്ങളെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ.

വചനപ്രഘോഷണം എന്നതിലുപരി ക്ലാസുകൾ എന്നാണ് കരിസ്മാറ്റിക്ക് ധ്യാനങ്ങളിൽ പ്രസംഗങ്ങൾ അറിയപ്പെടുന്നത്. ഇതൊരു ആദ്ധ്യാത്മികശുശ്രൂഷയാണെന്നും ആ ശുശ്രൂഷ ഏറ്റെടുക്കുന്നവർ തെറ്റുകളിൽ നിന്നും പാപങ്ങളിൽ നിന്നും അകന്നു നിൽക്കാൻ ശ്രമിക്കേണ്ടതാണ് എന്നുമുള്ള വസ്തുത മറക്കാൻ ആ പ്രയോഗം ധ്യാനശുശ്രൂഷകർക്ക് അവസരം കൊടുക്കുന്നുണ്ടോ എന്ന് സംശയിക്കണം. വിദ്യാലയത്തിൽ ക്ലാസെടുക്കുന്ന ഒരു അധ്യാപകന്റെ ലാഘവത്തോടെ ധ്യാനപ്രസംഗങ്ങളെ വീക്ഷിക്കുന്നത് ശരിയായിരിക്കുകയില്ല. അറിവിനോടൊപ്പം ആത്മവിശുദ്ധിയും ഏറെ പ്രധാനപ്പെട്ടതാണ് എന്ന കാര്യം ഞാൻ മുമ്പേ സൂചിപ്പിച്ചല്ലോ.

കരിസ്മാറ്റിക്ക് പ്രസ്ഥാനങ്ങൾ ഉടലെടുക്കുന്നതുവരെ വൈദികരുടേയും സമർപ്പിതരുടേയും മേഖലയായിരുന്ന സുവിശേഷപ്രഘോഷണവും ധ്യാനപ്രസംഗവും കൗൺസിലിംഗും ആവശ്യമായ പരിശീലനം സിദ്ധിക്കാത്ത ചില അത്മായരുടെ കൈകളിലും എത്താൻ തുടങ്ങി. വൈദികരുടേയും സമർപ്പിതരുടേയും കാര്യത്തിൽ അവരുടെ രൂപതാധികാരികൾക്കും സമർപ്പിത സമൂഹാധികാരികൾക്കും ചില നിയന്ത്രണങ്ങൾ വരുത്താൻ കഴിഞ്ഞെങ്കിലും അത്മായരുടെ കാര്യത്തിൽ ഇത് എപ്പോഴും സാദ്ധ്യമായിരുന്നില്ല. തത്ഫലമായി പലരും സ്വന്തം നിലയിൽ ധ്യാനഗ്രൂപ്പുകൾ തുടങ്ങി സ്വന്തനിലയിൽ വിശുദ്ധഗ്രന്ഥം വ്യാഖ്യാനിച്ച് പാഷണ്ഡതയിൽ ഉൾപ്പെടുകയും കത്തോലിക്കാസഭയിൽ നിന്ന് പിരിഞ്ഞു പോകുകയും ചെയ്തു.

കരിസ്മാറ്റിക് ധ്യാനങ്ങളുടെ അവിഭാജ്യഘടകമായി തീർന്നിട്ടുള്ള ഒന്നാണ് കൗൺസിലിംഗ്. ഈ പുതിയ ശുശ്രൂഷയിലൂടെ ധാരാളം പേർക്ക് ആശ്വാസം കിട്ടിയിട്ടുണ്ട്. എന്നാൽ ആവശ്യമായ പഠിപ്പും പരിചയവും പരിശീലനവും പക്വതയും ഇല്ലാതെ കൗൺസിലിംഗ് രംഗത്തേയ്ക്ക് കടന്നുവന്ന പലരും ഗുണത്തേക്കാൾ ഏറെ ദോഷമാണ് ചെയ്തിട്ടുള്ളത്. കൗൺസിലിംഗിനായി അവരെ സമീപിച്ച പലരേയും വഴിതെറ്റിക്കുന്ന തരത്തിലുള്ള ഉപദേശങ്ങൾ അവർ കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ അന്ധവിശ്വാസങ്ങൾ പരത്തുന്നതിലും ചിലരുടെ കൗൺസിലിംഗ് കാരണമായിട്ടുണ്ട്. മന്ത്രവാദം, കൂടോത്രം തുടങ്ങിയവയിൽ വിശ്വാസം വർദ്ധിപ്പിക്കുന്ന രീതിയിലും കൗൺസിലിംഗ് വഴിമാറിപോകുന്നുണ്ട്.

അവരവരുടെ സ്വന്തം ഇടവകകളിൽ നിന്നും അവർക്ക് സമയാസമയങ്ങളിൽ ആവശ്യമായ പിൻബലവും തിരുത്തലുകളും കിട്ടാതിരുന്നതും അതിന് കാരണമായിരുന്നു. അങ്ങനെ കിട്ടിയ ചിലരെങ്കിലും അത് സ്വീകരിച്ചില്ല എന്നതും വസ്തുതയാണ്. സഭവിട്ട് പോയവർ പലരും ആദ്യകാലത്ത് ഇടവകകളിലും സമർപ്പിതജീവിതഭവനങ്ങളിലും പോലും ധ്യാനങ്ങൾ നടത്തിയവരാണ് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഇത്തരുണത്തിൽ നമ്മുടെ രൂപതയിലെ ഇടവകകളിലും സമർപ്പിതഭവനങ്ങളിലും രൂപതയുടെ പുറത്തുനിന്ന് ധ്യാനഗ്രൂപ്പുകളെ ക്ഷണിക്കുന്നതിന് മുമ്പായി രൂപതാകേന്ദ്രത്തിൽ അന്വേഷിച്ച് അവരുടെ വിശ്വാസ്യതയും ആധികാരികതയും ബന്ധപ്പെട്ടവർ ഉറപ്പു വരുത്തണം എന്ന് അഭ്യർത്ഥിക്കുന്നു. സഭയുടെ അംഗീകാരം ഇല്ലാത്ത ചില ധ്യാനപ്രസംഗകരും ധ്യാനഗ്രൂപ്പുകളും ഈയടുത്ത നാളുകളിൽ നമ്മുടെ രൂപതയിലെ പല സമർപ്പിതസമൂഹങ്ങളിലും ധ്യാനം പ്രസംഗിച്ചതായി അറിയാൻ കഴിഞ്ഞു. അവരുടെ ധ്യാനചിന്തകളിൽകൂടി കടന്നുവരുന്ന അപകടം നമ്മൾ തിരിച്ചറിയണം. കേവലം വൈകാരികമായി നമുക്ക് കിട്ടുന്ന സംതൃപ്തിയോ രോഗശാന്തികളോ അവരുടെ ശുശ്രൂഷയെ ആധികാരികമാക്കുന്നില്ല എന്നതും പ്രസ്താവ്യമാണ്. പ്രാർത്ഥനയുടെ അരൂപിയിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഹൃദയം തുറന്ന് കാത്തിരിക്കുന്നവരിലേയ്ക്ക് ഏത് ആശയവും എളുപ്പത്തിൽ കടന്ന് ചെന്ന് വേരുറപ്പിക്കും. അത് പിന്നെ മാറ്റാൻ കഴിയാത്ത ബോദ്ധ്യമായി ത്തീരുകയും ചെയ്യാം.

പ്രാർത്ഥിക്കാനുള്ള ഒരു ആവേശം പൊതുവേ കരിസ്മാറ്റിക് നവീകരണശൈലി ജനങ്ങൾക്ക് കൊടുത്തു. നിയതമായതും എഴുതപ്പെട്ടതുമായ പ്രാർത്ഥനകൾ മാത്രം ചൊല്ലി ശീലിച്ചിരുന്ന വിശ്വാസി

കൾക്ക് സ്വയംപ്രേരിത പ്രാർത്ഥന എന്ന ശൈലി കൊടുത്തതും കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനമാണ്. ഇന്ന് ഏതൊരു അവസരത്തിലും സ്വയം പ്രേരിതപ്രാർത്ഥനകൾ ചൊല്ലി പ്രാർത്ഥിക്കാൻ എല്ലാവർക്കും തന്നെ കഴിയും. ഈ പരിശീലനം സിദ്ധിച്ച വൈദികർക്കും സമർപ്പിതർക്കും അവരുടെ ശുശ്രൂഷാരംഗങ്ങളിൽ ഇതവരെ വളരെ സഹായിക്കുന്നുമുണ്ട്.  പല ഇടവകവികാരിമാരും തങ്ങളുടെ ഇടവകകളിലുള്ള കരിസ്മാറ്റിക്ക് പ്രാർത്ഥനാഗ്രൂപ്പുകൾക്ക് ആവശ്യമായ ശ്രദ്ധ കൊടുത്തെങ്കിലും അങ്ങനെ കൊടുക്കാത്തവരും കുറവല്ലായിരുന്നു. അവരും പ്രാർത്ഥനാഗ്രൂപ്പുകാരും തമ്മിൽ പലപ്പോഴും വഴക്കിനും അകൽച്ചയ്ക്കും കാരണമാകുകയും ചിലരെങ്കിലും സഭയിൽ നിന്ന് അകന്നു പോകുകയോ വിട്ടുപോകുകയോ ചെയ്യുകയുണ്ടായി. ഈ തലത്തിലും ബഹുമാനപ്പെട്ട ഇടവക വികാരിമാരും ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരും പ്രത്യേകം ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെ ഒരു പ്രധാനഘടകമാണ് സ്വകാര്യ വെളിപാടുകൾ എന്ന് പലരും കരുതുന്നു. ഇക്കാര്യത്തിലും ഏറെ ശ്രദ്ധ ആവശ്യമാണ്. അവയുടെ ആധികാരികത ഉറപ്പുവരുത്താൻ സാദ്ധ്യതകൾ ഉണ്ടെന്ന് ധ്യാനസംഘാടകർ ശ്രദ്ധിക്കേണ്ടതാണ്.

കരിസ്മാറ്റിക് പ്രസ്ഥാനം താൽപര്യത്തോടെ പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ് ഉപവാസ പ്രാർത്ഥന. പ്രത്യേകിച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നവരുടെ ഉപവാസപ്രാർത്ഥനയിലൂടെ ധ്യാനത്തിൽ സംബന്ധിക്കുന്നവരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഏറെ ശ്ലാഘനീയമായ ഒന്നാണിത്. നമ്മുടെ വിശ്വാസ ജീവിതത്തിൽ ഉപവാസ പ്രാർത്ഥനയ്ക്കുള്ള സ്ഥാനം അദ്വതീയമാണ്.

രോഗശാന്തി ശുശ്രൂഷകളാണ് കരിസ്മാറ്റിക് ധ്യാനങ്ങളിലേയ്ക്ക് ആളുകളെ ആകർഷിക്കുന്ന ഒരു പ്രധാനഘടകം. ധാരാളം പേർ രോഗശാന്തി നേടുന്നുണ്ട് എന്നത് സത്യമാണ്. കരിസ്മാറ്റിക് ധ്യാനം ആളുകളെ മറ്റുള്ളവരോട് ക്ഷമിക്കാൻ പ്രാപ്തരാക്കുന്നു എന്നതാണ് അതിന് പ്രധാനകാരണം. നാം മറ്റുള്ളവരോട് ക്ഷമിക്കാനും അവരുമായി രമ്യതയിൽ ആകാൻ തയ്യാറാകുകയും ചെയ്യുന്നതോടെ നമ്മുടെ മനസ്സും തൽഫലമായി ശരീരവും ശാന്തമാവുകയും അതിലൂടെ ആത്മാവിന്റെ പ്രവർത്തനങ്ങൾക്ക് സ്വയം തുറക്കുകയും ചെയ്യുന്നു. എന്നാൽ ഏതെങ്കിലും ധ്യാനഗ്രൂപ്പിനേയോ ധ്യാനഗുരുവിനേയോ രോഗശാന്തിക്ക് കാരണമായി കാണുന്നതും അങ്ങനെ ആളുകളെ ആകർഷിക്കാൻ പരസ്യം കൊടുക്കുന്നതുമായ പ്രവണത ഒഴിവാക്കേണ്ടതാണ്. എല്ലാ

രോഗശാന്തിയും കർത്താവിന്റെ പ്രവർത്തനമാണ്. ചിലരെ അതിന് ദൈവം ഉപകരണമാക്കുന്നു എന്നുമാത്രം.

കരിസ്മാറ്റിക്ക് നവീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ചില വ്യക്തികളും ഗ്രൂപ്പുകളും എങ്കിലും മറ്റ് മതങ്ങളോടും വിശ്വാസ സംഹിതകളോടും ഒരു തരം അസഹിഷ്ണത വച്ചു പുലർത്തുകയും അത് ധ്യാനങ്ങളിലും മറ്റും ഊന്നിപ്പറയുകയും സരളമനസ്കരായവരെ തെറ്റിദ്ധാരണയിലേയ്ക്ക് നയിക്കുകയും ചെയ്യുന്നുണ്ട്. അതിലൂടെ ഇടവകയിലും സമൂഹത്തിലും സംഘർഷങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അത്തരത്തിലുള്ള പ്രവണതകൾ ഉണ്ടാകുന്ന സാഹചര്യം ആശാസ്യമല്ല. ഏതു വിശ്വാസത്തിൽ ജീവിക്കുന്നയാളാണെങ്കിലും നമ്മുടെ സഹോദരങ്ങൾ എന്ന നിലയിൽ എല്ലാവരേയും പരിഗണിക്കാൻ നമ്മൾക്ക് കഴിയണം. അതുപോലെ അവരുടെ വികാരങ്ങളെ വ്രണപ്പെടുത്താതിരിക്കാനും ധ്യാനപ്രസംഗകർ ശ്രദ്ധിക്കണം. നിലവിളക്ക്, ആന്തൂറിയം പൂവ്, സ്ത്രീകൾ അണിയുന്ന തിലകക്കുറി മുതലായവയിലെല്ലാം പിശാചിന്റെ സാന്നിദ്ധ്യം കാണുകയും അവയൊന്നും കത്തോലിക്കർ ഉപയോഗിക്കരുത് എന്നും മറ്റും പ്രസംഗിക്കുന്നവരുമുണ്ട്. എല്ലാറ്റിലും പിശാചിന്റെ ബന്ധനം കാണുകയും വ്യക്തിയുടെ ഉത്തരവാദിത്വം കുറച്ചുകാണുകയും ചെയ്യുന്ന പ്രവണതയും ഏറി വരുന്നു. പൂർവ്വികരുടെ പാപങ്ങൾ മൂലമാണ് രോഗങ്ങളും പീഢകളും ഉണ്ടാകുന്നത് എന്നും പഠിപ്പിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥത്തിലുള്ള പല പരാമർശങ്ങളും തെറ്റായ രീതിയിൽ വ്യാഖ്യാനിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് മനസ്സിലാകുന്നത്. അങ്ങനെയുള്ള വിശുദ്ധഗ്രന്ഥപരാമർശങ്ങളുടെ ശരിയായ വ്യാഖ്യാനം എന്തെന്ന് മനസ്സിലാക്കാൻ ധ്യാനപ്രസംഗകരും കൗൺസിലിംഗ് ശുശ്രൂഷയിലുള്ളവരും ശ്രദ്ധിക്കേണ്ടതാണ്.

കൊന്തയിൽ സാധാരണയായി തൂക്കിയിടുന്ന കുരിശുരൂപത്തിന്റെ അടിഭാഗത്തായി പാമ്പിന്റെ രൂപമുള്ള ചിലതരം കൊന്തകൾ സാത്താൻ കുർബാന നടത്തുന്നവരുടെ ഉത്പന്നമാണ് എന്നും പറയുന്നവരുണ്ട്. ഈ കാര്യത്തിൽ ഇതുവരേയും സഭ ഔദ്യോഗികമായി ഒന്നും പറഞ്ഞിട്ടില്ല എന്ന് നമ്മൾ ഓർക്കണം. കർത്താവിന്റെ കുരിശ് എല്ലാ പൈശാചികശക്തികളേയും ജയിച്ചതാണ് എന്ന വസ്തുത നമ്മൾ മറന്നിട്ട് പിശാചിന് ദൈവത്തോടൊപ്പമോ അതിൽ കൂടുതലോ ശക്തി കൽപിച്ചു കൊടുക്കുന്ന രീതി ശരിയല്ല. ഇന്ന് നമ്മുടെ നാട്ടിൽ ലഭിക്കുന്ന ഒട്ടുമിക്ക ഭക്ത സാധനങ്ങളും ചൈനയിൽ ഉണ്ടാക്കുന്നതാണ്. അവ ഉണ്ടാക്കപ്പെടുന്ന

അച്ചുകളുടെ നിർമ്മാതാക്കൾ ചേർക്കുന്ന ചില കലകളായി ഇത്തരം രൂപങ്ങളെ കരുതിയാൽ മതി.

കേരളത്തിലെ കരിസ്മാറ്റിക് ധ്യാനശുശ്രൂഷകളെ നിയന്ത്രിക്കുന്നത് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള ഒരു കമ്മീഷനാണ്. ഈ കമ്മീഷൻ അടുത്തകാലത്ത് കേരളത്തിലെ എല്ലാ ധ്യാനകേന്ദ്രങ്ങളും തന്നെ സന്ദർശിക്കുകയും അവിടെയുള്ള കുറവുകൾ മനസ്സിലാക്കി ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രൂപതയിലെ ധ്യാനകേന്ദ്രങ്ങളും ധ്യാനടീമുകളും കൗൺസിലിംഗ് ശുശ്രൂഷകരും അവയ്ക്ക് വിധേയമായി വേണം പ്രവർത്തിക്കാൻ എന്ന് ഓർമ്മപ്പെടുത്തുന്നു. ഈ വിശ്വാസവർഷത്തിൽ പരിശുദ്ധ പിതാവ് നമ്മോട് ആവശ്യപ്പെടുന്നത് എന്താണ് നമ്മൾ വിശ്വസിക്കുന്നത് എന്ന് കൃത്യമായി മനസ്സിലാക്കാനാണ്. ഈ ആചരണം നമ്മെ അതിന് പ്രാപ്തരാക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഒക്ടോബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സാമാന്യം സുദീർഘമായതുകൊണ്ട് അടുത്തടുത്ത് വരുന്ന രണ്ടോ മൂന്നോ ഞായറാഴ്ചകളിലെ വിശുദ്ധ കുർബാന മദ്ധ്യേ വായിച്ച് ആവശ്യമായ വിശദീകരണങ്ങൾ കൊടുത്താൽ മതിയാകുന്നതാണ്. സാധിക്കുമെങ്കിൽ നവംബർ മാസത്തിൽ തന്നെ വായിച്ച് തീർക്കുന്നതാണ് ഉചിതം.**



# ഇടയലേഖനം

*Pastoral Letter No. 02/2012*
*Prot. No. 12944/2012*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന്റെ ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ചു നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. അതുപോലെതന്നെ പുതിയൊരു വർഷം – 2013 – നെ വരവേൽക്കാനും നാം ഒരുങ്ങുന്നു. ഇക്കാര്യങ്ങളുമായി ബന്ധപ്പെട്ട് ഏതാനും ആദ്ധ്യാത്മിക ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

പരിശുദ്ധ കന്യാമറിയത്തിനും മനുഷ്യകുലത്തിനും ലഭിച്ച ഒരു ശുഭവാർത്തയുടെ ഓർമ്മ അനുസ്മരിക്കുന്ന കാലമായതിനാൽ മംഗലവാർത്താക്കാലമെന്നും രക്ഷകന്റെ ആഗമനത്തെ കാത്തിരുന്നതിന്റെ ഓർമ്മയായതിനാൽ ആഗമനകാലം എന്നും ആരാധനക്രമ വർഷത്തിൽ ഇരുപത്തഞ്ച് നോമ്പുകാലം അറിയപ്പെടുന്നു. മംഗലവാർത്താക്കാലം, പിറവിക്കാലം, ദനഹാക്കാലം, നോമ്പുകാലം, ഉയിർപ്പുകാലം, ശ്ലീഹാക്കാലം, കൈത്താക്കാലം, ഏലിയാ–ശ്ലീവാ–മൂശക്കാലം, പള്ളിക്കൂദാശക്കാലം എന്നിങ്ങനെ ഒമ്പത് കാലഘട്ടങ്ങളായാണ് സീറോ മലബാർ ആരാധനാക്രമവർഷം തിരിച്ചിരിയ്ക്കുന്നത് എന്ന് നിങ്ങൾക്കറിയാം. അതിൽ ആദ്യത്തേതാണ് മംഗലവാർത്താക്കാലം അഥവാ ആഗമനകാലം. അവസാനത്തേതാകട്ടെ പള്ളിക്കൂദാശാകാലവും. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ വിവിധഘട്ടങ്ങളാണ് ഈ തിരിവിന് അടിസ്ഥാനം. രക്ഷകനെ തരും എന്ന നല്ല വാർത്ത സ്വീകരിച്ച് അവിടുത്തേയ്ക്ക് വേണ്ടിയുള്ള കാത്തിരുപ്പിൽ ആരംഭിച്ച് രക്ഷകനോടൊത്ത് അവിടുത്തെ ജീവിതത്തിലൂടെ നടന്ന് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ അഥവാ സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുന്നതിന്റെ ഓർമ്മയാണ്

പള്ളിക്കൂദാശക്കാലം. ഈ നടപ്പിനെ അഥവാ തീർത്ഥയാത്രയെയാണ് ആരാധനാക്രമവർഷത്തിലുടനീളം നമ്മൾ ആഘോഷിയ്ക്കുന്നത്. ക്രൈസ്തവ ജീവിതത്തിന്റെ ഒരു പ്രതീകമാണത്.

ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യം സ്വർഗ്ഗത്തിൽ എത്തിച്ചേരുകയാണ്. അതിനുള്ള മാർഗ്ഗം ക്രിസ്തുവിന്റെ കൈപിടിച്ച് അവിടുത്തോടൊപ്പം അവിടുത്തെ ജീവിതത്തിലൂടെ നമ്മളും കടന്നു പോകുക എന്നതാണ്. കർത്താവിന്റെ കൂടെ അവിടുത്തെ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോകാതെ നമുക്ക് സ്വർഗ്ഗസൗഭാഗ്യം അനുഭവിയ്ക്കുക സാദ്ധ്യമല്ല. സ്വർഗ്ഗസൗഭാഗ്യം എന്നത് ദൈവവുമൊത്തുള്ള ജീവിതമാണ്. അവിടുത്തോടൊത്തുള്ള ജീവിതം എല്ലാം തികഞ്ഞതും പരിപൂർണ്ണ സന്തോഷത്തിന്റേതുമായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. അപ്രകാരമുള്ള ഒരു ജീവിതത്തിനായി നമ്മെ പ്രാപ്തരാക്കുന്ന രക്ഷാകര പദ്ധതിയുടെ ആദ്യഘട്ടമാണ് ക്രിസ്തുവിന്റെ ജനനം അഥവാ ക്രിസ്തുമസ്. അതുകൊണ്ടാണ് അത് സന്തോഷത്തിന്റേയും സമാധാനത്തിന്റേയും തിരുനാളായി നമ്മൾ കൊണ്ടാടുന്നത്. ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള എല്ലാ ആചാരാനുഷ്ഠാനങ്ങളും ഈ സന്തോഷത്തിന്റെ പ്രകടനങ്ങളാണ്. ഇപ്രകാരമുള്ള ഒരു ആദ്ധ്യാത്മികമാനം ഇല്ലാത്ത ആഘോഷങ്ങൾ അർത്ഥമില്ലാത്തവയാണ്. അത്തരത്തിലുള്ള പലതും നമ്മുടെ ക്രിസ്തുമസ് ആഘോഷങ്ങളുടെ കൂടെ ഉണ്ട് എന്നതും വിസ്മരിക്കാനാവില്ല. ഇന്ന് നമ്മൾ കാണുന്ന തരത്തിലുള്ള ക്രിസ്തുമസ് പപ്പ അത്തരത്തിലുള്ള ഒന്നാണ്. ക്ലമന്റ് ക്ലാർക്ക് മൂർ എന്ന അമേരിക്കൻ കവി രചിച്ച വിശുദ്ധ നിക്കോളാസിന്റെ സന്ദർശനം എന്ന കവിതയിലൂടെയും തോമസ് നാസ്റ്റ് എന്ന അമേരിക്കൻ കാർട്ടൂണിസ്റ്റിന്റെ ചിത്രങ്ങളിലൂടെയും കൊക്കോ കോളാ കമ്പനിയുടെ പരസ്യത്തിലൂടെയും ഉരുത്തിരിഞ്ഞ ഒന്നാണത്. ഇനിയും അതെല്ലാം തുടരണമോ എന്ന് ഗൗരവമായി ചിന്തിക്കാൻ സമയമായി എന്ന് തോന്നുന്നു.

സന്തോഷം അഥവാ സ്വർഗ്ഗസൗഭാഗ്യം നേടാൻ എളുപ്പവഴികൾ പലതും ലോകം വാഗ്ദാനം ചെയ്തേക്കാം. എന്നാൽ അവയ്ക്കൊന്നിനും ശാശ്വതമായ സന്തോഷവും സമാധാനവും മനുഷ്യന് പ്രദാനം ചെയ്യാൻ കഴിവില്ല. സമ്പത്തും സ്ഥാനമാനങ്ങളും മറ്റ് ഭൗതികവസ്തുക്കളും താത്കാലികമായ സന്തോഷം മാത്രമേ പ്രദാനം ചെയ്യുന്നുള്ളു. മനുഷ്യനായി അവതരിച്ച ദൈവം നമ്മോട് പറയുന്നത് ഇക്കാര്യമാണ്. ദൈവത്തിന്റെ ഇഷ്ടത്തിന് പ്രഥമസ്ഥാനം കൊടുത്ത യൗസേപ്പും മറിയവുമാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക. അപമാനം ഏറ്റു വാങ്ങിയും

ലോകരക്ഷിതാവിനെ പ്രസവിച്ച് വളർത്തി വലുതാക്കി സ്വർഗ്ഗപിതാവിന്റെ ഇഷ്ടം നിറവേറ്റിയ പരിശുദ്ധ അമ്മയും തന്റെ അഭിമാനത്തേയും എന്തിനേറെ ജീവനെ തന്നെയും തൃണവൽഗണിച്ച് അവളെ സ്വീകരിച്ച് തന്റേതല്ലാത്ത കുട്ടിയെ സംരക്ഷിച്ച് വളർത്തിയ വിശുദ്ധ യൗസേപ്പ് പിതാവും കടന്നുപോയ പാത തന്നെയാണ് ശാശ്വതവും യഥാർത്ഥവുമായ സന്തോഷത്തിലേയ്ക്കുള്ള പാത. മറ്റുള്ളവർക്ക് സന്തോഷം കൊടുക്കാൻ വേണ്ടിയാണ് അവർ സഹിച്ചതെന്ന കാര്യവും നമ്മൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്. മറ്റ് വാക്കുകളിൽ ഈ ലോകത്തിൽ സ്വർഗ്ഗവും നരകവും സൃഷ്ടിക്കുന്നവർ നമ്മൾ തന്നെയാണ്.

സ്വർഗ്ഗസൗഭാഗ്യത്തെ കേവലം നമ്മുടെ മരണശേഷം കിട്ടാനുള്ള ഒരവസ്ഥയായി മാത്രം മനസ്സിലാക്കേണ്ടതല്ല. ഉയിർപ്പിലാണല്ലോ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കാൻ നമുക്ക് കഴിയുന്നത്. എന്നാൽ ഓരോ ക്രിസ്ത്യാനിയും ജ്ഞാനസ്നാനത്തിൽ കർത്താവിനോടൊത്ത് പാപത്തിന് മരിച്ച് ഉയിർത്തെഴുന്നേൽക്കുന്നു എന്ന് വചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു (റോമ. 6:3-8). ജ്ഞാനസ്നാനസമയത്ത് ജലത്തിൽ മുങ്ങി എഴുന്നേൽക്കുന്നത് അഥവാ നമ്മുടെ തലയിൽ ജലം ഒഴിക്കുന്നത് ഈ മരണത്തിന്റേയും ഉത്ഥാനത്തിന്റേയും പ്രതീകമാണ്. ജ്ഞാനസ്നാനസമയത്ത് നമുക്ക് തരുന്ന വെള്ളവസ്ത്രം നാം ക്രിസ്തുവിൽ ആരംഭിക്കുന്ന നവജീവിതത്തിന്റെ പ്രതീകമാണ്. കത്തിച്ച തിരിയാകട്ടെ ക്രിസ്ത്യാനി എപ്പോഴും ക്രിസ്തുവിന്റെ കൂടെ നടക്കണമെന്നും എല്ലാ കാര്യങ്ങളേയും അവിടുന്ന് തരുന്ന പ്രകാശത്തിൽ നോക്കിക്കാണണമെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു. അങ്ങനെ ക്രിസ്തുവിനോടൊപ്പം ക്രിസ്തുവാകുന്ന പ്രകാശത്തിൽ സഞ്ചരിക്കുന്നവർക്കാണ് അവിടുന്ന് സ്വർഗ്ഗസൗഭാഗ്യം അഥവാ പൂർണ്ണസന്തോഷം വാഗ്ദാനം ചെയ്തിരിക്കുന്നത്. ഈ വസ്തുതയാണ് നാം ആരാധനാക്രമവർഷത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ അനുസ്മരിക്കുന്നതും ജീവിക്കാൻ ശ്രമിക്കുന്നതും. അതുകൊണ്ട് മംഗലവാർത്താക്കാലത്തേയും രക്ഷകന്റെ ജനനത്തെ അനുസ്മരിക്കുന്ന ക്രിസ്തുമസിനേയും അതോടനുബന്ധിച്ച് വരുന്ന പിറവിക്കാലത്തെയും ഒന്നും ഒറ്റപ്പെട്ട സംഭവങ്ങളായി കാണാൻ കഴിയുകയില്ല. ഒന്ന് മറ്റൊന്നിന്റെ തുടർച്ചയും മറ്റൊന്നിലേയ്ക്ക് നയിക്കുന്നതുമാണ്.

ദൈവം വാഗ്ദാനം ചെയ്ത രക്ഷകനെ നമ്മുടെ പൂർവ്വപിതാക്കന്മാർ കാത്തിരുന്നതിന്റെ ഓർമ്മയാണ് ആഗമനകാലം. കാത്തിരുന്ന എല്ലാവർക്കും രക്ഷകൻ വന്നപ്പോൾ അവിടുത്തെ തിരിച്ചറിയാൻ

കഴിഞ്ഞില്ല. താൻ തന്നെയാണ് രക്ഷകൻ എന്ന് തെളിച്ച് പറഞ്ഞ യേശുവിനെ അധികാരികൾ ദൈവദൂഷണം പറയുന്നവനായി മുദ്രകുത്തി കൊല്ലുകയാണ് ചെയ്തത്. എന്തുകൊണ്ടാണ് ആറ്റ് നോറ്റ് കാത്തിരുന്ന രക്ഷകനെ അവർക്ക് തിരിച്ചറിയാൻ കഴിയാതെ പോയത്? രക്ഷകനെപ്പറ്റി അവർക്കുണ്ടായിരുന്ന തെറ്റായ സങ്കൽപ്പമാണ് അതിന് കാരണം. വലിയ രാജകൊട്ടാരത്തിലാണ് അവർ രക്ഷകനെ പ്രതീക്ഷിച്ചത്. രക്ഷകൻ വരുന്നത് ദാവീദിന്റെ വംശപരമ്പരയിൽ നിന്നാണ് എന്നവർക്ക് അറിയാമായിരുന്നു. ദാവീദ് ഇസ്രായേലിന്റെ രാജാവായിരുന്നു. അങ്ങനെയെങ്കിൽ അവന്റെ പുത്രനും രാജാവായിരിക്കണം. മാത്രമല്ല റോമാക്കാരുടെ അടിമത്തത്തിൽ നിന്ന് തങ്ങളെ രക്ഷിച്ച് തേനും പാലുമൊഴുകുന്ന ഒരു രാജ്യം സ്ഥാപിക്കാൻ ഒരു രാജാവിനല്ലേ കഴിയുകയുള്ളൂ. ഇങ്ങനെ പോയി രക്ഷകനെപ്പറ്റിയുള്ള അവരുടെ ചിന്ത. അതുകൊണ്ട് തന്നെ കാലിത്തൊഴുത്തിൽ പിറന്ന് സഹിച്ച് മരിക്കുന്ന ഒരു രക്ഷകനെ അവർക്ക് ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാരുടെ കൂടെ കൂടിയ കർത്താവിനെ അവർക്ക് തിരിച്ചറിയാൻ കഴിയാതെ പോയതും ഇതുകൊണ്ട് തന്നെ. (ലൂക്ക. 24:16) ഇടത്തും വലത്തും സ്ഥാനങ്ങൾ ആവശ്യപ്പെട്ട് വരുന്ന ശിഷ്യന്മാരുടേയും ചിന്ത മറിച്ചായിരുന്നില്ല (മർക്കോസ് 10, 35). എളിയ നിലയിൽ ജനിച്ച് സഹിച്ച് മരിക്കുന്ന രക്ഷകനെപ്പറ്റി പ്രവാചകനിലൂടെ കർത്താവായ ദൈവം അരുളിച്ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്ത സഹിക്കുന്ന ദാസന്റെ ആശയം ഉൾക്കൊള്ളാൻ ഇസ്രായേൽക്കാരിൽ ഭൂരിപക്ഷവും തയ്യാറായിരുന്നില്ല. അല്ലെങ്കിൽ അവർക്കതിന് കഴിഞ്ഞില്ല.

ആഗമനകാലം രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ സമയമാണെന്ന് പറഞ്ഞല്ലോ. എന്നാൽ രക്ഷകനെ നമുക്ക് തിരിച്ചറിയാൻ കഴിയണമെങ്കിൽ ചില വ്യവസ്ഥകൾ നമ്മൾ പാലിച്ചേ മതിയാകൂ. മണവാളനെ കാത്തിരുന്ന ബുദ്ധിമതികളായ കന്യകമാരുടെ കൈകളിലുണ്ടായിരുന്ന വിളക്കുകളിൽ അവർ എണ്ണ നിറച്ചിരുന്നതുപോലെ നമ്മുടെ ഹൃദയങ്ങളും മനസുകളുമാകുന്ന വിളക്കുകളിൽ എളിമയുടേയും കാരുണ്യത്തിന്റേയും പരസ്നേഹത്തിന്റേയും പങ്കുവയ്ക്കലിന്റേയും എല്ലാം എണ്ണ നിറച്ചിരിക്കണം. പരമപരിശുദ്ധി തന്നെയായ അവിടുത്തെ സമീപിക്കാൻ നമ്മൾ നമ്മളെ തന്നെ വിശുദ്ധീകരിക്കണം. തിന്മകൾക്ക് അടിപ്പെട്ടവർ അതിൽ നിന്ന് മോചനം പ്രാപിച്ചിരിക്കണം. ചുരുങ്ങിയ പക്ഷം അതിനുള്ള തീരുമാനമെങ്കിലും എടുത്തിരിക്കണം. മണവാളന്റെ

കൂടെയുള്ളവരുടെ വിളി കേൾക്കാൻ പാകത്തിന് നമ്മുടെ മനസ്സുകൾ ഭൗതികവസ്തുക്കളിൽ നിന്ന് അകന്ന് ദൈവത്തിൽ ഏകാഗ്രമാക്കിയിരിക്കണം. അതുപോലെ ദൈവികകാര്യങ്ങളിലുള്ള ആലസ്യമായ ഉറക്കച്ചടവില്ലാതെ ഉണർന്നിരിക്കുകയും വേണം. കിട്ടുന്ന അവസരം നഷ്ടപ്പെടുത്തിയാൽ പിന്നെ കിട്ടിയെന്ന് വരില്ല.

ദൈവം വാഗ്ദാനം ചെയ്ത രക്ഷയെപ്പറ്റിയും രക്ഷകനെപ്പറ്റിയും നമുക്ക് ശരിയായ കാഴ്ചപ്പാട് ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. രക്ഷകനെ കണ്ടെത്തുക എന്ന് പറഞ്ഞാൽ നിത്യരക്ഷയ്ക്കുള്ള അഥവാ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കാനുള്ള മാർഗ്ഗം കണ്ടെത്തുക എന്ന് തന്നെയാണ് അർത്ഥം. കർത്താവിന്റെ കൂടെ നടന്ന അവിടുത്തെ ശ്രവിക്കാൻ തയ്യാറാകുക എന്നാണതിനർത്ഥം. തങ്ങളുടെ കൂടെക്കൂടിയ അപരിചിതനെ തുറന്ന ഹൃദയത്തോടെ ശ്രവിക്കാൻ കഴിഞ്ഞപ്പോഴാണ് രക്ഷകനെപ്പറ്റിയുള്ള വിശുദ്ധലിഖിതഭാഗങ്ങൾ എമ്മാവൂസിലേയ്ക്ക് പോയ ശിഷ്യന്മാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുവരെ അവരുടെ മനസ്സുകൾ കേവലം മാനുഷികമായി മാത്രം ചിന്തിക്കുന്നവയായിരുന്നു. ആഗമനകാലത്ത് നമ്മുടെ മനസ്സുകളേയും ഹൃദയങ്ങളേയും രക്ഷകനെ മനസ്സിലാക്കാൻ നമ്മൾ ഒരുക്കേണ്ടിയിരിക്കുന്നു. അതിന് നമ്മുടെ ലൗകികമായ എല്ലാ ചിന്തകളിൽ നിന്നും അവയെ സ്വതന്ത്രമാക്കണം. ഈ ലോകത്തിൽ ഉടക്കിക്കിടക്കുന്ന ഒരു മനസ്സിന് ഒരിക്കലും രക്ഷകനെ കണ്ടെത്താൻ കഴിയുകയില്ല. അതുപോലെ തന്നെ ഈ ലോകത്തിനപ്പുറം ഒന്നുമില്ല എന്ന് ചിന്തിക്കുന്നവർക്കും അത് സാദ്ധ്യമാകുകയില്ല. പാപകരമായ അവസ്ഥയിൽ ജീവിക്കുന്നവർക്ക് ആ അവസ്ഥയിൽ നിന്ന് പാപമോചനശുശ്രൂഷയിലൂടെ വിശുദ്ധിയുടെ വഴിയിലേയ്ക്ക് തിരിയാനുള്ള ആഹ്വാനമാണ് ഈ ആഗമനകാലം തരുന്നത്. വ്യക്തിപരവും കുടുംബപരവും സമൂഹപരവും ആയ എല്ലാ പാപങ്ങളിൽ നിന്നും പിൻതിരിഞ്ഞ് രക്ഷകനെ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം.

എമ്മാവൂസിൽ വച്ച് അപ്പം മുറിക്കൽ ശുശ്രൂഷയിലാണ് കർത്താവിനെ ശിഷ്യന്മാർ തിരിച്ചറിഞ്ഞത്. അതോടെ അവൻ അവരിൽ നിന്ന് അപ്രത്യക്ഷനാകുകയും ചെയ്തു. അതിനർത്ഥമെന്താണ്? ആ അപ്പം മുറിക്കൽ ശുശ്രൂഷ വിശുദ്ധ കുർബാനയെ ആണ് സൂചിപ്പിക്കുന്നത്. എമ്മാവൂസ് സംഭവം വിവരിക്കുന്ന വിശുദ്ധ ലൂക്കാ സുവിശേഷകൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നടന്നിരുന്ന അപ്പം മുറിക്കൽ ശുശ്രൂഷയെ മനസ്സിൽ കണ്ടുകൊണ്ടാണ് ഈ ഭാഗം എഴുതിയത് എന്ന് വ്യക്തമാണ്. അതിലൂടെ അദ്ദേഹം ഒരു കാര്യം ക്രിസ്ത്യാനികളെ അനു

സ്മരിപ്പിക്കുന്നു: ഇനി മുതൽ നിങ്ങൾ രക്ഷകനെ കണ്ടെത്തേണ്ടത് വിശുദ്ധകുർബാനയിലാണ്. നിങ്ങൾ പരസ്പര സ്നേഹത്തിൽ ഒരുമിച്ച് കൂടി അവിടുത്തെ ഓർമ്മയാചരിക്കുകയും അവിടുത്തേപ്പോലെ പ്രവർത്തിക്കാൻ തയ്യാറാകുകയും ചെയ്യുമ്പോഴേ നിങ്ങൾക്ക് രക്ഷകനെ മനസ്സിലായി എന്ന് പറയാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ നിങ്ങൾ യഥാർത്ഥ ക്രിസ്തുശിഷ്യനാകുന്നുള്ളൂ. അങ്ങനെ മാത്രമേ നിങ്ങൾക്ക് കാലിത്തൊഴുത്തിൽ പിറന്ന ശിശുവിനെ രക്ഷകനായി അംഗീകരിക്കാൻ സാധിക്കുകയുള്ളു. ഈ ആഗമനകാലത്ത് നമ്മുടെ പരിശ്രമവും ഇപ്രകാരം ക്രിസ്തുശിഷ്യർക്ക് അനുയോജ്യമായ ഒരു ജീവിതത്തിന്റെ ഉടമകളാകാനാകണം. അങ്ങനെയാണ് നമ്മൾ രക്ഷകനെ സ്വീകരിക്കാൻ നമ്മെത്തന്നെ ഒരുക്കുന്നത്.

രക്ഷനെ തിരിച്ചറിഞ്ഞവരുടെ സന്തോഷമാണ് പുൽക്കൂടും, ക്രിസ്തുമസ് ട്രീയും, ക്രിസ്തുമസ് കാർഡും, ക്രിസ്തുമസ് കരോളും, ക്രിസ്തുമസ് കേക്കും എല്ലാം വിളിച്ചോതുന്നത്. കാർഡും സമ്മാനങ്ങളും കൈമാറുമ്പോൾ ദൈവത്വം കേവലം ഉച്ഛിഷ്ടം പോലെ കരുതി നമ്മേപ്പോലെ മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിന്റെ മനോഭാവം നമ്മൾ സ്വീകരിക്കുകയാണ്. നിർഭാഗ്യവശാൽ ഇവയെല്ലാം ഇന്ന് ഔദ്യോഗികതയുടെ പേരിലുള്ള ഒരു ചടങ്ങായി മാറിയപോലെ തോന്നുന്നു. തന്നെത്തന്നെ നമ്മുടെ ഭക്ഷണമായി തന്ന ക്രിസ്തുവിന്റെ സ്വയം ശൂന്യവത്കരണത്തിനുള്ള മനസ്സില്ലാതെയുള്ള സമ്മാനക്കൈമാറ്റങ്ങൾ അർത്ഥശൂന്യങ്ങളായി മാറുന്നു. മാത്രമല്ല, ലാഭം ലക്ഷ്യമാക്കിയുള്ള വലിയ ബിസിനസ്സ് ആയും ഇവയെല്ലാം മാറിയിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ നാമെല്ലാം അതിൽ പങ്കുകാരാകുകയും ചെയ്യുന്നു. ഈ സ്ഥിതി മാറിയേ പറ്റൂ.

കേരളത്തിൽ ഏറ്റവുമധികം മദ്യം വിറ്റഴിക്കപ്പെടുന്ന ഒരു കാലഘട്ടമാണ് ക്രിസ്തുമസ്. ക്രിസ്തുമസിനെ മദ്യത്തിൽ മുക്കുന്നവർ പറയാതെ പറയുന്ന ഒരു കാര്യമുണ്ട്. ഞങ്ങൾക്ക് സന്തോഷം തരുന്നത് രക്ഷകനായി അവതരിച്ച യേശുക്രിസ്തുവല്ല, നിത്യരക്ഷയിലുള്ള പ്രത്യാശയുമല്ല, പ്രത്യുത മദ്യക്കമ്പനികൾ നിർമ്മിച്ചു നൽകുന്ന വിഷദ്രാവകമാണ്. ക്രിസ്തുമസ്സ് എന്ന് പറയുന്നത് ഞങ്ങൾക്ക് മദ്യം കഴിക്കാനുള്ള ഒരവസരം മാത്രം. പലരും നോമ്പ് കാലത്ത് മദ്യപാനം, പുകവലി തുടങ്ങിയ ദുശ്ശീലങ്ങൾ നിർത്താറുണ്ട്. എന്നാൽ നോമ്പിനു ശേഷം പൂർവ്വാധികം ഊർജ്ജസ്വലതയോടെ അവയിൽ മുഴുകുകയും ചെയ്യുന്നു. ഇതും അർത്ഥശൂന്യമായ അനുഷ്ഠാനമാണ്. മദ്യാസക്തിയും പുകവലി

യുമെല്ലാം അതിൽ തന്നെ തിന്മയാണ് എന്നതിന് പുറമെ, അവ വീട്ടുകാർക്കും നാട്ടുകാർക്കും എല്ലാം ഉതപ്പിനും അസ്വസ്ഥതയ്ക്കും കാരണമാക്കുന്നു എന്ന ചിന്തയുണ്ടാകുകയും അവയിൽ നിന്ന് പരിപൂർണ്ണ മുക്തി നേടുകയും ചെയ്യണം. പിന്നീടത് തുടരാനും പാടില്ല. അപ്പോഴാണ് രക്ഷകനെ സ്വീകരിക്കാൻ നമ്മൾ ഒരുങ്ങി എന്ന് പറയാൻ കഴിയുന്നത്.

നമ്മുടെ സമൂഹത്തിൽ നടമാടുന്ന അഴിമതിയും അക്രമവും അസഹിഷ്ണുതയും മറ്റും രക്ഷകനെ തിരിച്ചറിയാൻ നമുക്ക് കഴിയുന്നില്ല എന്നതിന്റെ അടയാളമാണ്. ഈയടുത്ത കാലത്തായി നമ്മുടെ രൂപതയുടെ ഭൂരിഭാഗവും ഉൾക്കൊള്ളുന്ന വയനാട് ജില്ല കടുവായെ പേടിച്ച് കഴിയുകയാണല്ലോ. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത് എന്ന് നമ്മൾ ആഴത്തിൽ ചിന്തിക്കേണ്ടതാണ്. കാടിനേയും കാട്ടുമൃഗങ്ങളേയും പരിസ്ഥിതിയേയും നമ്മൾ സംരക്ഷിച്ചേ മതിയാകു. കാരണം അവ മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ദൈവം തന്നെ ഈ ഭൂമിയിൽ ഒരു സന്തുലിതാവസ്ഥ നിലനിർത്തിയിട്ടുണ്ട്. അത് നമ്മൾ തകിടം മറിച്ചാൽ പ്രകൃതി തിരിച്ചടിക്കും. അതിന്റെ ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ സൃഷ്ടിയുടെ മകുടം മനുഷ്യനാണ് എന്ന് വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു. അതിനാൽ ഈ പ്രപഞ്ചം നിലകൊള്ളേണ്ടത് മനുഷ്യന്റെ നന്മയ്ക്ക് വേണ്ടിയാണ്. അതിന് വേണ്ടി തന്നെയാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടതും.

എന്നാൽ ഇവിടെ സംഭവിക്കുന്നത് എന്താണ്? മനുഷ്യനെ സംരക്ഷിക്കുക എന്ന പരമമായ ലക്ഷ്യത്തെ മറന്നിട്ട് ചിലരുടെ സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി പരിസ്ഥിതിസംരക്ഷണം എന്ന മഹത്തായ ലക്ഷ്യം വഴി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. ഈ സാഹചര്യങ്ങൾ നമ്മെക്കൊണ്ടെത്തിക്കുന്നത് വലിയ അസമാധാനത്തിലേയ്ക്കും അരാജകത്വത്തിലേയ്ക്കും ആയിരിക്കും. ജനങ്ങളുടെ വോട്ടു നേടി ഭരണത്തിലേറുന്നവരും ഭരണകർത്താക്കളുടെ ആജ്ഞകൾ നടപ്പാക്കുന്ന ഉദ്യോഗസ്ഥവൃന്ദവും ഇവരെയെല്ലാം ചുറ്റിപറ്റി നടക്കുന്ന അണികളും സത്യസന്ധവും സുതാര്യവും അഴിമതിയുടെ കറ പുരളാത്തതുമായ രീതികൾ സ്വീകരിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ പ്രവചനാതീതമായിരിക്കും. ജനങ്ങൾക്ക് പേടി കടുവയെ അല്ല, പ്രത്യുത, കടുവാസംരക്ഷണത്തിന്റെ പേരിൽ തങ്ങളുടെ ജീവിതം നരകതുല്യമാക്കുന്നവരെയാണ്. നമുക്കും ഇതിൽ വലിയൊരു പങ്ക് നിർവ്വഹിക്കാനുണ്ട്. കാരണം മേൽപ്പറഞ്ഞ എല്ലാ വിഭാഗത്തിലും നമ്മുടെ ആളു

കളും ഉണ്ടല്ലോ. ക്രൈസ്തവ വിശ്വാസത്തിനും ധാർമ്മികതയ്ക്കും മൂല്യങ്ങൾക്കും പ്രഥമസ്ഥാനം കൊടുത്തുകൊണ്ട് നാം നമ്മുടെ വിശ്വാസത്തിന് സാക്ഷികളാകണം. നമ്മെ കണ്ടിട്ട് സമൂഹത്തിലെ കുറേപ്പേരെങ്കിലും അതനുകരിക്കും. ഈ ആഗമനകാലം എല്ലാവർക്കും ഒരാത്മശോധനയ്ക്ക് അവസരം നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അടുത്ത് തന്നെ നാം 2012 നോട് വിട പറയുകയും 2013 നെ വരവേൽക്കുകയും ചെയ്യുകയാണല്ലോ. കഴിഞ്ഞ വർഷം ദൈവം നമുക്ക് നൽകിയ എല്ലാ കൃപകൾക്കും അവിടുത്തേയ്ക്ക് നന്ദി പറയാം. അതുപോലെ തന്നെ നമ്മൾക്ക് പറ്റിയ വീഴ്ചകൾക്ക് മാപ്പപേക്ഷിക്കാം. പരാജയങ്ങളിൽ മനസ്സുനൊന്ത് കഴിയാതെ പ്രത്യാശയോടെ മുമ്പോട്ട് പോകാനുള്ള ശക്തി നിങ്ങൾക്കേവർക്കും അവിടുന്ന് പ്രദാനം ചെയ്യട്ടെ.. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവർഷം ആശംസിക്കുന്നു. പോയ വർഷത്തെ പരാജയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് പുതിയ വർഷത്തെ നമുക്ക് വിജയപ്രദമാക്കാം. ഏവർക്കും സന്തോഷകരവും ദൈവാനുഗ്രഹപ്രദവുമായ ആഗമനകാലവും ക്രിസ്തുമസ്സും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 നവംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2012 ഡിസംബർ മാസം 9–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 07/2012***
***Prot. No. 12940/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ആഹ്വാനപ്രകാരം ഈ വർഷം വിശ്വാസവർഷമായി നാം ആചരിക്കുകയാണല്ലൊ. നമ്മൾ എന്താണ് വിശ്വസിക്കുന്നത് എന്ന് വ്യക്തമായി മനസ്സിലാക്കാനും അത് ജീവിക്കാനുമുള്ള വർഷമായിട്ടാണ് പരിശുദ്ധ പിതാവ് ഈ വർഷത്തെ വിഭാവനം ചെയ്തിട്ടുള്ളത്. നമ്മൾ വിശ്വസിക്കുന്ന കാര്യം മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതും ഏറെ പ്രധാനപ്പെട്ടതാണ്. അതിനാണ് നമ്മൾ മിഷനറി പ്രവർത്തനം എന്ന് പറയുന്നത്. എല്ലാവരും അവരവരുടേതായ തലങ്ങളിൽ മിഷണറിമാരാണ്. എന്നാൽ ഇതൊരു ജീവിതദൗത്യമായി സ്വീകരിച്ചിട്ടുള്ളവരെ നാം പ്രത്യേകമായി പരിഗണിക്കുന്നു. ഇന്ത്യയിലും ഇന്ത്യയ്ക്കുപുറത്തും ധാരാളം പേർ മിഷണറിമാരായിട്ടുണ്ട്. അവരെ നമ്മുടെ പ്രാർത്ഥനകൊണ്ടും സാമ്പത്തികസഹായം കൊണ്ടും പിൻതുണയ്ക്കേണ്ടതുണ്ട്. ഒക്ടോബർ മാസത്തിൽ നമ്മൾ മിഷൻ ഞായർ ആചരിച്ചല്ലോ. ഒരു വ്യക്തിഗത സഭയെന്ന നിലയിൽ സീറോ മലബാർ സഭ മറ്റൊരു ദിവസവും മിഷൻ ദിനമായി ആചരിക്കുന്നുണ്ട്. കാരണം ഓരോ വ്യക്തിഗത സഭയ്ക്കും സുവിശേഷപ്രവർത്തനങ്ങൾ നടത്താൻ കടമയുണ്ട്. സുവിശേഷ പ്രവർത്തനമില്ലാത്ത ഒരു സഭയ്ക്ക് നിലനിൽപ്പില്ല. ക്രൈസ്തവ ജീവിതവുമില്ല.

ഛാന്ദാ, അഡീലാബാദ്, സാത്ന, സാഗർ, ജഗദൽപ്പൂർ, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പ്പൂർ, ഉജ്ജൈൻ, കല്യാൺ, ഫരീദാബാദ് എന്നിങ്ങനെ പതിനൊന്ന് മിഷൻ രൂപതകൾ സീറോ മലബാർ സഭയ്ക്കുണ്ട്. ഏതാണ്ട് അതേ പ്രകൃതിയിൽ തന്നെ ഉള്ളവയാണ് ബെൽത്തങ്ങാടി, രാമനാഥപുരം, മണ്ഡ്യ, ഭദ്രാവതി, തക്കലെ എന്നീ രൂപതകളും. ഈ രൂപതകളെ എല്ലാ തരത്തിലും സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. അവിടേയ്ക്കെല്ലാം വൈദികരാകാൻ നമ്മുടെ കുടുംബങ്ങളിൽ നിന്ന് കുട്ടികളെ നമ്മൾ പ്രോത്സാഹിപ്പിക്കണം. കാരണം വൈദികരില്ലാതെ രൂപതകൾക്ക് നിലനിൽക്കാൻ പറ്റുകയില്ല. കത്തോ

ലിക്കരുടെ എണ്ണം വളരെ പരിമിതമായ ഈ രൂപതകളിൽ നിന്ന് വൈദിക ജീവിതത്തിലേയ്ക്ക് ആവശ്യത്തിന് അർത്ഥികളെ കിട്ടാൻ ഇനിയും വർഷങ്ങൾ കാത്തിരിക്കണം.

അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് നമ്മുടെ പ്രാർത്ഥനയും. ഈ രൂപതകളിൽ പ്രവർത്തിക്കുന്നവർക്ക് ഏറെ പ്രതിസന്ധികൾ നേരിടേണ്ടതുണ്ട്. അതിനെല്ലാം അവർക്ക് ശക്തി കിട്ടുന്നതിനായി നിരന്തരം നമ്മൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കണം.

സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഈ രൂപതകളെല്ലാം അനുഭവിക്കുന്നുണ്ട് എന്ന് പറയേണ്ടതില്ലല്ലോ. അക്കാര്യത്തിലും നമ്മുടെ നിർലോഭമായ സഹകരണം ഉണ്ടാകണം. നമ്മുടെ രൂപതയിലെ ഒട്ടുമിക്ക ഇടവകപ്പള്ളികളും പള്ളി മുറികളും, സൺഡേസ്കൂൾ കെട്ടിടങ്ങളും പണിയാൻ വിദേശത്തുള്ള കത്തോലിക്കരുടെ സംഭാവന കിട്ടിയിട്ടുണ്ട് എന്ന് നിങ്ങൾക്കറിയാം. അവരാരും വലിയ പണക്കാരോ പണം മിച്ചമുള്ളവരോ ആയതുകൊണ്ടല്ല, പ്രത്യുത അവരുടെ കത്തോലിക്കാ വിശ്വാസം അവർ ഗൗരവത്തോടെ കാണുന്നതുകൊണ്ടാണ് തങ്ങളുടെ ദാരിദ്ര്യത്തിൽ നിന്ന്പോലും നമുക്ക് വേണ്ടി സഹായം നൽകിയത്. കാരണം മറ്റൊന്നുമല്ല, പങ്ക് വയ്ക്കാത്ത വിശ്വാസം കത്തോലിക്കാ വിശ്വാസമല്ല. നമുക്ക് മിച്ചമുണ്ടായിട്ട് കൊടുക്കാം എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അവർക്ക് തെറ്റിപ്പോയി എന്ന് പറയണം. എത്ര ഉണ്ടായാലും നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ പറ്റുകയില്ല. മാത്രമല്ല, കൂടുതൽ പണം ഉണ്ടാകുന്നതനുസരിച്ച് കൂടുതൽ ചെലവുകൾ നമ്മൾ കണ്ടെത്തും എന്നതാണ് അനുഭവം.

നമ്മുടെ മിഷണറിമാരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണെന്ന് മുകളിൽ പറഞ്ഞല്ലോ. ഇതിനുള്ള ചില പ്രായോഗികമാർഗ്ഗങ്ങളെക്കുറിച്ച് 2011 ഓഗസ്റ്റ് മാസത്തിൽ ചേർന്ന മെത്രാൻ സിനഡ് ചർച്ച ചെയ്യുകയുണ്ടായി. ആളുകൊണ്ടും പ്രാർത്ഥനകൊണ്ടുമുള്ള സഹായത്തിന് പുറമെ ഒരു മിഷൻ ഫണ്ട് രൂപീകരിക്കുക എന്ന ആശയമാണ് സിനഡിൽ തീരുമാനിക്കപ്പെട്ടത്. അതിനായി Association of the Supporters of the Syro-Malabar Mission (ASSM) എന്ന പേരിൽ ഒരു സംഘടനയും ഉണ്ടാക്കി. ഞാൻ മുകളിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ ഇടവകകൾക്കും മറ്റും വിദേശത്ത് നിന്ന് സഹായം എത്തിക്കുന്ന സംഘടനകളുടെ രീതിയിലുള്ള ഒന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കാക്കനാട് നമ്മുടെ ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ സംഘടനയുടെ ഓഫീസ് തുറന്ന് പ്രവർത്തനവും ആരംഭിച്ചു കഴിഞ്ഞു. ഗുജറാത്തിലുള്ള രാജ്ക്കോട്ട് രൂപതയുടെ മെത്രാനായിരുന്ന അഭിവന്ദ്യ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവാണ് മിഷൻ ഫണ്ട് സമാഹരണത്തി

നായി നിയോഗിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തോടൊപ്പം മറ്റ് ഏതാനും പേരും ഈ സംരംഭത്തിൽ സേവനം ചെയ്യുന്നുണ്ട്. ഈ കാര്യമെല്ലാം അറിയിച്ചുകൊണ്ടും നമ്മുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും മേജർ ആർച്ച്ബിഷപ്പ് അയച്ച സർക്കുലർ ഏതാനും മാസങ്ങൾക്ക് മുമ്പ് നമ്മുടെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഇടവകകളിൽ വികാരിയച്ചന്മാർ അത് വായിച്ചിട്ടുണ്ടാകും എന്ന് വിശ്വസിക്കുന്നു. ഫണ്ട് സമാഹരണത്തിന്റെ പുരോഗതി അറിയിക്കുവാനും സംഭാവന തരുന്നവരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്താനും മറ്റുമായി St.Thomas Mission എന്ന പേരിൽ മൂന്ന് മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന ഒരു ബുള്ളറ്റിനും ആരംഭിച്ചിട്ടുണ്ട്.

ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചാണ് മിഷൻ ഫണ്ട് സമാഹരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനായി അഭിവന്ദ്യ ഗ്രിഗറി പിതാവോ അദ്ദേഹത്തോടൊപ്പം സേവനം ചെയ്യുന്നവരോ ഓരോ ഇടവകയും സന്ദർശിക്കുക എന്നാണ് തീരുമാനിച്ചിട്ടുള്ളത്. ചില രൂപതകളിലെ ഇടവകകൾ ഇതിനോടകം അവർ സന്ദർശിച്ചു കഴിഞ്ഞു. നമ്മുടെ രൂപതയിലും അവർ സന്ദർശനം നടത്താൻ ആഗ്രഹിക്കുന്നു എന്ന് എന്നെ അറിയിച്ചിട്ടുണ്ട്. സമയം അവർ തന്നെ നേരിട്ട് ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ അറിയിച്ചുകൊള്ളും. അവർ അക്കാര്യം അറിയിക്കുമ്പോൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ആവശ്യമായ സഹകരണവും സഹായവും കൊടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നിന്നും കവറുകൾ ഇടവകയിൽ എത്തിക്കുന്നതനുസരിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൈ എടുത്ത് സംഭാവനകൾ സമാഹരിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കണം.

മേൽവിലാസം: Secretary, Association of the Supporters of the Syro-Malabar Mission (ASSM), Mount St.Thomas, PB No.3110, Kakkanad P.O., Kochi 682 030. തുകകൾ ചെക്കായി മേൽപ്പറഞ്ഞ വിലാസത്തിൽ എഴുതി അയച്ചാൽ മതി. ഇടവകയിൽ സമാഹരിക്കപ്പെടുന്ന തുകയുടെ അഞ്ച് (5) ശതമാനം അതാത് ഇടവകകളുടെ ആവശ്യത്തിനായി എടുക്കാവുന്നതാണ്. ബാക്കി അയച്ചുകൊടുത്താൽ മതിയാകും. കൊടുക്കുന്ന എല്ലാ തുകയ്ക്കും രസീത് കിട്ടുന്നതും പേരുവിവരം മുകളിൽ പറഞ്ഞ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. ഈ ബുള്ളറ്റിൻ ഇടവകകളിൽ എത്തിക്കുമ്പോൾ അവ വീടുകളിൽ എത്തിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ദയവായി ശ്രദ്ധിക്കണേ.

ഒരു കുടുംബത്തിൽ നിന്ന് ഒരു വർഷം ചുരുങ്ങിയത് 200 രൂപയും സ്ഥാപനങ്ങളിൽ നിന്ന് ചുരുങ്ങിയത് 500 രൂപയും കൊടുക്കണം എന്നാണ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ ആഗ്രഹം. എല്ലാ വർക്കും അത്രയും കൊടുക്കാൻ പറ്റിയെന്ന് വരില്ല. എങ്കിലും കഴിവുള്ള എല്ലാവരും കൊടുക്കണം. എന്ന് തന്നെയല്ല, എല്ലാവർക്കും കൊടുക്കാൻ സാധിക്കുകയില്ലാത്തതുകൊണ്ട് കഴിവുള്ളവർ കഴിവില്ലാത്തവർക്ക് വേണ്ടി കൂടി കൊടുക്കുന്നത് നല്ലതാണ് എന്നും സൂചിപ്പിക്കട്ടെ.

നമ്മുടെ ഇടവകകളിൽ നിന്ന് വർഷാവർഷം ധാരാളം ഉദ്ദേശ്യ ങ്ങൾക്കായി സംഭാവനകൾ ശേഖരിക്കാറുണ്ട്. ഒരു പരിധി വരെ അത് ഇടവകക്കാർക്കും ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട് എന്ന വസ്തുതയും ഞാൻ മനസ്സിലാക്കുന്നു. എങ്കിലും ഇക്കാര്യത്തിൽ നിങ്ങളുടെ സവിശേഷ ശ്രദ്ധ ഉണ്ടാകും എന്ന് ഞാൻ വിശ്വസിക്കുകയാണ്. കൊടുക്കുന്നവർക്ക് വീണ്ടും വീണ്ടും കർത്താവ് കൊടുക്കും എന്നത് തർക്കമറ്റ സംഗതിയാണ്. നിങ്ങൾ കൊടുക്കുന്ന ഓരോ പൈസയും ദൈവാനുഗ്രഹമായി നിങ്ങൾക്ക് തന്നെ തിരികെ കിട്ടും. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 നവംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2012 ഡിസംബർ മാസം 16-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**